# അത് സഹിക്കാകുന്നവൻ ആർ?

പ്രൊഫ. എം. വൈ.  യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി -  682 311

# അത് സഹിക്കാകുന്നവൻ ആർ?

**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി - 682 311, കേരളം.

ഫോൺ: (0484) 2689489, 2689889

●

Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി - 682 311

●

DTP

MANESH, MAAS CREATIONS, COCHIN

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

PRINTED AT

BETHESDA PRINTERS PVT. LTD.
EDAPPALLY

●

*copy right reserved*

●

# ഉപോദ്ഘാതം

ജാതിമത സമുദായ ഭേദമെന്യേ, കാലദേശഭേദമെന്യേ, മനുഷ്യർക്ക് പൊതുവായ ചില കാര്യങ്ങളുണ്ട്, ജീവിതത്തിൽ ദുരിതങ്ങൾ, പ്രശ്നങ്ങൾ, ആകുലങ്ങൾ മുതലായ കഷ്ടതകൾ. എല്ലാവർക്കും ഉള്ളതാണ് മരണം. ദേഹവും ദേഹിയും ആത്മാവും എല്ലാവർക്കുമുണ്ട്. ദേഹത്തിൽ നിന്ന് ദേഹി വേർപിരിഞ്ഞാൽ ആത്മാവ് പിന്നെയും ഉണ്ട്. ആത്മാവിന് നിത്യതയുണ്ട്. നിത്യത ഒന്നുകിൽ സ്വർഗ്ഗം, അല്ലെങ്കിൽ മരണം.

ദേഹത്തിൽ ദേഹി വസിക്കുമ്പോൾ പലതരത്തിലുള്ള യാതനകളെ നേരിടേണ്ടി വരും. അവയെ Positive ആയി അഭിമുഖീകരിക്കുന്നവരുണ്ട്. Negative ആയി അഭിമുഖീകരിക്കുന്നവരുമുണ്ട്. അതാണ് 19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന James Russell Lowell പറഞ്ഞത്.

Mishaps are like knives
That either serve us or cut us,
As we grasp them
by the blade or the handle

"അനിഷ്ട സംഭവങ്ങൾ കത്തിപോലെയാണ്. അതിന്റെ വായ്ത്തലയിലാണോ പിടിയിലാണോ നാം പിടിക്കുന്നത് എന്നതനുസരിച്ച് അത് നമ്മെ മുറിവേല്പിക്കുകയോ ശുശ്രൂഷിക്കുകയോ ചെയ്യുന്നു."

യാതനകളെയും ജീവിതത്തിൽ വരുന്ന ചുഴലിക്കാറ്റുകളെയും പുഞ്ചിരിയോടെ നേരിടാൻ സാധിക്കുന്നത് ഒരപൂർവ്വാനുഗ്രഹമാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മഹാനായ തോമസ് കാർലൈൽ പറഞ്ഞു :

"Give me a man who sings at his work."

ഒരു കല്ലാശാരിയുടെ മകനായി സ്കോട്ട്ലൻഡിൽ ജനിച്ച തോമസ് കാർലൈൽ പോക്കറ്റിൽ ഒരു ഷില്ലിംഗുമായിട്ടാണ് എഡിൻ ബറോയിലേക്ക് പഠിക്കാൻ പോയത്. ഇംഗ്ലീഷ് സാഹിത്യത്തിലെ "Apostle of tough mindedness" എന്ന് അദ്ദേഹം വിളിക്കപ്പെടുവാൻ കാരണം ജീവിതത്തിൽ തോറ്റുകൊടുക്കാൻ അദ്ദേഹം വിസമ്മതിച്ചതാണ്. (He refused to be defeated.)

മരണശേഷം ഒരു നിത്യതയുണ്ട് എന്നറിയുന്ന മനുഷ്യൻ ആ നിത്യതയുടെ സൗഭാഗ്യ ജീവിതത്തിനു വേണ്ടി ഒരുങ്ങും. നിത്യതയുടെ മഹത്വകരമായ ശോഭന തീരത്തേക്ക് എതിരേറ്റു കൊണ്ട് പോകുവാൻ നിത്യതയുടെ നായകനായ ക്രിസ്തു വീണ്ടും വരും. ക്രിസ്തുവിന്റെ പുനരാഗമനത്തിനു മുമ്പുള്ള ലക്ഷണങ്ങൾ കണ്ടു തുടങ്ങിയതുകൊണ്ട് നാം അതിവേഗം ഉണരുകയും ഒരുങ്ങുകയും ചെയ്യണം.

ചുരുക്കത്തിൽ ഐഹിക ജീവിതത്തിൽ, കൊടുങ്കാറ്റിന്റെ മദ്ധ്യത്തിൽ സമാധാനം, പാരത്രിക ജീവിതത്തിൽ ക്രിസ്തുവിനോടൊത്ത് ശാശ്വത സ്വർഗ്ഗ മഹാഭാഗ്യം – ഈ ലക്ഷ്യം

മുൻനിറുത്തിയാണ് ഈ ഗ്രന്ഥം രചിച്ചത്. പ്രാർത്ഥനാപൂർവ്വം ഇത് വായിച്ചാൽ നിങ്ങൾക്ക് ഇത് ജീവിതത്തിന്റെ നിർണ്ണായകമായ ഒരു വഴിത്തിരിവായിരിക്കും എന്ന് ഞാൻ വിശ്വസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഈ പുസ്തകത്തിന്റെ ഡിറ്റിപി, അച്ചടി മുതലായ അനേക കാര്യങ്ങളിൽ എന്നെ സഹായിച്ച എന്റെ ആത്മീയ സഹോദരങ്ങളോടും സുഹൃത്തുക്കളോടും നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഞാനീ ആമുഖ കുറിപ്പുകൾ നിറുത്തട്ടെ.

നിങ്ങളുടെ സ്വന്തം

**എം.വൈ. യോഹന്നാൻ**

## ഒന്ന്

മെത്തോഡിസ്റ്റ് പ്രസ്ഥാനത്തിന്റെ സ്ഥാപകനായ ജോൺ വെസ്ലി പറഞ്ഞു :

"The Church has nothing to do, but to save souls. Therefore, spend and be spent in his work.

ആത്മാക്കളെ രക്ഷിക്കുകയല്ലാതെ സഭയ്ക്ക് മറ്റൊന്നും ചെയ്യാനില്ല. ആകയാൽ ക്രിസ്തുവിന്റെ വേലയ്ക്ക് വേണ്ടി ചെലവു ചെയ്യുക, ചെലവാക്കപ്പെടുകയും ചെയ്യുക."

"മനുഷ്യപുത്രൻ വരുമ്പോൾ വിശ്വാസം കണ്ടെത്തുമോ" എന്ന് കർത്താവായ യേശുക്രിസ്തു പറഞ്ഞ കാലത്ത് ഇന്ന് മനുഷ്യ സമൂഹം എത്തിച്ചേർന്നിരിക്കയാണ്. സത്യ ദൈവവി ശ്വാസം നഷ്ടപ്പെടുകയും അന്ധവിശ്വാസവും അബദ്ധജടില മായ ആചാരങ്ങളും വ്യർത്ഥമായ അനുഷ്ഠാനങ്ങളും മാത്രം കൊണ്ട് മനുഷ്യ ചേതന സംതൃപ്തമാവുകയും ചെയ്യുന്ന ഒരു ഭീകരമായ കാലയളവ്! സഭകളും മതങ്ങളും സമുദായ

ങ്ങളും പരസ്പരം പോരടിച്ചും സനാതന മൂല്യങ്ങളെ മറന്നും കഴിയുന്ന ഒരു കാലഘട്ടം! സാത്താന്യമതം, മയക്കുമരുന്ന്, കഞ്ചാവ്, ബ്ലൂഫിലിം, ഭീകരാക്രമണങ്ങൾ, കവർച്ചകൾ മുതലായവ മനുഷ്യ ഹൃദയങ്ങളെ മലീമസമാക്കിയിരിക്കുന്ന ഭീതിദമായ ദശാവിശേഷം!

ഈ കാലഘട്ടത്തെക്കുറിച്ച് യേശുക്രിസ്തു പ്രവചിച്ചിട്ടുള്ള ഭാഗങ്ങൾ പ്രത്യേകം പരിഗണനാർഹമാണ്. ശിഷ്യന്മാർ ക്രിസ്തുവിന്റെ പുനരാഗമനത്തിനും ലോകാവസാനത്തിനും അടയാളമെന്തെന്ന് പറഞ്ഞു തരേണം എന്നു ചോദിച്ചപ്പോൾ കർത്താവ് പറഞ്ഞു :

> "ആരും നിങ്ങളെ തെറ്റിയ്ക്കാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ. ഞാൻ ക്രിസ്തു എന്ന് പറഞ്ഞു അനേകർ എന്റെ പേരെടുത്തു വന്ന് പലരെയും തെറ്റിക്കും. നിങ്ങൾ യുദ്ധങ്ങളെയും യുദ്ധ ശ്രുതികളെയും കുറിച്ച് കേൾക്കും, ചഞ്ചലപ്പെടാതിരിപ്പാൻ, സൂക്ഷിച്ചുകൊൾവിൻ, അത് സംഭവിക്കേണ്ടതു തന്നെ, എന്നാൽ അത് അവസാനമല്ല, ജാതി ജാതിയോടും, രാജ്യം രാജ്യത്തോടും എതിർക്കും, ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും. എന്നാൽ ഇതൊക്കെയും ഈറ്റുനോവിന്റെ ആരംഭമത്രേ. അന്നു അവർ നിങ്ങളെ ഉപദ്രവത്തിന് ഏല്പിക്കുകയും കൊല്ലുകയും ചെയ്യും, എന്റെ നാമം നിമിത്തം സകല ജാതികളും നിങ്ങളെ പകയ്ക്കും. പലരും ഇടറി അന്യോന്യം ഏല്പിച്ചു കൊടുക്കയും അന്യോന്യം പകയ്ക്കുകയും ചെയ്യും. കള്ള പ്രവാചകന്മാർ പലരും വന്ന് അനേകരെ തെറ്റിക്കും. അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം

തണുത്തുപോകും. എന്നാൽ അവസാനത്തോളം സഹിച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും.”
മത്തായി 24 : 4 – 13

BC 750 ൽ യെശയ്യാ പ്രവാചകൻ രേഖപ്പെടുത്തി.

അന്ത്യനാളിൽ :

“അതു ഒരു ക്ഷണമാത്രകൊണ്ട് പെട്ടെന്ന് സംഭവിക്കും. ഇടി മുഴക്കത്തോടും ഭൂകമ്പത്തോടും മഹാ നാദത്തോടും കൂടെ ചുഴലിക്കാറ്റും കൊടുങ്കാറ്റും ദഹിപ്പിക്കുന്ന അഗ്നിജ്വാലയുമായി അത് സൈന്യങ്ങളുടെ യഹോവയാൽ സന്ദർശിക്കപ്പെടും.”
യെശയ്യാ 29 : 5 – 6

“ക്ഷാമവും ഭൂകമ്പവും അവിടവിടെ ഉണ്ടാകും.” വി. മത്തായി 24 : 7, എന്ന് ക്രിസ്തു അരുളിച്ചെയ്തതിനു ശേഷം കഴിഞ്ഞ 20 നൂറ്റാണ്ടുകളിലായി എത്രയോ ക്ഷാമങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായി! ഇന്ന് ലോകമെമ്പാടും നൂറ്റമ്പത് കോടി ആളുകൾ ക്ഷാമത്താൽ വലയുന്നവരാണ്.

ഒരാണ്ടിൽ ആറു കോടിയിലേറെ ആളുകൾ ക്ഷാമത്തിന്റെ കെടുതി മൂലമുണ്ടാകുന്ന രോഗങ്ങളാലാണ് മരിക്കുന്നത്.

ഇന്ത്യയിൽ ആയിരത്തി ഒരുന്നൂറുപേർ ഒറ്റ ദിവസം പട്ടിണി കൊണ്ട് മരിക്കുന്നതായി ഹിന്ദുസ്ഥാൻ ടൈംസ് റിപ്പോർട്ടു ചെയ്തു.

ലോകജനസംഖ്യയിൽ 80 ശതമാനം പേർക്ക് ആവശ്യമായ പോഷകാഹാരം ലഭിക്കുന്നില്ല. 10 ശതമാനം പേർ പട്ടിണിയിലുമാണ്. ക്ഷാമത്തിന്റെ കെടുതിയെക്കുറിച്ച് ബൈബിൾ

പ്രവചിക്കുന്നുണ്ട് :

> "ഒരുത്തൻ വലതുഭാഗം കടിച്ചു പറിച്ചിട്ടും വിശന്നിരിക്കും, ഇടത്തുഭാഗവും തിന്നും, തൃപ്തി വരികയുമില്ല, ഓരോരുത്തൻ താന്താന്റെ ഭുജ ത്തിന്റെ മാംസം തിന്നുകളയുന്നു." യെശ. 9 : 20

ആഫ്രിക്കൻ രാജ്യങ്ങൾ, വടക്കൻ കൊറിയ, ചൈന മുത ലായ രാജ്യങ്ങളിൽ പല ഭാഗങ്ങൾ പട്ടിണിയിൽ അമർന്നി രിക്കുകയാണ്. കേരളത്തിലും ഈ അടുത്തകാലത്ത് ധാന്യ വില കുത്തനെ ഉയർന്നിരിക്കുകയാണ്.

ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്ക് കടന്നപ്പോൾ തന്നെ, 2001 ജനുവരി 26-ാം തീയതി, ഗുജറാത്തിലുണ്ടായ ഭൂകമ്പം, എന്തെന്ത് കെടുതികളാണ് വരുത്തിയത്! 2004 ഡിസംബറിലു ണ്ടായ സുനാമിത്തിരകളുടെ ആക്രമണം ഇന്നും ഓർമ്മയിൽ നടുക്കമുളവാക്കുന്നു. 2002 ൽ ലോസ് ആഞ്ചലീസിൽ ഒരു ദിവസം 18 ഭൂകമ്പങ്ങളുണ്ടായി. ഭാരതത്തിൽ ലത്തൂരിലും കേരളത്തിൽ പലസ്ഥലങ്ങളിലും ഭൂകമ്പങ്ങളും വൻ നാശ ങ്ങളും ഉണ്ടായത് മറക്കാറായിട്ടില്ല.

ക്രിസ്തുവിന് 750 കൊല്ലം മുമ്പ് യെശയ്യാ പ്രവാചകൻ രേഖപ്പെടുത്തി :

> "ഭൂവാസിയേ, പേടിയും കുഴിയും കണിയും നിനക്ക് നേരിട്ടിരിക്കുന്നു. പേടികേട്ട് ഓടിപ്പോകു ന്നവൻ കുഴിയിൽ വീഴും, കുഴിയിൽ നിന്ന് കയ റുന്നവൻ കണിയിൽ അകപ്പെടും, ഉയരത്തിലെ കിളി വാതിലുകൾ തുറന്നിരിക്കുന്നു, ഭൂമിയുടെ അടിസ്ഥാനങ്ങൾ കുലുങ്ങുന്നു. ഭൂമി പൊടുപൊടെ പൊട്ടുന്നു, ഭൂമി കിറുകിറെ കീറുന്നു, ഭൂമി കിടു

കിട കിടുങ്ങുന്നു. ഭൂമി മത്തനെപ്പോലെ ചാഞ്ചാടുന്നു, കാവൽമാടം പോലെ ആടുന്നു. അതിന്റെ അകൃത്യം അതിന്മേൽ ഭാരമായിരിക്കുന്നു...."

യെശ. 24 : 17 – 20

ആദിമ കാലത്ത് മനുഷ്യന്റെ പാപം മൂലം ജലപ്രളയം ഉണ്ടായി.

"ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയ വിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളതത്രേ എന്നും യഹോവ കണ്ടു. താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുക കൊണ്ട് യഹോവ അനുതപിച്ചു അത് അവന്റെ ഹൃദയത്തിന് ദുഃഖമായി: ഞാൻ സൃഷ്ടിച്ചിട്ടുള്ള മനുഷ്യനെ ഭൂമിയിൽ നിന്ന് നശിപ്പിച്ചു കളയും." ഉല്പത്തി 6 : 5 – 7

അകൃത്യം മൂലം കെടുതികൾ വരുമെന്ന് തിരുവചനം വ്യക്തമായി പറയുന്നു.

"ഞാൻ ഭൂതലത്തെ ദോഷം നിമിത്തവും ദുഷ്ടന്മാരെ അവരുടെ അകൃത്യം നിമിത്തവും സന്ദർശിക്കും, അഹങ്കാരികളുടെ ഗർവ്വത്തെ ഞാൻ ഇല്ലാതാക്കും, ഉഗ്രന്മാരുടെ നിഗളത്തെ താഴ്ത്തും."

യെശ. 13 : 11

1987 മുതൽ 1998 വരെ റിക്ടർ സ്കെയിലിൽ 5 – ൽ കൂടുതൽ തീവ്രതയുള്ള 939 വലിയ ഭൂകമ്പങ്ങളുണ്ടായി. അവ മൂലം 127582 പേർ മരിച്ചു. 1999 – ൽ ടർക്കിയിൽ തന്നെയുണ്ടായ ഭൂകമ്പത്തിൽ 75000 ത്തിൽ അധികം ആളുകൾ മരിച്ചു. 2002 – ൽ ഭൂകമ്പത്തിൽ 1711 പേരും 2003 ൽ 48819

പേരും മരിച്ചു.

ഏറ്റവും കൂടുതൽ നാശം കൊയ്ത ഭൂകമ്പങ്ങൾ ചൈനയിലാണുണ്ടായത്. 1556 ഫെബ്രുവരി 2നുണ്ടായ ഭൂകമ്പത്തിൽ 830000 ആളുകളും 1976 ജൂലൈ 28ന് 65000 പേരും കൊല്ലപ്പെട്ടു.

ഭൂകമ്പങ്ങളും അഗ്നിപർവ്വത സ്ഫോടനങ്ങളും എക്കാലത്തും മനുഷ്യന്റെ പേടി സ്വപ്നമായിരുന്നു. തിരുവചനത്തിൽ അവ എല്ലാം മുൻകൂട്ടി പറഞ്ഞിട്ടുണ്ട്.

> "യഹോവ തന്റെ സ്ഥലത്തുനിന്ന് പുറപ്പെട്ട് ഇറങ്ങി ഭൂമിയുടെ ഉന്നതികളിന്മേൽ നടകൊള്ളുന്നു. തീയുടെ മുമ്പിൽ മെഴുകു പോലെയും കിഴുക്കാംതൂക്കത്തിൽ ചാടുന്ന വെള്ളം പോലെയും പർവ്വതങ്ങൾ അവന്റെ കീഴിൽ ഉരുകുകയും താഴ്‌വരകൾ പിളർന്നു പോകയും ചെയ്യുന്നു. മീഖാ. 1 : 3 – 4
>
> "അവന്റെ മുമ്പിൽ പർവ്വതങ്ങൾ കുലുങ്ങുന്നു, കുന്നുകൾ ഉരുകിപ്പോകുന്നു. അവന്റെ സന്നിധിയിൽ ഭൂമി ഞെട്ടിപ്പോകുന്നു. മഹീതലവും അതിലെ സകല നിവാസികളും തന്നേ. ....അവന്റെ ക്രോധം തീപോലെ ചൊരിയുന്നു. പാറകൾ അവനാൽ പിളർന്നു പോകുന്നു." നഹൂം 1 : 5
>
> "ഭൂമിയിൽ നിന്ന് ആഹാരം ഉണ്ടാകുന്നു, അതിന്റെ അധോഭാഗം തീകൊണ്ടെന്ന പോലെ മറിയുന്നു." ഇയ്യോബ് 28 : 5
>
> "പർവ്വതങ്ങൾ മുട്ടാടുകളെപ്പോലെയും കുന്നുകൾ കുഞ്ഞാടുകളെപ്പോലെയും തുള്ളി."
> സങ്കീ 114 : 4

യെശയ്യാ പ്രവചനം 29 : 6 ൽ കാണുന്ന പ്രകാരം അന്തിമകാല ലക്ഷണങ്ങളിലൊന്നാണ് ചുഴലിക്കാറ്റും കൊടുങ്കാറ്റും. ക്രിസ്തുവിന് 700 വർഷം മുമ്പ് – ഉദ്ദേശം 2700 വർഷം മുമ്പ് – നഹൂം പ്രവാചകൻ എഴുതി.

> അവൻ "ഒരിക്കലും ശിക്ഷിക്കാതെ വിടുകയില്ല. യഹോവയുടെ വഴി ചുഴലിക്കാറ്റിലും കൊടുങ്കാറ്റിലും ഉണ്ട്." നഹൂം 1 : 3

യെശയ്യാവ് പ്രവചിച്ചു :

> "യഹോവ തന്റെ കോപത്തെ ഉഗ്രതയോടും തന്റെ ശാസനയെ അഗ്നിജ്വാലകളോടും കൂടെ നടത്തുവാൻ അഗ്നിയിൽ പ്രത്യക്ഷമാകും, അവന്റെ രഥങ്ങൾ ചുഴലിക്കാറ്റു പോലെയിരിക്കും."
> യെശ. 66 : 15

1999 ഒക്ടോബറിൽ ഒറീസ്സാ തീരത്ത് വീശിയടിച്ച ചുഴലിക്കാറ്റ് 250 കിലോമീറ്റർ വേഗതയിൽ സംഹാര താണ്ഡവമാടി.

ഇന്ത്യയിൽ കുഷ്ഠരോഗികളെ ശുശ്രൂഷിക്കുന്നതിനു ജീവിതം വേർതിരിച്ച ഗ്രഹാം സ്റ്റെയിംസിനെയും രണ്ടു പിഞ്ചു കുഞ്ഞുങ്ങളെയും ചുട്ടുകൊന്ന ഒറീസ്സയെ തകർത്തെറിഞ്ഞ ചുഴലിക്കാറ്റ് സുവിശേഷ വിരോധികൾക്കൊരു താക്കീതാണ്.

മരണ സംഖ്യ 25000 – ത്തിലേറെ. 24000 ച. കിലോമീറ്റർ സ്ഥലത്ത് ആഞ്ഞു വീശിയ ചുഴലിക്കാറ്റ് പത്തോളം ജില്ലകളെ തകർത്തുവാരി. "ഒറീസ്സയ്ക്ക് ഏഴായിരം കോടി രൂപയുടെ നഷ്ടമുണ്ടായി. ശയ്യാവലംബികളും രോഗികളുമായി മാറിയ ഒരു കോടി ജനതയ്ക്കെങ്കിലും ഭക്ഷണവും മരുന്നും

നൽകണം. മൂന്നുലക്ഷത്തിലേറെ വീടുകൾ പുനർനിർമ്മിക്കണം" എന്നായിരുന്നു പത്രറിപ്പോർട്ട്.

സുനാമി കൊടുങ്കാറ്റും കരയെ കടലാക്കിയ സുനാമിത്തിരകളും കേരളീയരുടെ മനസ്സിൽ നീറിപ്പിടിച്ച വേദനയായി ഇന്നും പടർന്നു കയറുന്നു. തികച്ചും അപ്രതീക്ഷിതമായി ലക്ഷക്കണക്കിന് മനുഷ്യ ജീവിതങ്ങളെയല്ലേ കടൽ വിഴുങ്ങിയത്!

അമേരിക്കയിൽ ജൂൺ മുതൽ നവംബർ വരെയുള്ള കാലം ചുഴലി ക്കൊടുങ്കാറ്റിന്റെ സംഹാര കാലമാണ്. മൂവായിരത്തിലേറെ വർഷം മുമ്പ് ജ്ഞാനികളിൽ ജ്ഞാനിയായ സോളമൻ രേഖപ്പെടുത്തി :

> "കാറ്റ് തെക്കോട്ടു ചെന്ന് വടക്കോട്ടു ചുറ്റിവരുന്നു, അങ്ങനെ കാറ്റ് ചുറ്റിച്ചുറ്റിത്തിരിഞ്ഞുകൊണ്ട് പരിവർത്തനം ചെയ്യുന്നു."
>
> സഭാ പ്രസംഗി 1 : 6

വരുംകാലത്തെക്കുറിച്ച് കർത്താവായ യേശുക്രിസ്തു അരുളിച്ചെയ്തു.

> "കടലിന്റെയും ഓളത്തിന്റെയും മുഴക്കം നിമിത്തം ഭൂമിയിലെ ജാതികൾക്ക് നിരാശയോടുകൂടിയ പരിഭ്രമം ഉണ്ടാകും."
>
> ലൂക്കോസ് 21 : 25

> "അവൻ തന്റെ ശക്തികൊണ്ട് സമുദ്രത്തെ ഇളക്കുന്നു." ഇയ്യോബ് 26 : 12

> "ഇനി കുറഞ്ഞോന്ന് കഴിഞ്ഞിട്ട് ഞാൻ ആകാശത്തെയും ഭൂമിയെയും കടലിനെയും കരയെയും ഇളക്കും." ഹഗ്ഗായി 2 : 6

1990 ന് ശേഷം അമേരിക്കയെ പിടിച്ചു കുലുക്കിയ ചുഴലിക്കൊടുങ്കാറ്റുകളെക്കുറിച്ചുള്ള കുറിപ്പുകൾ ശ്രദ്ധിക്കൂ.

1992 : "ആൻഡ്രൂ കൊടുങ്കാറ്റ്. ബഹമാസ്. 100000 വീടുകൾ നശിച്ചു. മരണം 26

1994 : "ഗോർഡൻ." തെക്കേ ഫ്ളോറിഡ. 1130 മരണം.

1995 : "ഓപ്പൽ." ഫ്ളോറിഡ. 9 മരണം

1996 : "ഫ്രാൻ." ഫ്ളോറിഡ. 37 മരണം.

1999 : "ഫ്ളോയ്ഡ്." ബഹമാസ്. 57 മരണം.

2001 : "അല്ലിസൺ." ന്യൂ ഇംഗ്ലണ്ട്. 41 മരണം.

2003 : "ഇസബെൽ." ന്യൂകാസിൽ. വെർജീനിയ. 50 മരണം

2004 : "ചാർലി." ഫ്ളോറിഡ. 34 മരണം

2003 സെപ്തംബർ 5 : "ഫ്രാൻസെസ്." ഫ്ളോറിഡ. 48 മരണം

2003 സെപ്റ്റംബർ 16 : "ഐവാൻ." ഫ്ളോറിഡ. 123 മരണം

2003 സെപ്റ്റംബർ 26 : "ജീൻ." ഫ്ളോറിഡ. 28 മരണം

2005 ആഗസ്റ്റ് 30 : "കത്രീന." ഫ്ളോറിഡ & മിസിസ്സിപ്പി. 3264 മരണം.

2005 സെപ്റ്റംബർ 18, 30 : "റീറ്റ." ടെക്സാസ്, ലൂസിയാന. 119 മരണം

2005 ഒക്ടോബർ 18, 24 : ''വിൽമ.'' മെക്സിക്കോ, ഫ്ളോറിഡ. 35 മരണം

2005 ഡിസംബർ 30 - 2006 ജനുവരി 7 വരെ : "സീറ്റ." 154 വർഷത്തിനുള്ളിൽ അമേരിക്കയിൽ വീശിയ ഏറ്റവും ഭീകരമായ ചുഴലികൊടുങ്കാറ്റ്

ഇവയ്ക്കു പുറമെ 1995 സെപ്റ്റംബറിൽ മെക്സിക്കോയിൽ വീശിയ ഹിൽഡ (200 മരണം)

ജാനറ്റ് (500 മരണം)

1961 ലെ "ഹാറ്റീ" (400 മരണം)

1963 ലെ "ഫ്ളോറ" (400 മരണം)

1966 ലെ "ഐനേഡ്" (293 മരണം)

1974 ലെ "ഫിഫി" (8000 മരണം)

1988 ലെ "നിൻബർട്ട്" (26 മരണം)

1997 ലെ "പോളീൻ" (217 മരണം)

1998 ലെ "ജോർജിസ്" (600 മരണം) "മിച്ച്" (14500 മരണം)

2004 ലെ "ജീൻ" (2400 മരണം) എന്നീ കൊടുങ്കാറ്റുകൾ അമേരിക്കയോട് അടുത്ത് കിടക്കുന്ന രാജ്യങ്ങളിൽ അടിച്ചവയാണ്.

1958 : ജപ്പാൻ - വേര - 5000 മരണം

1959 : ചൈന - ഐറിഡ - 2334 മരണം

1984 : ഫിലിപ്പൈൻസ് - ഐക്ക് - 1300 മരണം

1991 : ഫിലിപ്പൈൻസ് - തെൽമ - 3000 മരണം

ഇവയെല്ലാറ്റിനെക്കാളും ഭയങ്കരമായ ചുഴലിക്കാറ്റുകൾ

അന്ത്യനാളിലുണ്ടാകും എന്ന പ്രവചനങ്ങൾ നിറവേറുന്നതിനു മുമ്പായി നാം ക്രിസ്തുവിനെ ഹൃദയത്തിൽ കൈക്കൊള്ളേണ്ടിയിരിക്കുന്നു. മാനസാന്തപ്പെടുന്നതിന് ഇനിയും വൈകണമോ?

## രണ്ട്

"യഹോവ ദീർഘക്ഷമയും മഹാശക്തിയുമുള്ളവൻ. അവൻ ഒരിക്കലും ശിക്ഷിക്കാതെ വിടുകയില്ല. യഹോവയുടെ വഴി ചുഴലിക്കാറ്റിലും കൊടുങ്കാറ്റിലുമുണ്ട്." നഹൂം 1 : 3

യഹോവയുടെ വഴി ചുഴലിക്കാറ്റിലും കൊടുങ്കാറ്റിലുമുണ്ട്. ചുഴലിക്കാറ്റ് അടിക്കും. കൊടുങ്കാറ്റ് അടിക്കും. പക്ഷേ അതിൽ ദൈവത്തിന്റെ വഴി ഉണ്ട്. ഏതു ചുഴലിക്കാറ്റു വന്നാലും, ഏതു കൊടുങ്കാറ്റു വന്നാലും അതിന്റെ പിന്നിൽ ദൈവത്തിനു ചിലതു നന്മയ്ക്കായി പ്രവർത്തിപ്പാൻ കഴിയും.

ചില ചുഴലിക്കാറ്റും കൊടുങ്കാറ്റും വരുന്നതു നമുക്ക് വീണ്ടുവിചാരത്തിനു വേണ്ടിയായിരിക്കും. നമ്മുടെ ജീവിതത്തെ പരിശോധിക്കാനായിരിക്കും. പലതും തിരുത്താൻ

കാണും. ആപത്തുകൾ ഇങ്ങനെ ഓരോന്നോരോന്നായി വരുന്നു. കഷ്ടനഷ്ടങ്ങൾ ഒന്നിനു പുറകെ ഒന്നായി വരുന്നു. ഒരു കുടുംബത്തെത്തന്നെ ആഞ്ഞടിച്ച് അതിനെ വീഴിച്ചേ അടങ്ങൂ എന്നുള്ള നിലയിൽ ചുഴലിക്കാറ്റു ആഞ്ഞു വീശുന്നു. ഒരു വ്യക്തിയെ തന്നെ, അവനെ മുന്നോട്ടു വിടില്ലെന്ന മട്ടിൽ ചുഴലിക്കാറ്റു അടിക്കുന്നു. എല്ലാം തകർന്നു പോകുന്നതുപോലെയുള്ള കൊടുങ്കാറ്റ്.

ചുഴലിക്കാറ്റുകളും കൊടുങ്കാറ്റുകളും ജീവിതത്തിൽ വരാത്തവർ തുലോം ചുരുക്കമാണ്. നിങ്ങളുടെയൊക്കെ ജീവിതത്തിൽ ചെറുതോ, വലുതോ ആയ ചുഴലിക്കാറ്റുകൾ വന്നിട്ടില്ലേ? കഷ്ടങ്ങൾ വന്നിട്ടില്ലേ? നഷ്ടങ്ങൾ വന്നിട്ടില്ലേ? നിരാശാജനകമായ സാഹചര്യങ്ങൾ വന്നിട്ടില്ലേ? രോഗങ്ങൾ വന്നിട്ടില്ലേ? പരാജയങ്ങൾ സംഭവിച്ചിട്ടില്ലേ?

ആപത്തുകൾ, രോഗങ്ങൾ, കഷ്ടപ്പാടുകൾ, എതിർപ്പുകൾ, മനുഷ്യരുടെ തെറ്റിദ്ധാരണകൾ, മറ്റുള്ളവരിൽ നിന്നുള്ള ആക്രമണങ്ങൾ, മറ്റുള്ളവർ നമ്മെ ഒറ്റപ്പെടുത്തുന്ന സംഭവങ്ങൾ, എല്ലാം ഓരോ തരത്തിലുള്ള കൊടുങ്കാറ്റുകളും ചുഴലിക്കാറ്റുകളുമാണ്. പലരും നമ്മെ കുറ്റപ്പെടുത്തുകയും നാം ചിന്തിക്കപോലും ചെയ്യാത്ത കാര്യങ്ങൾ ആരോപിക്കുകയും ചെയ്തു എന്നു വന്നേക്കാം. അതും ഒരു ചുഴലിക്കാറ്റുതന്നെ.

“യഹോവയുടെ വഴി ചുഴലിക്കാറ്റിലും കൊടുങ്കാറ്റിലും ഉണ്ട്” എന്ന് നഹൂം പ്രവാചകൻ പറയുന്നു. നഹൂം 1: 3.

ചുഴലിക്കാറ്റുകളും കൊടുങ്കാറ്റുകളും ജീവിതത്തിൽ വരുമ്പോൾ അതിൽ ദൈവത്തിന്റെ വഴി ഒരു ദൈവപൈതലിനു

കാണുവാൻ സാധിക്കും. ജീവിതത്തിലേക്കു തിരിഞ്ഞുനോക്കാനും ജീവിതം ആകെ ഒന്നുകൂടി ശോധന ചെയ്യാനും, തിരുത്തേണ്ടതെല്ലാം തിരുത്തുവാനും ദൈവത്തിങ്കലേക്ക് കൂടുതൽ അടുക്കുവാനും, കഷ്ടകാലത്തു ദൈവത്തെ വിളിച്ചപേക്ഷിക്കുവാനും അതു സഹായമായിത്തീരും. സങ്കീർത്തനക്കാരൻ പറയുന്നതു നോക്കാം.

> “കഷ്ടകാലത്തു എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിന്നെ വിടുവിക്കയും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും.” സങ്കീ. 50 : 15

> “അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിക്കുന്നു; എനിക്കുവേണ്ടി സകലവും നിർവ്വഹിക്കുന്ന ദൈവത്തെ തന്നേ.”
> സങ്കീർത്തനങ്ങൾ 57 : 2

ദാവീദ് അങ്ങനെയാണ് പാടിയത്. ദൈവത്തെ വിളിച്ചപേക്ഷിക്കുന്നു. ഏതു പ്രശ്നവും ദൈവത്തോടു പറയുന്നു. ദൈവത്തോടു നേരിട്ടു സങ്കടം പറയുന്നു. ഉള്ളം നൊന്ത് ദൈവത്തോട് അറിയിക്കുന്നു. ആവശ്യങ്ങൾ എല്ലാം ദൈവസന്നിധിയിൽ ബോധിപ്പിക്കുന്നു. ആവലാതികളെല്ലാം ദൈവസന്നിധിയിൽ കൊണ്ടുവന്ന് ഹൃദയം പകരുന്നു. എന്ത് ഹൃദ്യമായ അനുഭവം! അപ്പന്റെ മുൻപിലേക്ക് മക്കൾ ചെന്ന് ഓരോന്ന് ഓരോന്ന് ഉണർത്തിക്കുന്നു. എന്തൊരു ഭാഗ്യ പദവിയാണത്.

നമ്മുടെ ഭാരത ഭൂമിയുടെ വടക്കൻ പ്രദേശങ്ങളിലും, പാക്കിസ്ഥാനിലും, കാബൂളിലും, കാശ്മീരിലും, പഞ്ചാബിലും അങ്ങനെ വടക്കൻ ഭാഗങ്ങളിൽ വലിയൊരു ഭൂകമ്പം ഉണ്ടാ

യതു ഞെട്ടിപ്പിക്കുന്ന വാർത്തയായിരുന്നു. എത്രയോ ഗ്രാമങ്ങൾ ആണ് അന്നു ഒന്നുമില്ലാതായത്. എത്രയോ വീടുകൾ ആണ് അന്നു നിലം പൊത്തിയത്. ദൈവത്തിന്റെ ആത്മാവു നൂറ്റാണ്ടുകൾക്ക് മുൻപ് വചനത്തിൽ ഇതെല്ലാം രേഖപ്പെടുത്തിയിട്ടുണ്ട്. യെശയ്യാ പ്രവാചകന്റെ പുസ്തകം ഇരുപത്തിനാലാം അദ്ധ്യായത്തിലെ ചില വാക്യങ്ങൾ ഉള്ളത്തിൽ തട്ടുന്നതാണ്. കഴിഞ്ഞ അദ്ധ്യായത്തിൽ സൂചിപ്പിച്ചത് ആവർത്തിക്കട്ടെ :

> "ഭൂവാസിയേ, പേടിയും കുഴിയും കണിയും നിനക്കു നേരിട്ടിരിക്കുന്നു. പേടി കേട്ടു ഓടിപ്പോകുന്നവൻ കുഴിയിൽ വീഴും, കുഴിയിൽ നിന്നു കയറുന്നവൻ കെണിയിൽ അകപ്പെടും, ഉയരത്തിലെ കിളിവാതിലുകൾ തുറന്നിരിക്കുന്നു, ഭൂമിയുടെ അടിസ്ഥാനങ്ങൾ കുലുങ്ങുന്നു. ഭൂമി പൊടുപൊടെ പൊട്ടുന്നു. ഭൂമി കിറുകിറെ കീറുന്നു. ഭൂമി കിടുകിട കിടുങ്ങുന്നു. ഭൂമി മത്തനെപ്പോലെ ചാഞ്ചാടുന്നു. കാവൽമാടം പോലെ ആടുന്നു, അതിന്റെ അകൃത്യം അതിൻമേൽ ഭാരമായിരിക്കുന്നു. അതു വീഴും എഴുന്നേല്ക്കയുമില്ല."
>
> യെശയ്യാവ് 24 : 17 – 20

ഈ അടുത്ത രണ്ടുമൂന്നു വർഷങ്ങൾക്കു മുമ്പ് ഭൂമി വളരെയധികം ഭൂകമ്പങ്ങളെ നേരിട്ടു. കേരളം ഒരു ഭൂകമ്പസാദ്ധ്യത മേഖലയാണെന്ന് ഭൂഗർഭശാസ്ത്രജ്ഞന്മാർ വെളിപ്പെടുത്തി. രണ്ടു വർഷം മുമ്പു കേരളത്തിൽ ഭൂമികുലുക്കമുണ്ടായി. പ്രകൃതിക്ഷോഭമുണ്ടായി. സുനാമി കൊടുങ്കാറ്റ്, തിരമാലകളുടെ വേലിയേറ്റം, ഇവ മൂലം എത്രയോ ലക്ഷം ആളുകളാണ് ദേശത്ത് എമ്പാടും മരിച്ചു കടന്നു പോയത്. എത്രയോ

ഭവനങ്ങൾ നശിച്ചു. എത്രയോ ജനങ്ങൾ നശിച്ചു. തീർത്താൽ തീരാത്ത ദു:ഖം!

ചുഴലിക്കാറ്റുകൾ വരുന്നു. കൊടുങ്കാറ്റുകൾ വരുന്നു. ഭൂകമ്പങ്ങൾ വരുന്നു. പ്രകൃതിക്ഷോഭങ്ങൾ വരുന്നു. ഇതെല്ലാം നാമീ ജീവിക്കുന്ന ഭൂമിയിൽ ഏതു സമയത്തും സംഭവിക്കാവുന്നതാണ്.

ഓർക്കുക, നാം ഭയപ്പെടുക. അകൃത്യഭാരം കൊണ്ട് ഭൂമി ചാഞ്ചാടാൻ ഇടയാകരുത്. എന്റെ അകൃത്യം കൊണ്ട് എന്റെ കുടുംബം മുടിയാൻ ഇടയാകരുത്. എന്റെ പാപങ്ങൾ കൊണ്ട് എന്റെ മക്കൾ വലയാൻ ഇടയാകരുത്. എന്റെ പാപഭാരം കൊണ്ടു എന്റെ കുഞ്ഞുങ്ങൾ വിഷമിക്കുവാൻ ഇടയാകരുത്. ഓരോരുത്തരും ഓർക്കേണ്ടതാണ്. എന്റെ തലമുറ തകർന്നു പോകാൻ ഇടയാകരുത്. എന്റെ ദൈവമേ എന്റെ ഒരാളുടെ പാപം തലമുറകൾക്കു ശാപമായി തീരരുതേ, എന്ന പ്രാർത്ഥന നമുക്കു വേണ്ടതാണ്. അതു നമ്മുടെ ജീവിതത്തിൽ ഒരു നിഷ്ഠയായി മാറേണ്ടതാണ്.

നിങ്ങളുടെ ജീവിതത്തിൽ കൊടുങ്കാറ്റുകളും ചുഴലിക്കാറ്റുകളും വരുമ്പോൾ തിരിഞ്ഞുനോക്കാൻ എന്തെങ്കിലും ഉണ്ടോ എന്ന് ശോധന ചെയ്യണം.

ആപത്തുകൾ വരുന്നു. കടം കൂടിക്കൂടി വരുന്നു. വലിയ അനർത്ഥങ്ങൾ വരുന്നു. വലിയ അത്യാഹിതങ്ങൾ വരുന്നു. വലിയ വലിയ നഷ്ടങ്ങൾ വരുന്നു. തിരിഞ്ഞു നോക്കണം.

എന്തെങ്കിലും എനിക്കു തിരുത്തുവാനുണ്ടോ? എവിടെയെങ്കിലും എനിക്കു അനുതപിക്കുവാനുണ്ടോ? ഏതെങ്കിലും

കാര്യത്തിൽ സ്വർഗ്ഗത്തിലെ ദൈവം വ്യസനിക്കുന്നതായി എന്റെ ജീവിതത്തിൽ വന്നിട്ടുണ്ടോ? ഞാൻ മൂലം ആരെ ങ്കിലും വേദനിപ്പാൻ ഇട വന്നുവോ?

ഞാൻ മൂലം ആർക്കെങ്കിലും ദോഷം സംഭവിച്ചുവോ? ആർക്കെങ്കിലും നഷ്ടം സംഭവിച്ചുവോ? എന്റെ ദൈവമേ എനിക്കു സാധിക്കുമായിരുന്ന ഒരു ഉപകാരം ചെയ്യാൻ മടി ച്ചുവോ? കർത്താവെ ക്ഷമിക്കണമേ. ദൈവമേ മാപ്പു തരണ മേ. എന്റെ മേൽ ഈ പാപങ്ങളും കടങ്ങളും കണക്കിടല്ലേ.

ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്ക ണമേ എന്നു പ്രാർത്ഥിപ്പാൻ കർത്താവു നമ്മെ പഠിപ്പിച്ചു. കടങ്ങളും പാപങ്ങളും ഉണ്ട്. ചെയ്യരുതാത്തതു ചെയ്യുന്ന താണ് പാപം. ചെയ്യേണ്ടത് ചെയ്യാത്തതാണ് കടം.

ദൈവമേ എന്റെ ജീവിതത്തിൽ എന്തെല്ലാമാണ് സംഭവി ച്ചത്. എന്നെത്തന്നെ ഞാൻ അഴുക്കാക്കിയിട്ടുണ്ടോ? എന്റെ സ്വഭാവത്തിൽ മാലിന്യം വന്നുവോ? എന്റെ സംസാരത്തിൽ കളങ്കം വന്നുവോ? കോപിച്ച് ഗർജ്ജിച്ച് ഞാൻ ആരെയെ ങ്കിലും നൊമ്പരപ്പെടുത്തിയോ? എന്റെ പാവം ഭാര്യയെ ഞാൻ കരയിച്ചോ? എന്റെ ഭർത്താവിനെ ഞാൻ വ്യസനിപ്പിച്ചുവോ? എന്റെ മക്കൾക്കു ഞാൻ മൂലം വേദന ഉണ്ടായോ? എന്റെ മാതാപിതാക്കൾ എന്നെ ഓർത്തു കരയാൻ ഇടവന്നോ? അവരുടെ ഉള്ളം നൊന്തോ? പ്രിയപ്പെട്ടവരേ, നിങ്ങൾ ചിന്തി ക്കേണ്ടതാണ്. ചുഴലിക്കാറ്റുകൾ, കൊടുങ്കാറ്റുകൾ വരുന്ന തിനു മുൻപ് നാം സൂക്ഷിക്കേണ്ടതാണ്. വചനം എന്തു പറ യുന്നു എന്നു നോക്കാം.

"അവർ കാറ്റു വിതച്ചു. ചുഴലിക്കാറ്റുകൊയ്യും."

ഹോശേയ. 8 : 7

അപ്പൻ കാറ്റു വിതച്ചു. മക്കൾ കൊടുങ്കാറ്റു കൊയ്യും. അപ്പൻ കൊള്ളലാഭം ഉണ്ടാക്കി. മക്കളുടെ കാലത്തു കൊടുങ്കാറ്റുകൾ കൊയ്യും. സംശയിക്കണ്ടാ. ശാപങ്ങൾ നിങ്ങൾ വാങ്ങിക്കൂട്ടരുത്. നിങ്ങൾ ഓരോരുത്തരും ചിന്തിക്കൂ.

എല്ലാം കാണുന്ന ഒരു സർവ്വേശനുണ്ട്. എല്ലാം കാണുന്ന സർവ്വശക്തനായ സർവ്വജ്ഞനായ ഒരു ദൈവമുണ്ട്. നിങ്ങളുടെ ദൈനംദിന ജീവിതം ദൈവഭയത്തോടുകൂടി ജീവിക്കൂ. ഒരു അണുവിൽ പോലും കറ പറ്റാതെ നിൽക്കൂ. എന്റെ ഒരു വാക്കുകൊണ്ടു, എന്റെ ഒരു നോട്ടം കൊണ്ടു, എന്റെ ഒരു എഴുത്തുകൊണ്ട്, എന്റെ ഒരു പെരുമാറ്റം കൊണ്ടു ആർക്കും ഒരു നഷ്ടം വരരുത്, ആർക്കും ഒരു ദോഷം വരരുത്.

കഴിവുള്ളിടത്തോളം നിങ്ങൾ ദൈവനാമത്തിന്റെ മഹത്വത്തിനുവേണ്ടി ചെലവഴിച്ചുകൊള്ളൂ. അതു നഷ്ടമല്ല. അതു നിങ്ങളുടെ മക്കൾക്കു മുതൽക്കൂട്ടാണ്. മക്കൾക്കുവേണ്ടി സ്വത്തു നിക്ഷേപിക്കുകയാണ്. നിങ്ങൾ നന്മ ചെയ്താൽ, ക്രിസ്തു നിങ്ങളുടെ ജീവിതത്തിലേക്കു വന്നാൽ, നിങ്ങൾ സ്വത്തു സമ്പാദിക്കുകയാണ്. സംശയിക്കണ്ടാ.

“എളിയവനോട് കൃപ കാട്ടുന്നവൻ യഹോവയ്ക്ക് വായ്പ കൊടുക്കുന്നു.” എന്ന് ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറയുന്നു. സദൃശവാക്യങ്ങൾ 19 : 17

എന്നാലോ നീ പാപം ചെയ്താൽ നിന്റെ മക്കൾക്കു നാശം സമ്പാദിച്ചു വയ്ക്കുന്നു. മോളെ, നീയൊരു തെറ്റുചെയ്താൽ, നിന്റെ ജീവിതത്തിൽ തിന്മ വന്നാൽ, ദുഷ്ടത വന്നാൽ, മരുമോളെ നൊമ്പരപ്പെടുത്തിയാൽ, അമ്മാവിയമ്മയെ കഷ്ടപ്പെടുത്തിയാൽ നിനക്കും നിന്റെ മക്കൾക്കു ഐശ്വര്യമായിരിക്കയില്ല. പകരം നാശമായിപ്പോകും.

നിനക്ക് ഇന്നൊരു പദവിയുണ്ട്. അഹങ്കാരത്തിന്റെ പദവിയിൽ വിലസിയാൽ കുഞ്ഞേ നീ അറിഞ്ഞുകൊള്ളൂ, നീ നിന്റെ മക്കളുടെ കാലത്തു മാത്രമല്ല, നിന്റെ കാലത്തു നീ താഴേണ്ടിവരും. തല കുനിയേണ്ടിവരും. ആരും അഹങ്കരിക്കരുത്. ആരും പൊങ്ങച്ചം ഭാവിക്കരുത്. ഉടയതമ്പുരാൻ തന്നതല്ലാതെ എനിക്കു ഒന്നുമില്ല എന്നു ഓർത്തുകൊള്ളണം. ഇന്ന് അധികാരമുണ്ട്, പദവിയുണ്ട്, പ്രതാപമുണ്ട്, ഐശ്വര്യമുണ്ട്, ആരോഗ്യമുണ്ട്, പ്രാബല്യമുണ്ട് ഇന്നു സകല വിധത്തിലും ആളുകളുടെ മുന്നിൽ ഉന്നതനാണ്. പക്ഷേ നീ ഓർത്തുകൊള്ളൂ, അഹങ്കരിച്ചു തല ഉയർത്തരുത്. കാറ്റു വിതച്ചു കൊടുങ്കാറ്റു കൊയ്യാൻ ഇടയാകരുത്. സൂക്ഷിച്ചു കൊള്ളേണ്ടതാണ്.

നിങ്ങളുടെ വീട്ടിൽ ഒരു കൊച്ചു കുട്ടിയുണ്ട് എന്നു വിചാരിക്കുക. നിങ്ങൾ കുട്ടിയോടൊപ്പം വർത്തമാനം പറഞ്ഞും ചിരിച്ചും ഒക്കെ ഇരിക്കയാണ്. മോൻ പയ്യെ നടന്നുതുടങ്ങിയതേയുള്ളൂ. രാത്രി സമയമാണ്. പെട്ടെന്ന് ബൾബെല്ലാം കെട്ടു. കൂരിരുട്ട്. ഉടനെ നിങ്ങൾ തപ്പിച്ചെന്ന് ഒരു ചോർച്ച് എടുത്ത് ഒരു മെഴുകുതിരി കത്തിച്ചുവച്ചു. മോനു വെളിച്ചം കണ്ടപ്പോൾ നല്ലരസം. വേഗം ചെന്ന് ആ ജ്വാലയിൽ അങ്ങ് പിടിക്കാൻ തുടങ്ങുകയാണ്. പെട്ടെന്നു നിങ്ങൾ ചാടിപ്പറയും. “അയ്യോ മോനേ, തൊടല്ലേ കൈപൊള്ളും.” കൈപൊള്ളും എന്നു പറഞ്ഞത് കൈപൊള്ളാനാണോ? കൊച്ചിനെ ശപിച്ചതാണോ, അതോ കൈ പൊള്ളിക്കാനാണോ - അല്ലല്ലോ. ആർക്കും സംശയമില്ല. അപ്പനും അമ്മയ്ക്കും പ്രിയപ്പെട്ടവർക്കും സഹിക്കുകയില്ലല്ലോ കൈ പൊള്ളുന്നത്.

നിങ്ങളുടെ മേശപ്പുറത്തു അലക്ഷ്യമായി ഒരു ബ്ലെയിഡ് വച്ചിട്ടുണ്ട്. നല്ല തിളക്കമുള്ളത്. നല്ല മൂർച്ചയുള്ളത്. നിങ്ങളുടെ മോൻ ചെന്ന് പിടിച്ച് പിടിച്ച് ആ ബ്ലെയിഡ് എടുക്കു

വാൻ തുടങ്ങുകയാണ്. "അയ്യോ കുഞ്ഞേ കൈ മുറിയും" എന്നു പറഞ്ഞ് നിങ്ങൾ കുഞ്ഞിനെ പിടിക്കും. എന്തിനാണ്? മുറിയാതിരിക്കാനാണ്, അല്ലേ?

സഹോദരങ്ങളെ, കൊടുങ്കാറ്റു കൊയ്യാതിരിക്കാൻ നിങ്ങളുടെ ജീവിതത്തിൽ ദൈവം ആലോചന തരുന്നു. കൊടുങ്കാറ്റു വരികയാണ്, എന്തിന്? കൊടുങ്കാറ്റു വരാതെ മനം തിരിയുവാൻ. പ്രകൃതിയിലെ കൊടുങ്കാറ്റല്ല, ജീവിതത്തിലെ കൊടുങ്കാറ്റുകൾ, ജീവിതത്തിലെ ദുരിതങ്ങൾ, താങ്ങാനാവാത്ത വിപത്തുകൾ.

കൊടുങ്കാറ്റു വരാതിരിക്കുവാൻ കരുണയുള്ള ദൈവം കൃപയാൽ നമ്മെ വിളിച്ചുചേർത്ത് തിരുവചനത്തിന്റെ അത്ഭുതകരമായ സ്നേഹം നമുക്ക് പകർന്നു തരികയാണ്. വലിയ കൊടുങ്കാറ്റു വരുന്നുവെന്ന് കാണിച്ചുതരികയാണ്. ഭയാനകമായ വിപത്തു വരുന്നതു കാണിച്ചു തരികയാണ്. എന്തിന്? അപകടം വരുന്നതിനു മുമ്പേ അതിവേഗം മാനസാന്തരപ്പെടുവാൻ. ജീവിതത്തെ ശോധനചെയ്തു നീക്കുപോക്കു വരുത്തുവാൻ. തിരുത്താനുള്ളതെല്ലാം വേഗം തിരുത്തുവാൻ. യെശയ്യാ പ്രവാചകൻ ഇങ്ങനെ പറയുന്നു.

> "നിന്നെ കാണുന്നവർ നിന്നെ ഉറ്റുനോക്കി : ഭൂമിയെ നടുക്കുകയും രാജ്യങ്ങളെ കുലുക്കുകയും ഭൂതലത്തെ മരുഭൂമിപോലെ ആക്കുകയും അതിലെ പട്ടണങ്ങളെ ഇടിച്ചുകളകയും തന്റെ ബദ്ധന്മാരെ വീട്ടിലേക്കു അഴിച്ചു വിടാതിരിക്കയും ചെയ്തവൻ ഇവനല്ലയോ എന്നു നിരൂപിക്കും."
>
> യെശയ്യാവ് 14 : 16 – 17

ഭൂകമ്പങ്ങൾ, പ്രളയങ്ങൾ, വലിയ പ്രകൃതിക്ഷോഭങ്ങൾ, വലിയ കൊടുങ്കാറ്റുകൾ. പ്രിയപ്പെട്ടവരേ, നിങ്ങൾ ഓർക്കൂ.

നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ നിന്നു ഇതൊന്നും അകലെയാണ് എന്നു കരുതേണ്ട. ഏതു നിമി ഷവും നമുക്കു വരാം. ഏതു നിമിഷവും നമ്മുടെ നാട്ടിൽ വരാം. എത്രയോ വീടുകളുടെ ഭിത്തികൾ പിളർന്നു. അതി നപ്പുറം പോയില്ല, ഭാഗ്യം.

ഇവയെല്ലാം അന്ത്യകാല ലക്ഷണങ്ങളാണ്.

> "ചൂള പോലെ കത്തുന്ന ഒരു ദിവസം വരും, അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്ര വൃത്തിക്കാരും താളടിയാകും, വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചുകളയും എന്നു സൈന്യങ്ങ ളുടെ യഹോവ അരുളിച്ചെയ്യുന്നു. എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ നീതി സൂര്യൻ തന്റെ ചിറകിൻ കീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കും. നിങ്ങളും പുറപ്പെട്ടു തൊഴുത്തിൽ നിന്നു വരുന്ന പശുക്കിടാക്കളെപ്പോലെ തുള്ളിച്ചാടും."
>
> മാലാഖി 4 : 1 - 2

ഭൂമിയുടെ അടിയിലേയ്ക്കുള്ളതു കത്തും. ഭൂമിയുടെ മുക ളിലേക്കുള്ളതും കത്തും. വേരും കൊമ്പും ശേഷിപ്പിക്കയില്ല. അതിനുള്ള ആറ്റം ബോംബ്, എല്ലാ നശീകരണ സാമഗ്രി കളും, ലോകരാഷ്ട്രങ്ങൾ സമ്പാദിച്ചു വെച്ചു കഴിഞ്ഞു. കുറഞ്ഞത് ഇന്നു അനേകം രാഷ്ട്രങ്ങളിൽ ഏതാനും മിനിറ്റു കൊണ്ടു ലോകത്തെ കത്തിച്ചു കളയുവാനുള്ള അണ്വാ യുധം സംഭരിച്ചു കഴിഞ്ഞിട്ടുണ്ട്. ആധുനിക തലമുറയുടെ മുൻപിൽ ഞെട്ടിപ്പിക്കുന്ന പരമാർത്ഥങ്ങളാണ്. എന്നാൽ ഓർത്തുകൊള്ളൂ. ഇന്നു മനം തിരിഞ്ഞാൽ തൊഴുത്തിൽ നിന്നു വരുന്ന പശുക്കിടാക്കളെപ്പോലെ തുള്ളിച്ചാടും. "എന്റെ

നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ നീതിസൂര്യൻ തന്റെ ചിറകിൻ കീഴിൽ രോഗോപശാന്തിയോടു കൂടെ ഉദിക്കും." ഒരു ഭാഗം ആളുകൾ വെന്തു വെണ്ണീറാകുമ്പോൾ ഒരു ഭാഗം ആളുകൾ തുള്ളിച്ചാടും.

> "...അന്നു ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞു പോകും. മൂല പദാർത്ഥങ്ങൾ കത്തിയ ഴികയും ഭൂമിയും അതിലുള്ള പണികളും വെന്തു പോകയും ചെയ്യും."  2 പത്രോസ് 3 : 10

എല്ലാം കത്തിക്കരിയും. എല്ലാം ചാമ്പലാകും.

അപ്പോൾ മനുഷ്യപുത്രന്റെ വരവ് മദ്ധ്യാകാശത്തിൽ ഉണ്ടാകും. പ്രിയപ്പെട്ടവരേ, കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവുണ്ടാകും. ദൈവത്തെ ഭയപ്പെട്ടു വിശുദ്ധിയെ തികച്ചവർ യേശുക്രിസ്തുവിനെ എതിരേല്ക്കുവാൻ ആകാശമേഘങ്ങളിൽ എടുക്കപ്പെടും.

എല്ലാ വി.കുർബ്ബാനയിലും "ഞങ്ങളുടെ കർത്താവെ നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുകയും നിന്റെ ഉയർത്തെഴുന്നേല്പിനെ ഏറ്റുപറയുകയും നിന്റെ രണ്ടാമത്തെ വരവിനായി ഞങ്ങൾ നോക്കിപ്പാർക്കയും ചെയ്യുന്നു." എന്ന് നാം പ്രാർത്ഥിക്കും. ജീവനുള്ളവരെയും മരിച്ചവരെയും ന്യായം വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിനു അവസാനമില്ലാത്തവനുമായ യേശുക്രിസ്തുവിൽ ഞങ്ങൾ വിശ്വസിക്കുന്നു എന്ന് സഭയുടെ വിശ്വാസപ്രമാണത്തിൽ നാം പ്രാർത്ഥിക്കുന്നു.

പ്രിയപ്പെട്ടവരേ, യേശു വീണ്ടും വരും. യേശു വീണ്ടും വരുമ്പോൾ വെന്തു വെണ്ണീറാകുന്നവരുടെ കൂടെ ആകുമോ നാം? അതോ ചേർക്കപ്പെടുന്ന വിശുദ്ധന്മാരുടെ നിരയിൽ

ആകുമോ? ഇവിടെ വച്ചാണ് നാം തീരുമാനിക്കേണ്ടത്. നമുക്കു ആയുസ്സുള്ളപ്പോഴാണ് തീരുമാനിക്കേണ്ടത്. ഇവിടെ ആയുസ്സുള്ളപ്പോൾ മാനസാന്തരപ്പെട്ട് മാനസാന്തരത്തിനു യോഗ്യമായ ഫലങ്ങൾ കായിപ്പിൻ.

# മൂന്ന്

> “ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കുംവരെ തുളച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു.” എബ്രായർ 4 : 12

ദൈവത്തിന്റെ തിരുവചനം കേൾക്കുന്നതു ഭാഗ്യമാണ്. അനുസരിക്കുന്നതു കൂടുതൽ ഭാഗ്യമാണ്. വചനം അനുസരിച്ചു ജീവിക്കുന്നതു ഏറ്റവും വലിയ ഭാഗ്യമാണ്.

കഴിഞ്ഞ നൂറ്റാണ്ടുകളിൽ എത്രയെത്ര വ്യക്തികളെയാണ് ഈ വചനം രൂപാന്തരപ്പെടുത്തിയത്. എത്രയെത്ര നീറുന്ന ഹൃദയങ്ങൾക്കാണ് ദൈവത്തിന്റെ തിരുവചനം ആശ്വാസം നല്കിയത്! ക്രിസ്തുവിന്റെ അക്ഷയനിധിയായ സ്വർഗ്ഗീയ

നിക്ഷേപമായ ഈ വചനം മൂലം എത്രയെത്ര കടുംബങ്ങൾ അനുഗ്രഹം പ്രാപിച്ചു! നിരാശപ്പെട്ടുപോയ ജീവിതങ്ങൾ പ്രത്യാശാഭരിതമായിത്തീർന്നു. വലിയ അത്യാഹിതങ്ങളിൽപെട്ടു ജീവിതം ആകെ തകർന്നു പോയവർ യേശുക്രിസ്തുവിന്റെ വചനത്തിന്റെ അത്ഭുത ശക്തിയാൽ സൗഖ്യവും ശാന്തിയും സമാധാനവും പ്രാപിക്കുകയുണ്ടായി. ക്രിസ്തുവിന്റെ വചനത്തിന്റെ അത്ഭുതശക്തി, അപ്രമേയശക്തി ഇന്നും അനേകരെ സന്ദർശിച്ചുകൊണ്ടിരിക്കുന്നു. വചനമായ ക്രിസ്തു ഇന്നും മനുഷ്യരുടെ ഇടയിലൂടെ സഞ്ചരിക്കുന്നുണ്ട്.

ഈ ക്രിസ്തുവിനെ നാം ഹൃദയത്തിലേക്കു സ്വീകരിക്കുമ്പോൾ ജീവിതത്തിൽ വലിയ ശുഭപ്രതീക്ഷയും ശുഭഭാവിയും, ശോഭനമായ നല്ല നാളുകളും ക്രിസ്തു നമുക്കു തരും. നമ്മുടെ ശരീരത്തിനു രോഗസൗഖ്യം കിട്ടും. നമ്മുടെ മനസ്സിനു ആന്തരികശാന്തി ലഭിക്കും. നമ്മുടെ ആത്മാവിനു കറയും കളങ്കവും മാറി വിശുദ്ധീകരണം പ്രാപിക്കും. അനുഗ്രഹമാണ് ദൈവത്തിന്റെ വചനം.

ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ ജീവിതത്തിലെ കൊടുങ്കാറ്റുകളെയും ചുഴലിക്കാറ്റുകളെയും കുറിച്ചാണ് നാം ചിന്തിക്കുന്നത്. The storms and cyclons of life.

മനുഷ്യജീവിതം പ്രശ്ന സങ്കീർണ്ണമാണ്. എന്നും ദുരിതങ്ങൾ എന്നും യാതനകൾ, എന്നും വേദനകൾ, എന്നും കഷ്ടപ്പാടുകൾ, എന്നും ക്ലേശങ്ങൾ, എന്നും കടങ്ങൾ എന്നുമെന്നും നഷ്ടങ്ങൾ. ശാന്തിയോ സ്വസ്ഥതയോ സമാധാനമോ ഇല്ലാതെ ജീവിതം വിരസമായികൊണ്ടിരിക്കുന്നതായ കാലയളവുകൾ. എന്റെ കർത്താവേ ഒരു നല്ലകാലം കിട്ടിയിരുന്നെങ്കിൽ! എനിക്കു ഒരു ശുഭകാലം ലഭിച്ചിരുന്നെങ്കിൽ എന്ന് നിങ്ങൾ പലരും പ്രാർത്ഥിക്കുന്നുണ്ട്. ഇന്നത്തെക്കാൾ

ഭേദമായ ഒരു നല്ലനാളെ നാം ആഗ്രഹിക്കുന്നവരാണ്. ഈ ലോകജീവിതത്തിൽ ഒരു ശാന്തിവേണം. പോരാ അതിനപ്പുറം നിത്യതയിൽ ഒരു നിത്യസ്വർഗ്ഗം, നിത്യജീവൻ, നിത്യ സൗഭാഗ്യം വേണം നമുക്ക് എല്ലാവർക്കും അതാണു വേണ്ടത്.

നമ്മുടെ വ്യക്തിജീവിതത്തിൽ സമാധാനം വേണം. നമ്മുടെ ഔദ്യോഗികജീവിതത്തിൽ സമാധാനം വേണം. നമ്മുടെ ദൈനംദിന ജീവിതത്തിൽ സമാധാനം വേണം. ഭാര്യാഭർത്തൃ ബന്ധത്തിൽ സമാധാനം വേണം. മാതാപിതാക്കളും മക്കളും തമ്മിലുള്ള സ്നേഹബന്ധത്തിൽ സമാധാനം വേണം. നമ്മുടെ കുടുംബങ്ങളിൽ നമുക്കു സമാധാനം വേണം. യേശുക്രിസ്തു ചെയ്ത ഒടുവിലത്തെ പ്രസംഗത്തിൽ പറഞ്ഞു :

> "നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്. ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ."
>
> യോഹന്നാൻ 14 : 1

വീണ്ടും കർത്താവു പറഞ്ഞു :

> "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല, ഞാൻ നിങ്ങളുടെ അടുക്കൽ വരും."
>
> യോഹന്നാൻ 14 : 18

ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല. മലയാള വേദപുസ്തകത്തിൽ അങ്ങനെയാണ്. എന്നാൽ ഇംഗ്ലീഷ് ബൈബിളിൽ "I will not leave you comfortless", ഞാൻ നിങ്ങളെ സന്തോഷമില്ലാത്തവരായി വിടുകയില്ല. ആ അദ്ധ്യായത്തിൽ തന്നെ ഇങ്ങനെ പറയും.

> "സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു, എന്റെ സമാധാനം ഞാൻ നിങ്ങൾക്കു

> തരുന്നു, ലോകം തരുന്നതു പോലെയല്ല ഞാൻ നിങ്ങൾക്കു തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കുകയും അരുത്.
>
> യോഹന്നാൻ 14 : 27

കൊടുങ്കാറ്റുകൾ ഉണ്ട്, ഹൃദയം കലങ്ങരുത്. കഷ്ടനഷ്ടങ്ങൾ ഉണ്ട്, ഹൃദയം വാടിപ്പോകരുത്. ജീവിതത്തിൽ ദുരിതങ്ങളും യാതനകളും വേദനകളും പ്രശ്നങ്ങളും ക്ലേശങ്ങളുമുണ്ട്. എന്നാൽ യേശുക്രിസ്തു പറഞ്ഞു. "നിങ്ങളുടെ ഹൃദയം കലങ്ങരുത്. ഭ്രമിക്കയും അരുത്." ആ പ്രസംഗത്തിന്റെ ഉപസംഹാര വാക്യത്തിൽ കർത്താവു പറഞ്ഞു.

> "ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട്, എങ്കിലും ധൈര്യപ്പെടുവിൻ, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു." യോഹന്നാൻ 16 : 33

എത്ര ശക്തമായ വാക്കുകൾ! ഹൃദയത്തെ തൊട്ടുണർത്തുന്ന വാക്കുകൾ! ജീവിതത്തിന്റെ അലങ്കോലങ്ങളും, അലോസരങ്ങളും കൊണ്ടു വലയുന്ന ജീവിതത്തിൽ നമുക്കു ശാന്തിയരുളുന്ന ക്രിസ്തുവിന്റെ അനുഗൃഹീത സന്ദേശം. "ലോകത്തിൽ നിങ്ങൾക്കു കഷ്ടമുണ്ട്. എങ്കിലും ധൈര്യപ്പെടുവിൻ. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു."

സഹോദരങ്ങളേ, ഈ ശാന്തിയും സമാധാനവും, ചുഴലിക്കാറ്റുകളുടെയും കൊടുങ്കാറ്റുകളുടെയും മദ്ധ്യത്തിൽ നമുക്ക് അനുഭവിപ്പാൻ കഴിയുന്ന സന്തോഷകരമായ ഒരു വാക്യമാണ്. നഹൂം 1 : 3

> "യഹോവയുടെ വഴി ചുഴലിക്കാറ്റിലും കൊടുങ്കാറ്റിലും ഉണ്ട്."

ഏതു കൊടുങ്കാറ്റു വന്നാലും ഏതു ചുഴലിക്കാറ്റുവന്നാലും

യഹോവയുടെ വഴി അതിൽ കാണാൻ കഴിയും എന്നാണ് പ്രവാചകൻ പറയുന്നത്. നഹൂം പ്രവാചകൻ ബി.സി. ഏഴാം നൂറ്റാണ്ടിൽ പ്രവചിച്ച പ്രവാചകനാണ്. വേദപുസ്തകം വായിക്കുമ്പോൾ മേജർ പ്രവാചകന്മാരുണ്ട്. മൈനർ പ്രവാചകന്മാരുണ്ട്. കൂടുതൽ പ്രവചനം എഴുതിയ യെശയ്യാവു, യിരമ്യാവു, യെഹെസ്കേൽ, ദാനിയേൽ ഇവർ മേജർ പ്രവാചകന്മാരാണ്. അഥവാ വലിയ പ്രവാചകന്മാരാണ്. യോന, നഹൂം, ഹബക്കൂക്, സെഫന്യാവ്, ഹഗ്ഗായി, മാലാഖി മുതലായവർ മൈനർ പ്രവാചകന്മാർ അഥവാ ചെറിയ പ്രവാചകന്മാരാണ്.

പ്രവാചകന്മാരുടെ നാവിൽ കൂടി നിത്യനായ ദൈവം മനുഷ്യനോടു സംസാരിക്കുന്നു. എക്കാലത്തും അങ്ങനെയാണ്. ദൈവവചനം പറയുന്നു.

> "ദൈവം പണ്ടു ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോടു അരുളിച്ചെയ്തു" എബ്രായർ 1 : 1

നിത്യനായ ദൈവം മനുഷ്യനെ അറിയിക്കുവാനുള്ള സന്ദേശം പ്രവാചകന്മാരുടെ നാവിൽ വരച്ചുകൊടുക്കും. പ്രവാചകന്മാർ ദൈവശ്വാസീയമായി, ദൈവസാന്നിദ്ധ്യം അനുഭവിച്ചുകൊണ്ടു ദൈവീക കൃപാവരത്തിന്റെ അനുഭൂതിയിൽ നിന്നുകൊണ്ടു ദൈവത്തിന്റെ വചനം പറയും. അതാണ് പ്രവചനം.

നിത്യനായ ദൈവം നഹൂം പ്രവാചകനിൽ കൂടി പറഞ്ഞു. യഹോവയുടെ വഴി ചുഴലിക്കാറ്റിലുമുണ്ട്. കൊടുങ്കാറ്റിലുമുണ്ട്.

സഹോദരങ്ങളെ, ഇന്നു നിങ്ങളുടെ ജീവിതത്തിലെ കൊടുങ്കാറ്റുകളെ ഒന്നു ഓർത്തുകൊണ്ട്, നിങ്ങളുടെ ജീവിത

ത്തിലെ ദുരിതങ്ങളെ ഒന്നു കണ്ടുകൊണ്ട്, നിങ്ങളുടെ യാത നയിൽ പിടഞ്ഞ് വലയുന്ന പ്രശ്നങ്ങളെ കണ്ടുകൊണ്ട്, നിങ്ങൾ ഈ വാക്യം ഒന്നുകൂടി സ്മരിക്കൂ. "യഹോവയുടെ വഴി ചുഴലിക്കാറ്റിലും കൊടുങ്കാറ്റിലും ഉണ്ട്."

ചുഴലിക്കാറ്റുകളുണ്ട്, കൊടുങ്കാറ്റുകളുണ്ട്. ഞാൻ കോളേജിൽ ആയിരുന്നപ്പോൾ എത്രയെത്ര കുഞ്ഞുങ്ങളുടെ ജീവിതം ചുഴലിക്കാറ്റേറ്റ് ആടിയുലഞ്ഞ് വീഴുന്നത് ഞാൻ കണ്ടിട്ടുണ്ട്! യുവാക്കളുടെ ജീവിതം തകരുന്നു. കഞ്ചാവിന്റെ അടിമകളായി യുവചേതന മരവിക്കുന്നു. യുവ ചൈതന്യം കെട്ടുപോകുന്നു. ചുഴലിക്കാറ്റ് കഞ്ചാവിന്റെ രൂപത്തിലാണ് ചിലരെ പിടികൂടുന്നത്.

നല്ല ഓജസ്സുള്ള ചെറുപ്പക്കാർ, കോമളന്മാരായ യുവാക്കൻമാർ, അവർ കഞ്ചാവിന്റെ അടിമകളായിത്തീർന്നിട്ടു സുബോധം നഷ്ടപ്പെട്ടവരായി, പ്രാഞ്ചി പ്രാഞ്ചി സ്വപ്ന ജീവികളെപ്പോലെ നടക്കുന്നതു കണ്ട് ഞാൻ സഹതാപത്തോടെ നിന്നിട്ടുണ്ട്. എന്താണ് പറയുന്നതെന്നോ, എന്താണ് ചെയ്യുന്നതെന്നോ അറിയാതെ സുബോധം കെട്ടവരെപ്പോലെ പാവം യുവാക്കൾ നടക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്.

കോളേജിൽ ചേരാൻ വരുമ്പോൾ നല്ല ഓജസ്സുള്ള യുവാക്കന്മാർ നല്ല ഓമനത്വം ഉള്ള ചെറുപ്പക്കാർ, നല്ല ബുദ്ധിയുള്ള കുഞ്ഞുങ്ങൾ. എന്നാൽ ഏതാനും നാൾ കഴിഞ്ഞ് ചില കൂട്ടുകെട്ടുകളിൽ പെട്ടു. കൂട്ടുകാരുടെ സ്വാധീനത്തിൽ പെട്ടു. എത്ര പെട്ടെന്നാണ് അവരുടെ ബുദ്ധിമന്ദിക്കുന്നത്! എത്ര പെട്ടെന്നാണ് അവരുടെ മുഖം വിളറിപ്പോകുന്നത്! എത്ര പെട്ടെന്നാണ് അവർ സ്വപ്നജീവികളെപ്പോലെ ആയിത്തീരുന്നത്!

ക്ലാസ്സിൽ ഇരിക്കും. ഒരു ശല്ല്യവുമില്ല. ഒരിക്കൽ ഒരു

അദ്ധ്യാപകൻ എന്റെ അടുക്കൽ വന്നു പറഞ്ഞു. സാറേ ഒരു ശല്ല്യവുമില്ല. പുറത്തൊക്കെ വലിയ ശല്ല്യം എന്നല്ലേ വിചാരിച്ചിരുന്നത്. ക്ലാസ്സിൽ ഒരു ശല്ല്യവും ഇല്ല. വളരെ അച്ചടക്കത്തോടെയാണ് ഇരിക്കുന്നത്. അപ്പോൾ ഞാൻ ചോദിച്ചു. ആരുടെ കാര്യമാണ് പറയുന്നത്? സാറേ ഇന്ന കുട്ടി. ഞാൻ പറഞ്ഞു.

അച്ചടക്കത്തോടെയിരിക്കാൻ കാരണമുണ്ട്. കിറുങ്ങിയിരിക്കുകയാണ്. സുബോധമില്ലാതെയിരിക്കുകയാണ്. പാവം. അവൻ നല്ലപോലെ ശ്രദ്ധിച്ചിരിക്കുന്നു എന്നല്ലേ സാറിനു തോന്നിയത്? ശ്രദ്ധിച്ചിരിക്കുകയല്ല വേറെ ലോകത്താണ് അവന്റെ മനോമണ്ഡലം മുഴുവൻ.

മയക്കുമരുന്നു കുത്തിവയ്ക്കുന്ന യുവാക്കൾ. എത്ര ഭയാനകമാണ് ! യുവാക്കൾ നശിക്കുന്നു. കൊടുങ്കാറ്റാണ്. കുടുംബത്തിൽ, മാതാപിതാക്കളുടെ മേൽ, അടിക്കുന്ന കൊടുങ്കാറ്റാണ്. കൊടുങ്കാറ്റുകൾ പലവിധം.

വളരെ നാളായി ആശിച്ച്, കൊതിച്ച്, മോഹിച്ച് ഒരു വിവാഹം നടന്നു. വിവാഹം നടന്നു കഴിഞ്ഞപ്പോഴല്ലേ വിവാഹത്തിനുമുൻപു പറഞ്ഞിരുന്നതുപോലെ ഒന്നും അല്ല കാര്യങ്ങൾ. ചെറുപ്പക്കാരൻ നല്ല യോഗ്യനാണ്. നല്ല ധനസമൃദ്ധിയുണ്ട്. നല്ല ബാങ്ക് ബാലൻസ് ഉണ്ട്. ഇങ്ങനെയൊക്കെ പറഞ്ഞാണ് വിവാഹം നടന്നത്. പക്ഷേ മുഴുവൻ കളവായിരുന്നുവെന്നു പിന്നീടാണ് അറിഞ്ഞത്.

അയ്യോ കഷ്ടം! ആ പെൺകുട്ടി ഇന്നു നിരാശയിൽ കഴിയുകയാണ്. കാരണം അവൻ മദ്യത്തിന്റെ അടിമയാണ്. പറഞ്ഞ വിദ്യാഭ്യാസം ഒന്നും അവന് ഇല്ല. ഒരു വരുമാനവുമില്ല. ഉള്ളതു മുഴുവൻ കുടിച്ചു മുടിയുകയാണ്.

വേറൊരു കാര്യം പറയാം. വിവാഹം കഴിഞ്ഞു. ആറ്റു

നോറ്റു  കിട്ടിയ വിവാഹമാണ്. വിവാഹം കഴിഞ്ഞു ഏതാനും ദിവസം കഴിഞ്ഞപ്പോൾ ആണ് അറിയുന്നത്, ആ പെൺകുട്ടി സ്ഥിരമായി മരുന്നു കഴിക്കുന്നവളായിരുന്നു. ഒന്നു രണ്ടു ദിവസം മരുന്നു കഴിച്ചില്ല. എങ്ങനെയോ മരുന്നു കഴിക്കാൻ കഴിഞ്ഞില്ല. Violent ആയി. വലിയ ബഹളമായി. സുബോധ മില്ലാത്തതുപോലെ. പാവം, ആ യുവാവ് അമ്പരപ്പിലായി! കൊടുങ്കാറ്റ്!  ചുഴലിക്കാറ്റ്!

നല്ല പോലെ ഉയർന്നു വരുന്ന ബിസിനസ്സ് ആയിരുന്നു. എന്നാൽ ഇപ്പോൾ പണ്ടേപ്പോലെ ബിസിനസ്സ് ഇല്ല. തന്നെ യല്ല, കടം കൂടിക്കൂടി  വരുന്നു. എങ്ങനെ മുമ്പോട്ടുപോകും? വലിയ കടം വന്നുകയറിക്കഴിഞ്ഞു. ബിസിനസ്സ് സ്ഥാപന ങ്ങൾ മുഴുവൻ വിറ്റാലും തീരാത്ത കടം വന്നു കയറി. എന്തു ചെയ്യും? പറമ്പുവിറ്റാലും, വീടുവിറ്റാലും, തീരാത്ത കടമായി. പലിശ കൊടുത്തു മുടിയുന്നു. ഇപ്പോൾ പലിശ കൊടുക്കാനും മാർഗ്ഗമില്ല. ആളുകളുടെ മുഖത്തു നോക്കാനും വയ്യാ. വലിയൊരു കൊടുങ്കാറ്റാണ്, വലിയൊരു ചുഴലിക്കാ റ്റാണ്.

സഹോദരങ്ങളേ, ഇങ്ങനെ നിങ്ങൾ ചിന്തിക്കൂ. നല്ല പ്രതീ ക്ഷയോടെ വളർന്നു വന്ന യുവാവ് ആയിരുന്നു. നല്ല പ്രതീക്ഷ, നല്ല സമർത്ഥനായ യുവാവ്. പക്ഷേ എന്താ ണെന്നു അറിഞ്ഞുകൂടാ. ആ ചെറുപ്പക്കാരനു ഇപ്പോൾ ഭയ ങ്കര കോപാവേശം. ഞെട്ടിപ്പിക്കുന്ന ദേഷ്യം. എന്താണോ അവനു പറ്റിയത്? അറിഞ്ഞുകൂടാ. ആ പെൺകുട്ടിയുടെ മാതാപിതാക്കൾ ദു:ഖിക്കുന്നു. അല്ല, ആ ചെറുപ്പക്കാരന്റെ മാതാപിതാക്കൾ ദു:ഖിക്കുന്നു. കുടുംബം ആകെ കലക്കത്തി ലായി. ഇന്നു ചുഴലിക്കാറ്റ് ആ കുടുംബത്തിൽ ആഞ്ഞു വീശുകയാണ്. ആ കുടുംബം ആടി ഉലയുകയാണ്, തകരു കയാണ്.

നിങ്ങൾക്ക് പറയുവാൻ വകയില്ലേ. കൊടുങ്കാറ്റേറ്റു വലയുന്നവർ. രോഗം, മാരകമായ രോഗം ആണെന്നു മനസ്സിലായി. ഇനി എന്തു ചെയ്യും? ചികിത്സകൾ ഫലിക്കുന്നില്ല. ഫലിക്കാൻ സാദ്ധ്യതയുമില്ല എന്നാണ് ഡോക്ടേഴ്സ് പറയുന്നത്. എന്തുചെയ്യും? വലിയൊരു കൊടുങ്കാറ്റാണ്.

മൂന്നു പ്രാവശ്യം ഡിഗ്രി പരീക്ഷ എഴുതി. പാസായില്ല. നല്ലപോലെ പഠിച്ചാണ് എഴുതിയത്. പക്ഷേ പാസായില്ല. ചുഴലിക്കാറ്റാണ്; കൊടുങ്കാറ്റാണ്.

ഒരു ചെറുപ്പക്കാരൻ സങ്കടത്തോടെ പറഞ്ഞതാണ്. എൻജിനീയറിംഗ് ഫൈനൽ പരീക്ഷ എഴുതുകയാണ്. എഴുതുന്നതിന്റെ തലേ ദിവസം ടൈഫോയിഡ്. അയ്യോ കഷ്ടം! വളരെ പ്രതീക്ഷയോടെ നല്ല ഡിസ്റ്റിംങ്ഷൻ വാങ്ങേണ്ട യുവാവാണ്. ഏതാണ്ടു മൂന്നാഴ്ചയോളം രോഗഗ്രസ്തനായി കിടന്നു. എങ്കിലും മിടുക്കനല്ലേ. ബുദ്ധിയുള്ളവനല്ലേ. പിന്നെയും നല്ല കഠിനാദ്ധ്വാനം ചെയ്തു പഠിച്ചു. അടുത്ത ചാൻസ് പരീക്ഷ എഴുതുവാൻ തയാറെടുത്തു. പക്ഷേ പരീക്ഷ എഴുതുന്നതിന്റെ തലേദിവസം വീണ്ടും ടൈഫോയിഡ് തന്നെ. എന്താണ് ഇങ്ങനെ വരുന്നത്? അതേ, ചുഴലിക്കാറ്റാണ്.

മൂന്നുപേർ, വിവാഹപ്രായം കഴിഞ്ഞ പെൺകുട്ടികൾ. വിവാഹം ആലോചിക്കുവാൻ ആരുമില്ല. അപ്പനുണ്ട്. സഹോദരന്മാരുണ്ട്. ഞങ്ങൾ മൂന്നുപേർക്കും ശമ്പളം ഉള്ളതുകൊണ്ട് ഞങ്ങളെ വിവാഹം കഴിച്ചു വിടാൻ സഹോദരന്മാർക്കു സമ്മതമല്ല. ഇന്നു ഞങ്ങളെ വിവാഹം കഴിച്ചുവിട്ടാൽ ഞങ്ങളുടെ ശമ്പളം വീട്ടിലേക്കു വരില്ലല്ലോ. ഓരോ തരത്തിൽ കൊടുങ്കാറ്റേറ്റു വലയുന്ന ജീവിതങ്ങൾ!

നല്ലൊരു ജോലി. ആ ജോലി നഷ്ടപ്പെട്ടു. പെട്ടെന്നാണ് ജോലി പോയത്. വരുമാനം നിലച്ചുപോയി. ജീവിതം അവ

താളത്തിലായി എന്തുചെയ്യും?

വലിയ തുക കടമെടുത്താണ് അങ്ങ് വിദേശത്തേക്ക് 'വിസ' കിട്ടാനായി ക്രമീകരണങ്ങൾ ചെയ്തത്. പക്ഷേ ആ ഏജന്റ് ചതിച്ചു. കടം! എന്തുചെയ്യും? എല്ലാം തകരുന്നു. ചുഴലിക്കാറ്റുകളിൽ പിടയുന്ന ജീവിതങ്ങൾ.

എന്നാൽ ഇന്നു സഹോദരങ്ങളെ, നിങ്ങളോടു പറയട്ടെ. യഹോവയുടെ വഴി ചുഴലിക്കാറ്റിലും കൊടുങ്കാറ്റിലുമുണ്ട്. ഒട്ടേറെ ചുഴലിക്കാറ്റിൽ പെട്ടു ആടിപ്പോയ ഒരു മനുഷ്യനാണു ഞാൻ, വാടി തളർന്നുപോയ ഒരു മനുഷ്യൻ. എന്റെ ഒരു വയസ്സിൽ അപ്പൻ മരിച്ചു. രണ്ടാമത്തെ വയസ്സിൽ എന്റെ ചേട്ടൻ മരിച്ചു. ആണും തൂണുമായി ഞാൻ മാത്രം. എന്റെ അമ്മ മുപ്പതാമത്തെ വയസ്സിൽ വിധവയായി. അനാഥനെപ്പോലെ ജീവിച്ച മനുഷ്യൻ. ജീവിതത്തിൽ ഞാനുണ്ട്, എന്റെ അമ്മയുണ്ട്, എന്റെ പെങ്ങളുണ്ട്. മൂന്നുപേർക്കും രോഗം. രോഗത്തിനു എന്നും ചികിത്സ. എന്നും മരുന്ന്, എന്നും കഷായം. ദുരിതം പിടിച്ച ജീവിതം. യാതനാഭരിതമായ ജീവിതം. ഏതാണ്ടു അനാഥമായിപ്പോയ ജീവിതം. പത്താം ക്ലാസ്സു പാസായപ്പോൾ പഠിത്തം മുടങ്ങിയ ജീവിതം. വിവരിക്കുന്നില്ല.

എന്നാൽ എന്റെ പതിനേഴാമത്തെ വയസ്സിൽ ഞാൻ രാജാധിരാജനെ കണ്ടുമുട്ടി. ഞാൻ നിരാശനും അവശനും ആയി ഇരുന്നിടത്തേക്ക് യേശു എന്നെ തേടി വന്നു. പ്രിയരേ അലങ്കാര ഭാഷയല്ല ഞാൻ പറയുന്നത്. ഗോഗുത്തായിൽ മരിച്ച് ഉയർത്തെഴുന്നേറ്റു ജീവിക്കുന്ന ക്രിസ്തു എന്നെത്തേടി എന്റെ അരികിലേക്കു വന്നു. അവൻ എന്നോട് അനുവാദം ഒന്നും ചോദിച്ചില്ല. അവൻ അധികാരത്തോടെ നടന്നുകയറി, ഈ ചങ്കിൽ ഇരിപ്പുറപ്പിച്ചു.

അന്നുമുതൽ ഐശ്വര്യം തുടങ്ങി. അന്നുമുതൽ രോഗം മാറി. അന്നു മുതൽ പ്രശ്നം മാറി. അന്നുമുതൽ ഞാൻ അപ്പനുള്ള മകനായി. അന്നു മുതൽ ഞാൻ രക്ഷ കർത്താവുള്ള ഒരു മകനായി. രാജാധിരാജൻ എന്റെ ഹൃദ യത്തിലേക്കു വന്നു. ജീവിതത്തിലേക്കു വന്നു. എന്തിനു ഞാൻ ജീവിക്കുന്നു എന്നറിയാതെ, ജീവിതത്തിന് അർത്ഥം കണ്ടെത്താനാവാതെ നിരാശപ്പെട്ട വലഞ്ഞിരുന്ന എന്റെ ജീവി തത്തിലേക്കു സമാധാനവുമായി യേശു കടന്നു വന്നു.

ആരെല്ലാം മനസ്സ് ഉലഞ്ഞ് വിഷമിച്ചിരിക്കുന്നുണ്ട്, ആരെല്ലാം കൊടുങ്കാറ്റേറ്റ് വാടി ഉലയുന്നുണ്ട്, ആരെല്ലാം ഇന്നു പ്രതി സന്ധികളിൽ പെട്ടു ഉഴന്നു വിഷമിക്കുന്നുണ്ട്? നിങ്ങളെ തേടി യേശു ഇതാ നിങ്ങളുടെ അരികത്തേക്കു വന്നിരിക്കു കയാണ്. നിങ്ങളുടെ ജീവിതത്തിനു കെട്ടുറപ്പു തരാൻ, നിങ്ങ ളുടെ ജീവിതത്തിനു ധൈര്യം തരാൻ, നിങ്ങളുടെ ജീവിത ത്തിനു സമാധാനം തരാൻ, സുരക്ഷിതത്വം തരാൻ, നിങ്ങ ളുടെ നാഥനായി കർത്താവായി, ഉടമസ്ഥനായി, ഉടയവനാ യി, നിങ്ങളെ തേടി വന്നിരിക്കുകയാണ്.

നൂറ്റാണ്ടുകൾക്കു മുൻപ് ദമസ്ക്കോസ് റോഡിൽ മുഴ ങ്ങിയ ശബ്ദം “ശൗലേ ശൗലേ നീ എന്നെ ഉപദ്രവിക്കു ന്നതെന്ത്?” എന്നു ചോദിച്ച ആ സ്വരം തന്നെ നിങ്ങളെ പേർ ചൊല്ലി വിളിച്ചുകൊണ്ടു പറയുന്നു. പ്രിയ മകനേ, പ്രിയ മകളേ, നിന്റെ ഹൃദയം എനിക്കു തരുമോ?

യേശു ഒന്നേ ചോദിക്കുന്നുള്ളൂ. പൈസ കർത്താവു ചോദിക്കുന്നില്ല. കാണിക്ക ഇടാൻ കർത്താവു പറയുന്നില്ല. പിരിവു കൊടുക്കാൻ കർത്താവു പറയുന്നില്ല. സംഭാവന കൊടുപ്പാനും പറയുന്നില്ല. കർത്താവു ഒന്നേ പറയുന്നുള്ളൂ, നിന്റെ തകർന്നുപോയ ജീവിതം ഇങ്ങു തരുമോ മകനെ

എന്നു മാത്രം.

ഒരാളെ ഓർക്കുന്നു. മദ്യപാനംകൊണ്ട് കടത്തിൽ വീർപ്പുമുട്ടിയ ഒരു യുവാവ്, വാഴയിലയിൽ കിടത്തേണ്ടിവന്നു. കാരണം മുഴുവൻ പൊള്ളിപ്പോയി. അറിയാതെ പറ്റിയതല്ല, മരിക്കാൻ വേണ്ടി തന്നെത്താൻ മണ്ണെണ്ണ ഒഴിച്ചു തീ കൊളുത്തി. പാവം! അത്ര വലിയ ഭൂതമായിരുന്നു. അത്ര വലിയ കടബാദ്ധ്യതയായിരുന്നു. കുടുംബം പട്ടിണിയിലാണ്. ദുരിതങ്ങൾ പലതുണ്ട്. സമാധാനമില്ല. എന്നാൽ മരിച്ചുകളയാം എന്നു കരുതി ചെയ്തതാണ്.

ഇതിനെല്ലാം കാരണം മദ്യപാനമാണ്. കുടി തുടങ്ങിയിട്ടു നിർത്തുവാൻ പറ്റുന്നില്ല. കൂട്ടുക്കാർകൂടി കുടിച്ചുകുടിച്ചു ലക്കുകെട്ടു. എത്ര കുടിച്ചാലും മതിവരാതെ അങ്ങനെ കുടിച്ചുനശിച്ച മനുഷ്യനാണ്. കുടിക്കാതിരുന്നുവെങ്കിൽ ജീവിച്ചുപോകാനുള്ള വക ഒക്കെ ഉണ്ടായിരുന്നു. പക്ഷേ മദ്യപിച്ച് മദ്യപിച്ച് നശിച്ചു. കൊടുങ്കാറ്റു ആഞ്ഞു വീശി. ആത്മഹത്യ ചെയ്യാൻ മണ്ണെണ്ണ ഒഴിച്ചു തീ കൊളുത്തി. 58% പൊള്ളൽ. പൊള്ളി അഴുകാത്ത ഭാഗങ്ങൾ കുറവ്. എന്നിട്ടോ വാഴയിലയിൽ കിടത്തേണ്ടിവന്നു. കുറച്ചൊന്നുമല്ല 48 ദിവസം. എന്തു യാതന സഹിച്ചുകാണും!

നിങ്ങൾക്കു കേൾക്കണമോ, യേശുക്രിസ്തു വചനവുമായി പാവം ആ യുവാവിനെ സന്ദർശിച്ചു. യേശുക്രിസ്തുവിനെ അയാൾ ഹൃദയത്തിന്റെ നാഥനായി സ്വീകരിച്ചു. ജീവിതം തളിരിട്ടു. ജീവിതം കൂമ്പെടുത്തു. ദൈവം ആയുസ്സ് നീട്ടിക്കൊടുത്ത് അനുഗ്രഹിച്ചു. ഇപ്പോൾ ഭാര്യയും രണ്ടു കുഞ്ഞുങ്ങളുമൊത്ത് സന്തോഷമായി കഴിയുന്നു.

ഒരു സ്ത്രീ പറഞ്ഞു : ഞാൻ അങ്ങു മരിച്ചേക്കാം. ഞാൻ അങ്ങു വഴി മാറി കൊടുത്തേക്കാം. ഏതായാലും അദ്ദേഹ

ത്തിനു എന്നെ ഇഷ്ടമല്ല. എന്റെ സൗന്ദര്യം പോരെന്നാണ് അദ്ദേഹത്തിന്റെ വിചാരം. ആരോഗ്യം പോരെന്നാണ് അദ്ദേഹത്തിന്റെ വിചാരം. ഭർത്താവിനെ കുറിച്ച് പറയുന്നതാണ്. ഏതായാലും അദ്ദേഹത്തിന് എന്നെ ഇഷ്ടമില്ലാതെയായി. എന്നാൽ ഞാൻ അങ്ങു മരിച്ചേക്കാം. അദ്ദേഹം സുഖമായിട്ട് ആ സ്ത്രീയുടെ കൂടെ ജീവിക്കട്ടെ. അങ്ങനെയെങ്കിലും അദ്ദേഹം സന്തോഷമായി കഴിയട്ടെ. ഞാൻ ഒരാളു വഴിമാറിക്കൊടുത്താൽ അവർക്കു സുഖമായി ജീവിക്കാമല്ലൊ.

കൊടുങ്കാറ്റിൽ ആടിപോയിട്ടു മരിച്ചാൽ മതി എന്നു വിചാരിക്കുന്നവർ ആരെല്ലാമുണ്ട്. ആത്മഹത്യ ചെയ്താൽ മതി എന്നു വിചാരിച്ചവർ ആരെല്ലാം ഇതു വായിക്കുന്നുണ്ട്. ജീവിതം തകർന്നവരായി വാടി ഉലഞ്ഞവരായി ആരെല്ലാം ഇതു വായിക്കുന്നുണ്ട്. മകനേ, മകളേ യഹോവയുടെ വഴി ചുഴലിക്കാറ്റിലും കൊടുങ്കാറ്റിലും ഉണ്ട്. സ്വർഗ്ഗത്തിലെ ദൈവം നിന്നെ കാണുന്നുണ്ട്. നിന്റെ ഭാവി അവൻ കാണുന്നുണ്ട്. അവൻ നിന്നിൽ വലിയ പ്രതീക്ഷ വച്ചിട്ടുണ്ട്. വലിയ ആശ വച്ചിട്ടുണ്ട്. മകളെ, നീ നിന്റെ ആയുസ്സ് നശിപ്പിക്കല്ലേ.

നിന്നെക്കുറിച്ച് ദൈവത്തിനു ഒരു പദ്ധതിയുണ്ട്. നിന്നിൽ നിന്നുക്കൊണ്ടു വൻ കാര്യങ്ങൾ നടത്താൻ സ്വർഗ്ഗത്തിനു ആശയുണ്ട്. മകനെ നിന്നിൽ ചവുട്ടിനിന്നുകൊണ്ട് ഒരു ഭവനത്തെ മാത്രമല്ല, അനേകമനേകം വ്യക്തികളെ വീണ്ടെടുക്കുവാനും സ്വർഗ്ഗത്തിലെ ദൈവത്തിനു പരിപാടിയുണ്ട്. നീ നിന്റെ ആയുസ്സ് നശിപ്പിക്കല്ലേ. നിന്റെ ഭാവി ഇരുളടഞ്ഞു പോകല്ലേ. സമാധാനത്തിന്റെ ഉടയവൻ നിന്നെ സന്ദർശിക്കുകയാണ്. ജീവിതം തകർന്നു പോയവർ, ആടിയുലഞ്ഞു പോയവർ ആരെല്ലാം ഈ വാക്കുകളെ വായിക്കുന്നുണ്ട്.

പണ്ട് വിവാഹമോചനം എന്നു പറയുന്നതു – DIVORCE – പടിഞ്ഞാറൻ നാടുകളിലേ കേട്ടിട്ടുള്ളൂ. ഇപ്പോൾ നമ്മുടെ

ഇന്ത്യയിലൊക്കെ ധാരാളമായി വിവാഹമോചനം നടക്കു ന്നു. എന്തെങ്കിലും ഒരു പൊരുത്തക്കേടു വന്നാൽ വേറൊരു വിവാഹത്തിനു കൊതിക്കുകയാണ്. ഭേദപ്പെട്ട ജീവിതത്തിനു വേണ്ടി. നിന്റെ ജീവിതത്തിൽ betterment കിട്ടണമെങ്കിൽ സാക്ഷാൽ ഉടമസ്ഥൻ അകത്തു വരണം. രക്ഷകൻ അകത്തു വരണം. രാജാധിരാജൻ ഉള്ളത്തിലേക്കു വരണം. ക്രിസ്തു നിന്റെ ഹൃദയത്തിലേക്കു കടന്നു വരണം.

രാജാധിരാജൻ അകത്തു വരാൻ സഭ മാറണ്ടാ. സമു ദായം മാറണ്ടാ. ഇതുപറയുമ്പോൾ നിങ്ങളുടെ നെറ്റി ചുളി യണ്ടാ. സഭയല്ല മാറേണ്ടത് ഹൃദയം മാറണം. ഉടയവനായ ക്രിസ്തു ഹൃദയത്തിൽ വന്നാൽ ഹൃദയം മാറും. നിങ്ങൾ തെറ്റിദ്ധരിക്കേണ്ട. ജീവിതത്തിൽ നിങ്ങൾ ആരും നിരാശപ്പെ ടേണ്ടാ. യേശു ഉള്ളത്തിൽ വരുമ്പോൾ നിങ്ങളുടെ ജീവിത മാകെ പരിലസിക്കും. പ്രശോഭിതമാകും.

ഒരു വലിയ കോടീശ്വരനായ മനുഷ്യൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേര് ഹെൻട്രി സ്റ്റാഫോർഡ് എന്നായിരുന്നു. അദ്ദേഹത്തിന്റെ നാടു ചിക്കാഗോവിലായിരുന്നു. വലിയ ഒരു വ്യവസായ പ്രമുഖനാണ്. ധാരാളം എസ്റ്റേറ്റുകൾ ഉണ്ട്. വലിയ കച്ചവട സമുച്ചയങ്ങൾ ഉണ്ട്. ഒരു ദിവസം ഒരു വലിയ അത്യാഹിതമുണ്ടായി. നിനച്ചിരിയാതെ ഒരു അഗ്നിബാധയു ണ്ടായി. അഗ്നിബാധയിൽ ഹെൻട്രി സ്റ്റാഫോർഡിന്റെ കടക ളെല്ലാം കത്തി നശിച്ചു. കോടിക്കണക്കിനു രൂപയുടെ നഷ്ടം ഉണ്ടായി. തീർന്നില്ല. എസ്റ്റേറ്റുകളും കത്തുന്ന തീയിൽ പെട്ടു കത്തിയമർന്നു. നിരാശനായി, എന്താണുചെയ്യുക? ഒരു വിധ ത്തിലും സമാധാനത്തിനു വകയില്ല.

സ്റ്റാഫോർഡും ഭാര്യയും കൂടി ആലോചിച്ചു. കുറച്ചുനാൾ ഇതെല്ലാം ഒന്നു മറക്കാനായിട്ടു മാറിത്താമസിക്കാം എന്നു

തീരുമാനിച്ചു. സമുദ്രത്തിലൂടെയാണ് യാത്ര. 'വിലേ ഹാർവേ' എന്ന പ്രസിദ്ധമായ കപ്പലാണ്. ഇദ്ദേഹം തുറമുഖത്തെത്തി കപ്പലിൽ യാത്ര ചെയ്യാനുള്ള ക്രമീകരണങ്ങൾ എല്ലാം തരപ്പെടുത്തി. അപ്പോഴാണ് അദ്ദേഹത്തിനു നാട് വിട്ടുപോകാൻ കഴിയാത്ത ചില ഗൗരവമേറിയ ആവശ്യങ്ങൾ വന്നത്. അദ്ദേഹം ഭാര്യയോടും മക്കളോടും പറഞ്ഞു.

"നിങ്ങൾ പൊയ്ക്കോ. ഞാൻ പിന്നാലെ വന്നുകൊള്ളാം. എത്രയും പെട്ടെന്നു അത്യാവശ്യകാര്യങ്ങൾ ഒതുക്കി ഞാൻ വന്നുകൊള്ളാം. ഏതായാലും കപ്പലിൽ സൗകര്യങ്ങൾ എല്ലാം ഒരുക്കിയതല്ലേ. നിങ്ങൾ പൊയ്ക്കോ."

കപ്പലിൽ ഭാര്യയും മൂന്നു മക്കളും കയറി. അധികം കഴിഞ്ഞില്ല, അറ്റ്ലാന്റിക് മഹാസമുദ്രത്തിൽക്കൂടി പോകുന്ന ആ വലിയ കപ്പൽ തകർന്നു. അറ്റ്ലാന്റിക്കിന്റെ ആഴങ്ങളിലേക്കു ആ കപ്പൽ മുങ്ങിത്താണു, ആരും രക്ഷപ്പെട്ടില്ല. ഹെൻട്രി സ്റ്റാഫോർഡിന്റെ ഭാര്യയും മൂന്നു കുഞ്ഞുങ്ങളും വെള്ളത്തിൽ മുങ്ങി മരിച്ചു. സ്വത്തുപോയി, എസ്റ്റേറ്റ് നഷ്ടപ്പെട്ടു, കോടിക്കണക്കിനു ഡോളർ നഷ്ടപ്പെട്ടു. ഇപ്പോൾ ഭാര്യയും മക്കളും മരിച്ചു. എല്ലാം പോയി.

അടുത്ത കപ്പലിൽ അദ്ദേഹം പുറപ്പെട്ടു. "വിലേ ഹാർവേ" മുങ്ങിയ ഭാഗത്തു വന്നപ്പോൾ കപ്പൽ അവിടെ നിർത്തി. ക്യാപ്റ്റൻ വിളിച്ചു പറഞ്ഞു, ഇവിടെയാണ് "വിലേ ഹാർവേ" മുങ്ങിയത്. ഹെൻട്രി സ്റ്റാഫോർഡ് കപ്പലിന്റെ മുകൾത്തട്ടിൽ കൈപ്പിടിയിൽ പിടിച്ചുകൊണ്ട് ആ ഭാഗത്തെ വെള്ളത്തിലേക്കു നോക്കിക്കൊണ്ടുനിന്നു. കണ്ണുനീർ കവിളിൽ കൂടി ഒഴുകാൻ തുടങ്ങി. ഭാര്യയും മൂന്നു കുഞ്ഞുങ്ങളും മുങ്ങിപ്പോയ സ്ഥലത്തു ആ ഹതഭാഗ്യനായ മനുഷ്യൻ ഏങ്ങലടിച്ച് കണ്ണുനീർ ഒഴുക്കിക്കൊണ്ടു നിന്നു. അദ്ദേഹം ആ സമ

യത്ത് അറിയാതെ വിതുമ്പി കരഞ്ഞുകൊണ്ടു പാടിയ പാട്ടാണ്.

"എല്ലാം നന്മയ്ക്കായി
സ്വർഗ്ഗതാതൻ ചെയ്തിടുന്നു
നിർണ്ണയമാം വിളി കേട്ടവർക്കും
ദൈവത്തിൻ സ്നേഹം അറിഞ്ഞവർക്കും."

യഹോവയുടെ വഴി ചുഴലിക്കാറ്റിലും കൊടുങ്കാറ്റിലുമുണ്ട്.

താങ്ങാനാവാത്ത കടഭാരങ്ങൾ വരാം. സഹിക്കാൻ ആവാത്ത വേദനാവിഷയങ്ങൾ വരാം. ഒരിക്കലും നേരിടുവാൻ വയ്യാത്ത വിധത്തിലുള്ള പ്രതിസന്ധികൾ വരാം, മുന്നോട്ട് ഒരു ചുവടു വെയ്ക്കാൻ പറ്റാത്തവിധം വഴികൾ മുടങ്ങിക്കാണാം, അനുകൂലമായി ഒരു വാക്കുപറയുവാൻ ആരെയും കിട്ടിയില്ലാ എന്നു വരാം. സ്വന്തം കുടുംബത്തിൽ തന്നെ ഒറ്റപ്പെടുത്തി എന്നുവരാം. സ്വന്തം ഭാര്യ തള്ളിപ്പറഞ്ഞു എന്നുവരാം. ഭർത്താവു തിരിഞ്ഞു നോക്കിയില്ലാ എന്നു വരാം. ഓമനക്കുഞ്ഞുങ്ങൾ ഗൗനിച്ചില്ല എന്നു വന്നേക്കാം. മാതാപിതാക്കൾ മറന്നു പോയി എന്നു വന്നേക്കാം. എന്നാൽ പ്രിയപ്പെട്ടവരേ ഓർക്കുക, യഹോവയുടെ വഴി ചുഴലിക്കാറ്റിലും കൊടുങ്കാറ്റിലും ഉണ്ട്.

എല്ലാം നന്മയ്ക്ക്. പറയാൻ എളുപ്പമാണ്. ദൈവത്തെ സ്നേഹിക്കുന്നവർക്കു നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു എല്ലാം നന്മയ്ക്ക്.

## നാല്

“യഹോവയുടെ വഴി ചുഴലിക്കാറ്റിലും കൊടുങ്കാറ്റിലുമുണ്ട്.” നഹൂം 1 : 3

നഹൂം പ്രവാചകൻ ഇതു പറയുന്നതിനു നൂറു വർഷം മുൻപ് യോന പ്രവാചകൻ പുസ്തകമെഴുതി. യോനാ പ്രവാചകന്റെ പുസ്തകവും, നഹൂം പ്രവാചകന്റെ പുസ്തകവും രണ്ടും നിനവേ എന്ന നഗരത്തെക്കുറിച്ച് ആണ്. നിനവേ എന്നു പറയുന്നത് ഇന്നത്തെ ഇറാക്കിലെ ഒരു തുറമുഖ പട്ടണമാണ്. ഈ നിനവേ നഗരത്തെക്കുറിച്ചു യോനാ പ്രവാചകൻ എഴുതിക്കഴിഞ്ഞു നൂറുവർഷം കഴിഞ്ഞ് നഹൂം പ്രവാചകൻ എഴുതി. “യഹോവയുടെ വഴി ചുഴലിക്കാറ്റിലും കൊടുങ്കാറ്റിലും ഉണ്ട്” എന്ന്. അതിനു എന്താണ് തെളിവ്?

“യഹോവയോ സമുദ്രത്തിൽ ഒരു പെരുങ്കാറ്റു അടിപ്പിച്ചു. കപ്പൽ തകർന്നു പോകുവാൻ തക്കവണ്ണം സമുദ്രത്തിൽ വലിയൊരു കോൾ ഉണ്ടായി.” യോന 1 : 4

യോന പ്രവാചകൻ കപ്പൽ യാത്ര ചെയ്യുകയാണ്. കപ്പലിൽ വിരുദ്ധദിശയിലേക്കാണ് യാത്ര ചെയ്യുന്നത്. പ്രവാചകനെ ദൈവം വിളിച്ചതു നിനവേയിലേക്കു പോകുവാനാണ്. ആഫ്രിക്കയുടെ വടക്കേ തീരത്തുള്ള പ്രവാചകൻ കിഴക്കോട്ടു പോകുവാൻ പറഞ്ഞപ്പോൾ മെഡിറ്ററേനിയൻ കടലിന്റെ തീരത്തുനിന്ന് പടിഞ്ഞാറോട്ടുപോകുന്ന കപ്പലിൽ കയറി, തർശ്ശീശിലേക്കു പോയി. യോനാ പ്രവാചകൻ ദൈവത്തിന്റെ ഹിതം വിട്ടു ദൈവത്തിനു വിരുദ്ധമായ ദിശയിൽ യാത്ര ചെയ്തു പോയി. ദൈവമോ ഒരു കൊടുങ്കാറ്റു അടിപ്പിച്ചു.

പ്രവാചകൻ ചിന്തിച്ചു. ഞാൻ നിനവേയിൽ ചെന്നു ദൈവത്തിന്റെ വചനം പറയണം. ദൈവത്തിന്റെ വചനമെന്താണ്? നാല്പതു ദിവസം കഴിഞ്ഞാൽ നിനവേ ഉന്മൂലമാകും. അതറിയുമ്പോൾ ആ പാവപ്പെട്ട ജനം അനുതപിക്കും. അവർ അനുതപിക്കുമ്പോൾ ദൈവം അവരെ നശിപ്പിക്കില്ല. അപ്പോൾ എന്റെ വാക്കിനു വിലയില്ലാതെ വരാം. ഞാൻ പറഞ്ഞു നിങ്ങൾ നശിക്കും എന്ന്, പക്ഷെ അവർ നശിക്കില്ല.

സ്വന്തം നില നോക്കുന്ന പ്രവാചകൻ, സ്വന്തം മാനം നോക്കുന്ന പ്രവാചകൻ, ദൈവത്തിന്റെ വചനം പറയുന്ന രംഗത്തുപോലും സ്വന്തം മഹത്വം അന്വേഷിക്കുന്ന പ്രവാചകൻ ദൈവത്തിനു കൊള്ളാവുന്നവനല്ല. ജീവിതത്തിൽ ചില കൊടുങ്കാറ്റുകൾ വരുമ്പോൾ ഒന്ന് ഇരുന്ന് ചിന്തിക്കണം. ദൈവഹിതത്തിനു വിരുദ്ധമായിട്ടാണോ എന്റെ മനോഭാവം പോകുന്നത്.

ജീവിതത്തിൽ ചില കൊടുങ്കാറ്റുകൾ വരുമ്പോൾ, മക്കൾ താന്തോന്നികളായി തീരുമ്പോൾ, മക്കൾ പഠിക്കാതെ ഉഴപ്പി നടക്കുമ്പോൾ, ഭർത്താവു മദ്യപിച്ച് ജീവിതം മുടിക്കുമ്പോൾ, ഭാര്യ അന്യപുരുഷന്റെ കൂടെ പോകുമ്പോൾ അപ്പോൾ എല്ലാം

ഒന്ന് ഇരുന്ന് ചിന്തിക്കണം.

കർത്താവേ എന്റെ കാഴ്ചപ്പാടുകളിൽ എവിടെയെല്ലാമാണ് വൈകല്യം വന്നത്. എവിടെയെല്ലാമാണ് പിശാച് അവകാശം പറയുന്നത്. എന്നെ നശിപ്പിക്കുവാൻ, തകർക്കുവാൻ സാത്താൻ അവകാശം പറഞ്ഞു കയറി വരുന്നതു എവിടെയെല്ലാമാണ്. എന്റെ പാപം എന്തെല്ലാമെന്ന് ഒന്നു ചിന്തിക്കണം. യോനാ പ്രവാചകൻ പ്രവാചകനാണെങ്കിലും പാപം വന്നുപോയി. പ്രവാചകന്മാർക്കും പാപം വരും.

പ്രിയപ്പെട്ടവരേ, പ്രവാചകൻ പ്രവൃത്തിയിൽ ഒരു പാപത്തിലേക്കു പോയില്ല. മദ്യപിക്കാനോ, ഭവനഭേദനത്തിന്നോ, കൊലപാതകം നടത്താനോ, കൊള്ള നടത്താനോ പ്രവാചകൻ പോയില്ല. പക്ഷേ പ്രവാചകൻ സ്വന്തം മാനം അന്വേഷിച്ചു. സ്വന്തം മാനവും സ്വന്തം വിലയും നിലയും നോക്കുന്നതു സ്വയത്തിന്റെ (self, ego) ഒരു വലിയ ഭീകര വ്യാപാരമാണ്. അത് ഉണ്ടെങ്കിൽ ദൈവത്തെ പ്രസാദിപ്പിക്കുവാൻ പറ്റുകയില്ല.

സഹോദരങ്ങളെ, നിങ്ങളോടു പറയട്ടെ. എന്റെ പതിനേഴാമത്തെ വയസ്സിലാണ് ഞാൻ മാനസാന്തരപ്പെട്ടത്. എന്നാൽ എന്റെ മുപ്പത്തിയാറാമത്തെ വയസ്സിൽ ഞാൻ പരിശുദ്ധാത്മാവിന്റെ മുമ്പിൽ മുട്ടുകുത്തി വിതുമ്പിക്കരഞ്ഞുകൊണ്ടു പറഞ്ഞു, കർത്താവേ, എന്റെ സ്വയത്തെ തൃപ്പാദത്തിൽ സമർപ്പിക്കുന്നു. എന്റെ Ego ഞാൻ താഴെവയ്ക്കുന്നു.

അനേകരെ പിടികൂടിയിരിക്കുന്ന സ്വയം (Self) സുവിശേഷകന്മാരെ പിടികൂടുന്നുണ്ട്. അതുദൈവവേലക്കാരെ പിടികൂടുന്നുണ്ട്. ദൈവത്തിന്റെ വേലയ്ക്കു സംഭാവന കൊടുക്കുന്നവരെ പിടികൂടുന്നുണ്ട്. എന്റെ പേര്, എന്റെ നില, എന്റെ വില, എന്റെ സ്ഥാനം, എന്റെ മാനം. എന്റെ മഹത്വം, എന്റെ

പുകഴ്ച, ആളുകളുടെ മുന്നിലുള്ള എന്റെ അംഗീകാരം. സ്വയത്തിന്റെ സവിശേഷതകളാണിവ.

പ്രവാചകനിലും ഈ പാപം വന്നു. കിഴക്കു നിനവേയി ലേക്കുപോകാൻ പറഞ്ഞിട്ടു പ്രവാചകൻ പടിഞ്ഞാറ് തർശീ ലിലേക്കു കപ്പൽ കയറി. തർശീശ് എന്നു പറയുന്നതു Great Britain ആണ്.

യഹോവയോ സമുദ്രത്തിൽ ഒരു പെരുങ്കാറ്റ് അടിപ്പിച്ചു. കപ്പൽ തകർന്നു പോകാൻ തക്കവണ്ണം സമുദ്രത്തിൽ വലിയ കോൾ ഉണ്ടായി. ഭയങ്കരമായ ചുഴലിക്കാറ്റ്. വലിയൊരു കൊടുങ്കാറ്റു തന്നെ.

കപ്പൽ ആടി ഉലയുവാൻ തുടങ്ങി. കപ്പൽക്കാർ അതിന്റെ ചരക്കെല്ലാം എറിഞ്ഞു കളഞ്ഞു. അങ്ങനെയെങ്കിലും കപ്പ ലിന്റെ ഭാരം കുറയ്ക്കാൻ. എന്തെല്ലാം എറിഞ്ഞു കള ഞ്ഞാലും അതിനകത്ത് ഒരു കെടാച്ചരക്ക് കിടപ്പില്ലേ. ആരാ? യോനാ പ്രവാചകൻ. അനുസരണംകെട്ട ദൈവപുരുഷൻ, അവനെ മാറ്റാതെ പ്രശ്നം തീരുമോ?

കപ്പലിന്റെ അടിത്തട്ടിൽ പ്രവാചകൻ കിടന്നുറങ്ങുന്നു. അടിത്തട്ടിൽ കിടക്കുന്ന അനുസരണക്കേടിനെ അവിടെ നിന്നെടുത്തു മാറ്റാതെ നിന്റെ ജീവിതത്തിൽ സ്വസ്ഥത കിട്ടു കയില്ല. ഇന്നു നിന്റെ കുടുംബത്തിലെ അസ്വസ്ഥതകൾ മാറ ണമെങ്കിൽ നിന്റെ ജീവിതത്തിന്റെ അടിത്തട്ടിൽ ഒളിച്ചു കിട ക്കുന്ന പാപങ്ങളെ പൊക്കിയെടുത്ത് എറിഞ്ഞുകളയണം.

നിങ്ങൾ സാധാരണ നിലയിൽ ചിന്തിച്ചാൽ പോരാ. എന്റെ ജീവിതത്തിൽ അടിക്കടി ചില കൊടുങ്കാറ്റുകൾ വരുന്നു. അടിക്കടി ചില ചുഴലിക്കാറ്റുകൾ വരുന്നു. ഞാൻ അറി യാതെ എനിക്കു മറഞ്ഞിരിക്കുന്ന എന്തെല്ലാം അനുസരണ

ക്കേടുകളാണ് എന്റെ ജീവിതത്തിലുള്ളത്. എവിടെയെല്ലാ മാണ് എനിക്കു പാകപ്പിഴയുള്ളത്? എവിടെയെല്ലാമാണ് എനിക്കു തെറ്റുപറ്റിയത്? ഏതെല്ലാം കാര്യത്തിലാണ് ഞാൻ ശത്രുവായ പൈശാചികനെ എന്റെ ഹൃദയത്തിൽ പിടിച്ചി രുത്തി സൽക്കരിച്ചത്. സാത്താൻ എന്നിൽ അവകാശം പറഞ്ഞു നില്ക്കുന്നത് ഏതെല്ലാം കാര്യത്തിലാണ്. ആരോ ടുള്ള വഴക്കിലാണ്, ആരോടുള്ള പിണക്കത്തിലാണ്, ആരോ ടുള്ള അസൂയയിലാണ്. എല്ലാം കണ്ടുപിടിച്ച് അനുതപിച്ച് ഏറ്റുപറയണം.

കൊടുങ്കാറ്റേറ്റ് വലയുന്നതൊന്നും പ്രവാചകൻ അറിഞ്ഞി ല്ല. നല്ല ഉറക്കമാണ് അടിത്തട്ടിൽകിടന്ന്. കപ്പൽക്കാർ എഴു ന്നേറ്റു ഉച്ചത്തിൽ പ്രാർത്ഥിപ്പാൻ തുടങ്ങി. ഓരോരുത്തൻ ഉച്ചത്തിൽ നിലവിളിയാണ്. ഒടുവിൽ കപ്പിത്താൻ ചെന്ന് യോനായെ അവിടെ നിന്നു പൊക്കിയെടുത്തു. യോനക്കു ചീട്ടു വീണു. അവർ യോനയോടു : നീ എവിടത്തുകാരൻ? നിന്റെ തൊഴിൽ എന്ത്? നീ ഏതു ജാതിക്കാരൻ? എവിടെ നിന്നു വരുന്നു? എന്നെല്ലാം തിരക്കി.

> “അവർ അവനോടു ആരുടെ നിമിത്തം ഈ അനർത്ഥം നമ്മുടെ മേൽ വന്നു എന്നു നീ പറഞ്ഞു തരേണം. നിന്റെ തൊഴിൽ എന്ത്? നീ എവിടെ നിന്നു വരുന്നു? നിന്റെ നാടു ഏത്? നീ ഏതു ജാതിക്കാരൻ എന്നു ചോദിച്ചു.”
>
> യോന 1 : 8

പ്രവാചകന്റെ മറുപടി കേൾക്കണമോ?

> “അതിനു അവൻ അവരോടു, ഞാൻ ഒരു എബ്രായൻ, കടലും കരയും ഉണ്ടാക്കിയ സ്വർഗ്ഗീയ ദൈവമായ യഹോവയെ ഞാൻ ഭജിച്ചു

വരുന്നു എന്നു പറഞ്ഞു.”　　　യോന 1 : 9

ദൈവഹിതത്തിനു വിരോധമായി നടക്കുമ്പോഴും അഭിമാനത്തോടെ പൊങ്ങച്ചം പറയുകയാണ്. ഞാൻ കടലും കരയും ഉണ്ടാക്കിയ യഹോവയെ ഭജിച്ചു വരുന്നു. പ്രവാചകൻ തന്നെത്തന്നെ ഉയർത്തിപ്പറയുകയാണ്. തന്റെ അവസ്ഥ അറിയുന്നില്ല. ദൈവത്തെ എതിർക്കുന്നവൻ, ദൈവത്തിന്റെ കല്പനയെ ധിക്കരിക്കുന്നവൻ ഞാൻ ദൈവഭക്തനാണ് എന്ന് അഭിമാനിക്കുകയാണ്.

അനേകർക്കു വരുന്ന കെടുതി ഇതാണ്. സ്വന്തം ജീവിതത്തിന്റെ അനർത്ഥം അറിയുന്നില്ല. സ്വന്തം ജീവിതത്തിലെ കേടുകൾ അറിയുന്നില്ല. സ്വന്തം ജീവിതത്തിൽ ദൈവം ഇല്ല എന്ന് അറിയുന്നില്ല. സ്വന്തം ജീവിതത്തിൽ ദൈവം പ്രസാദിക്കുന്നില്ല എന്ന സത്യം ഗ്രഹിക്കുന്നില്ല.

ഞാനും പ്രാർത്ഥിക്കുന്നു, ഞാനും നമസ്ക്കരിക്കുന്നു, ഞാനും പള്ളിയിൽ പോകുന്നു. ഞാനും ആരാധനകളിൽ പങ്കെടുക്കുന്നു. ഞാനും സുവിശേഷം പറയുന്നു. ഞാനും സാക്ഷ്യം പറയുന്നു. ഞാനും ദൈവവേല ചെയ്യുന്നു.

സ്നേഹിതാ, ഒരു കാര്യം മനസ്സിലാക്കൂ. നിന്റെ ഹൃദയത്തിന്റെ നില നീ അറിയാതെ നീ ചെയ്യുന്ന വേലകളെല്ലാം നിനക്കു വിനയായി തീരുകയാണ്. നിനക്ക് അപകടമായി തീരുകയാണ്. നിനക്ക് അനർത്ഥമായി സംഭവിക്കുകയാണ്.

ആ സമയത്ത് അവർ അവനോട് സംസാരിച്ചു. നീ പൊങ്ങച്ചം പറഞ്ഞല്ലോ, ദൈവത്തെ ഭജിച്ചു വരുന്നു എന്ന്. എങ്കിൽ പിന്നെ നീ ദൈവത്തിന്റെ വഴിയിൽ നിന്നു എതിരേ പോകുന്നതെന്ത് എന്നു ചോദിച്ചു. ഇത്രയും ആയപ്പോൾ യോന പറഞ്ഞു :

> "എന്നെ എടുത്തു സമുദ്രത്തിൽ ഇട്ടുകളവിൻ, അപ്പോൾ സമുദ്രം അടങ്ങും, എന്റെ നിമിത്തം ഈ വലിയ കോൾ നിങ്ങൾക്കു തട്ടിയിരിക്കുന്നു എന്നു ഞാൻ അറിയുന്നു." യോന. 1 : 12

സ്നേഹിതാ, നീ മൂലമാണ് നിന്റെ കുടുംബം കലങ്ങിയത്. നീ മൂലമാണ് നിന്റെ ഭർത്താവിനു സ്വസ്ഥതയില്ലാതെ വലയുന്നത്. ഈ പ്രശ്നത്തിന് കാരണക്കാരൻ ഞാനാണ് എന്ന്. ഈ സ്ഥാപനം മുടിയുന്നതിനുകാരണം ഞാനാണെന്ന്. ഈ കുടുംബത്തിൽ ഇത്രയും തകർച്ച വരാൻ കാരണക്കാരി ഞാനാണെന്ന്. കുഞ്ഞുങ്ങൾ വഴിതെറ്റിപോകുവാൻ കാരണക്കാരി ഞാനാണെന്ന്. എന്റെ മദ്യപാനമാണ്. എന്റെ ചുമതലാബോധമില്ലായ്മയാണ്, എന്റെ പ്രാർത്ഥന ഇല്ലായ്മയാണ്, ദൈവത്തെ അറിയാതെ ഞാൻ ജീവിച്ചതാണ്, പുറമേ ഭക്തനെന്ന് അഭിമാനിച്ചെങ്കിലും ഹൃദയത്തിൽ ദൈവമില്ലാതെ ഞാൻ ജീവിച്ചുപോയതാണ് കാരണമെന്ന് തിരിച്ചറിയുവാൻ സാധിക്കുന്നതു വലിയ സുബോധമാണ്, വെളിവാണ്.

എന്റെ നിമിത്തം ഈ വലിയ കോൾ തട്ടിയിരിക്കുന്നു. എന്നു കാണുവാൻ യോനയ്ക്ക് യഥാർത്ഥമായ സുബോധം കിട്ടി.

ഒന്ന്; കുറ്റബോധം കിട്ടി - conviction.

യോനാ പ്രവാചകനു കുറ്റബോധം കിട്ടി. നിങ്ങൾക്കു ജീവിതത്തിൽ അനുഗ്രഹം കിട്ടണമോ, നിങ്ങളുടെ ജീവിതത്തിലെ പ്രതിസന്ധികൾക്കു ഒരു ശമനം കിട്ടണമോ, കുറ്റബോധം ഉണ്ടാകട്ടെ, പാപത്തെ ഓർത്തു അലറിക്കരയട്ടെ, അനുതാപം ഉള്ള ഒരു ഹൃദയം ഉണ്ടാകട്ടെ. അനുതാപത്തിൽ നിന്നാണ് അനുഗ്രഹത്തിന്റെ തുടക്കം.

ജീവിതത്തെ ശോധന ചെയ്ത് ഓരോന്ന് ഓരോന്നായി കണ്ടുപിടിക്കണം. അനീതിക്ക് ഞാൻ കൂട്ടുനിന്നു പോയ ല്ലോ. അഴിമതിക്കു ഞാൻ പങ്കുപറ്റിയല്ലോ. അന്യായമായ പണസമ്പാദനം എന്റെ ജീവിതത്തിൽ വന്നുപോയല്ലോ എന്നി ങ്ങനെ ഒട്ടേറെ കാര്യങ്ങൾ നിങ്ങൾക്കു ഓർക്കാനുണ്ടാകും.

ഒരു വലിയ ജയിൽ. പഴയകാലമാണ്. രാജാക്കന്മാരുടെ ഭരണകാലം. രാജാവ് ജയിൽ സന്ദർശിക്കുവാൻ വന്നു. ധാരാളം ജയിൽ പുള്ളികൾ ഉണ്ട്. കൊലപാതകം ചെയ്തവർ, മോഷണം നടത്തിയവർ, ഭവനഭേദനം നടത്തിയവർ, പിടിച്ചു പറിക്കാർ ഇങ്ങനെ ഒട്ടേറെ പേർ.

രാജാവ് ഒരുവനെ വിളിപ്പിച്ചു. അവനോട് ചോദിച്ചു. നീ ചെയ്ത തെറ്റ് എന്താണ്? അവൻ പറഞ്ഞു എന്റെ പൊന്നു തിരുമേനി, ഞാൻ ഒരു തെറ്റും ചെയ്തവനല്ല. എന്നെ അന്യാ യമായി ശിക്ഷിച്ചിരിക്കുന്നതാണ്.

രാജാവ് അടുത്ത ആളോടു ചോദിച്ചു. നീ എന്തു തെറ്റു ചെയ്തിട്ടാണ് ഇവിടെ വരാൻ ഇടയായത്? അവൻ പറഞ്ഞു. ഞാൻ തെറ്റു ചെയ്തവനല്ല തിരുമേനീ. മറ്റുള്ളവർ കൂടി എന്നെ അപകടത്തിൽ ആക്കിയതാണ്. രാജാവ് ഓരോരുത്ത രോടും ചോദിച്ചു. ആരും തങ്ങളുടെ ജീവിതത്തിലെ തെറ്റ് അംഗീകരിച്ചില്ല.

ഒരാൾ മാത്രം പറഞ്ഞു. എന്റെ തിരുമേനി, ഞാൻ ഒരു മഹാപാതകിയാണ്. ശിക്ഷിക്കപ്പെടേണ്ടവൻ തന്നെയാണ്. ഞാൻ വലിയ കുറ്റവാളിയാണ്. ഞാൻ ഇവിടെ വന്നതിൽ ഒരത്ഭുതവുമില്ല.

ഒടുവിൽ രാജാവ് ജയിൽ പുള്ളികളെ എല്ലാവരെയും വിളിച്ചുക്കൂട്ടി പറഞ്ഞു. ഇവിടെയുള്ള ഒരാളൊഴിച്ച് ബാക്കി

എല്ലാവരും ഒരു തെറ്റും ചെയ്യാത്തവരാണ്. നിരപരാധിക ളാണ് എന്നു ഞാൻ കാണുന്നു. എന്നാൽ ഒരുവൻ മാത്രം കുറ്റവാളിയാണ്. ഒരു കുറ്റവാളിയെ നീതിമാന്മാരുടെ കൂട്ട ത്തിൽ പാർപ്പിക്കുന്നത് ശരിയല്ലല്ലോ. അതുകൊണ്ട് കുറ്റവാ ളിയെന്നു സമ്മതിച്ച മനുഷ്യനെ ഞാൻ സ്വതന്ത്രനാക്കി വിടു കയാണ്. അയാൾ ഇനി കുറ്റം ചെയ്യാത്തവരുടെ കൂടെ പാർക്കേണ്ട.

നിങ്ങൾക്ക് അർത്ഥം മനസ്സിലായോ? എനിക്കു ഇനിയും എന്തെല്ലാമൊക്കെ തിരുത്താനുണ്ട്, എവിടെയെല്ലാമൊക്കെ ശരിയാകാനുണ്ട്, എവിടെയൊക്കെയാണ് തിരുത്തൽ വേണ്ട ത്, എന്റെ പെരുമാറ്റത്തിൽ എന്തെല്ലാമാണ് തിരുത്തേണ്ടത്, എവിടെയെല്ലാമാണ് മാറ്റം വരുത്തേണ്ടത്, എന്ന് ചിന്തിക്കു വാൻ വകയുണ്ടോ പ്രിയരെ? യോനക്ക് കുറ്റബോധം convic-tion ഉണ്ടായി. എന്റെ നിമിത്തം ഈ വലിയ കോൾ നിങ്ങൾക്കു തട്ടിയിരിക്കുന്നു എന്നു ഞാൻ കാണുന്നു.

രണ്ട്; തകർന്ന ഹൃദയം – Contrition.

എന്താണ് ഹൃദയത്തകർച്ച? ഉള്ളുനുറുങ്ങി, അരിഷ്ടത വരണം. തകർന്ന ഹൃദയം അഥവാ നുറുങ്ങിയ മനസ്സ് യോനയ്ക്ക് കിട്ടി. "എന്നെ എടുത്ത് സമുദ്രത്തിലേക്ക് എറിഞ്ഞു കളവിൻ. അപ്പോൾ സമുദ്രത്തിന്റെ കോൾ അട ങ്ങും."

> "ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരി ക്കുന്ന മനസ്സ്, തകർന്നതും നുറുങ്ങിയതുമായ ഹൃദയത്തെ, ദൈവമേ, നീ നിരസിക്കയില്ല."
>
> സങ്കീ. 51 : 17

> "ഹൃദയം നുറുങ്ങിയവർക്കു യഹോവ സമീപ

സ്ഥൻ, മനസ്സുതകർന്നവരെ അവൻ രക്ഷിക്കുന്നു.” സങ്കീ. 34 : 18

ലോകചരിത്രത്തിൽ ആരെല്ലാം ഉയർന്നിട്ടുണ്ടോ അവരുടെയെല്ലാം ജീവിതത്തിൽ എളിമ ഉണ്ടായിരുന്നു. അവർ തകർന്ന മനസ്സുള്ളവർ ആയിരുന്നു. അവർ വിനയമുള്ളവർ ആയിരുന്നു. ലോകചരിത്രത്തിന്റെ ഏടുകൾ നിങ്ങൾ ചികഞ്ഞുനോക്കൂ. വളർച്ചയുടെ പിന്നിൽ വിനയമുണ്ട്. അഭ്യുന്നതിയുടെ പിന്നിൽ താഴ്മയുണ്ട്. പ്രിയരെ എളിമ അഭ്യസിപ്പിൻ, താഴ്ച അനുവർത്തിക്കുവിൻ.

# അഞ്ച്

"എന്റെ കൈ ഇതൊക്കെയും ഉണ്ടാക്കി, അങ്ങനെയാകുന്നു ഇതൊക്കെയും ഉളവായതു എന്നു യഹോവ അരുളിച്ചെയ്യുന്നു. എങ്കിലും അരിഷ്ടനും മനസ്സു തകർന്നവനും എന്റെ വചനത്തിങ്കൽ വിറയ്ക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും." യെശയ്യാവ് 66 : 2

ഒന്ന് : പാപബോധം – Conviction.

രണ്ട് : തകർന്ന ഹൃദയം – Contrition.

ആരെയാണ് ദൈവം അനുഗ്രഹിക്കുന്നത്? വചനം കേൾക്കുമ്പോൾ ഉള്ളു നുറുങ്ങുന്നു. ഹൃദയം തകരുന്ന മനുഷ്യനെ ദൈവം അനുഗ്രഹിക്കുന്നു. അരിഷ്ടതാബോധത്തോടെ ദൈവത്തിൽ ആശ്രയിക്കുന്നവനെ ദൈവം അനുഗ്രഹിക്കുന്നു. വചനം കേട്ട് ഭയപ്പെട്ട് അനുസരിക്കുന്നവനെ ദൈവം അനുഗ്രഹിക്കുന്നു. നിങ്ങൾ പാപബോധം ഉള്ളവരായിരിപ്പിൻ. തകർന്ന ഹൃദയം പ്രാപിപ്പിൻ.

ചിന്തിച്ചാൽ ഹൃദയം നുറുങ്ങാൻ ഏറെകാര്യങ്ങളുണ്ട്. അനുതാപത്തോടെ കരയാൻ വിഷയങ്ങളുണ്ട്. ഓർത്തു നോക്കൂ. നാവിൽ തെറ്റുപറ്റിയിട്ടില്ലേ? സംസാരം കൊണ്ടു മറ്റുള്ളവരെ മുറിപ്പെടുത്തിയിട്ടില്ലേ? മറ്റുള്ളവരുടെ കുറ്റം പറഞ്ഞിട്ടില്ലേ. നിന്റെ കൈകൊണ്ട് തിന്മ പ്രവർത്തിച്ചില്ലേ? ദൈവം ദു:ഖിക്കുന്ന പലതും നിന്റെ കരം പ്രവൃത്തിച്ചില്ലേ? നിന്റെ കാലുകളുടെ വഴികൾ വിശുദ്ധമായിരുന്നോ? നിന്റെ നടപ്പു ദൈവം പ്രസാദിക്കുന്ന തരത്തിലായിരുന്നോ? ഒരു ദൈവ പൈതലിനു യോഗ്യമല്ലാത്ത പലതും നിന്റെ ജീവിതത്തിൽ വന്നിട്ടില്ലേ? സ്നേഹിതാ നിന്റെ ഔദ്യോഗിക പദവികൾ കൊണ്ടു ചിലർക്കു ദോഷം സംഭവിച്ചിട്ടില്ലേ? ഓർത്തു നോക്കൂ.

സ്നേഹിതാ, ഇന്നു നിനക്കു ഔദ്യോഗിക പദവിയുണ്ട്. കഴിവുള്ളിടത്തോളം ഉപകാരം മറ്റുള്ളവർക്കു ചെയ്തു കൊൾവിൻ. നാളെ ചെയ്യണമെന്ന് വിചാരിച്ചാൽ നടന്നെന്നു വരികയില്ല. ഇന്നു നിനക്ക് അധികാരം ഉണ്ട്, നിന്റെ പേന കൊണ്ട് ഒന്നു പോറിയാൽ അതിനു വിലയുണ്ട്. നാളെ വില യില്ലാതാകും. അതുകൊണ്ടു ഇന്നു വിലയുള്ള സമയത്തു ചെയ്തു തീർത്തുകൊള്ളൂ. എല്ലാം ചെയ്തു തികച്ചുകൊ ള്ളൂ. ഒന്നും ബാക്കി വയ്ക്കല്ലേ. Nothing be left undone." 2 തീമോ 4 : 5

കഴിവുള്ള ഉപകാരം ചെയ്തു തീർത്തുകൊള്ളൂ. കഴിവു ള്ള വേല ചെയ്തു തീർത്തുകൊള്ളൂ. നിസ്സാരമല്ല ആയുസ്സ്. "Just one life, it will soon, soon be past, that which is done for christ alone will last."

ഒരേയൊരു ആയുസ്സ് മാത്രം. അതു എത്രവേഗം കടന്നു പോകും. എന്നാൽ ക്രിസ്തുവിനുവേണ്ടി ചെയ്യുന്നതു മാത്രമേ നിലനില്ക്കുകയുള്ളൂ. സി. റ്റി. സ്റ്റഡ് പറഞ്ഞ വാക്കുകളാണിവ.

ഒന്ന് : പാപബോധം – Conviction

രണ്ട് : തകർന്ന ഹൃദയം – Contrition

മൂന്ന് : മാനസാന്തരം – Convertion

എന്റെ നിമിത്തം ഈ വലിയ കോൾ നിങ്ങൾക്കു തട്ടിയിരിക്കുന്നു എന്നു നിങ്ങൾ അറിഞ്ഞുകൊൾവിൻ. എന്നെ എടുത്ത് കടലിൽ ഇട്ടു കഴിയുമ്പോൾ എല്ലാം ശരിയായിക്കൊള്ളും. മാനസാന്തരം – Conversion.

എന്നെ ഇന്നത്തെ ഐശ്വര്യത്തിലേക്കും, ശാന്തിയിലേക്കും, സമാധാനത്തിലേക്കും എത്തിച്ചതു മാനസാന്തരമാണ്. ജീവിതത്തിലെ പാപങ്ങൾ കണ്ടെത്തി, ഇനി ഇല്ല എന്നു തീരുമാനിച്ച്, ജീവിതത്തിലെ ദുശ്ശീലങ്ങളെ കണ്ടെത്തി, ഇനി ഇല്ല എന്നു യേശുവിനോടു വാക്കു പറഞ്ഞു ജീവിക്കുന്നതാണ് മാനസാന്തര ജീവിതം.

ദൈവവചനം പറയുന്നു. "അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്ന് ദൈവം മനുഷ്യനോടു കല്പിക്കുന്നു." അപ്പോ. പ്രവൃ 17 : 30 മാനസാന്തരപ്പെടണമെന്നുള്ളത് ദൈവത്തിന്റെ കല്പനയാണ്.

അറിയായ്മയുടെ കാലം ദൈവം ലക്ഷ്യമാക്കുന്നില്ല. നിന്റെ കഴിഞ്ഞകാലം ദൈവം പൊറുത്തുതരും. ഏതു കൊടുംക്രൂരപാതകം ചെയ്തെങ്കിലും യേശുക്രിസ്തുവിന്റെ തിരുരക്തം നിന്നെ കഴുകി തരും. എത്ര കഠോരമായ പാപം വന്നുവെങ്കിലും, എത്ര മ്ലേഛകരമായ ജീവിതം നയിച്ചുവെങ്കിലും യേശുവിന്റെ തിരുരക്തം നിന്നെ കഴുകും. ഒന്നേ വേണ്ടൂ, പാപബോധം വരണം, തകർന്ന ഹൃദയം ഉണ്ടാവണം. മാനസാന്തരപ്പെട്ട് പുതിയ ജീവിതം തുടങ്ങണം.

നമ്മുടെ കുടുംബം ഐശ്വര്യമാകണ്ടേ, നമ്മുടെ മക്കൾക്കു ശോഭനമായ ഒരു ഭാവി വേണ്ടേ, അവർക്കു ഒരു കെട്ടുറപ്പു വേണ്ടേ, അവരെ കണ്ട് സംതൃപ്തിയോടെ കണ്ണടയണ്ടേ, വേണ്ടേ, നിങ്ങൾ അനേകരുടെ ഹൃദയം നീറുകയാണ്. മക്കളെ ഓർത്ത് ഉള്ളം പിടയുകയാണ്. അല്ലേ? നിങ്ങൾ ചിന്തിക്കൂ – മക്കളെ ഓർത്തു ആകുലപ്പെടുന്നവർ ധാരാളമാണ്.

അനേകരും പറയും, എന്റെ മോൻ വായിക്കുന്നില്ല. വായിക്കാൻ പറയുമ്പോൾ അവനു കലികയറുകയാണ്. അവൻ പാത്രം എടുത്ത് എറിയുകയാണ്. അവനു ഒരു സ്വസ്ഥതയുമില്ല. എന്തു പറ്റിയെന്നു അറിഞ്ഞുകൂടാ.

എന്റെ മകൾ വലിയ വാശിക്കാരിയും ദേഷ്യക്കാരിയുമാണ്. വായിക്കില്ല, പഠിക്കുകയില്ല, ടി.വിയുടെ മുമ്പിൽ നിന്നു മാറുകയില്ല. എപ്പോഴും സിനിമാ അല്ലെങ്കിൽ കാർട്ടൂൺ. പഠിക്കുവാൻ ധാരാളം ഉണ്ട് എന്നിങ്ങനെ രക്ഷകർത്താക്കൾ കരയുന്നു. പ്രിയപ്പെട്ടവനേ കുറ്റം എന്റേതു എന്നു തിരിച്ചറിഞ്ഞ് അനുതപിച്ച് പാപത്തെ ഏറ്റുപറയൂ.

ഒന്ന് : പാപബോധം – Conviction

രണ്ട് : തകർന്ന ഹൃദയം – Contrition

മൂന്ന് : മാനസാന്തരം – Convertion

നാല് : ഏറ്റു പറച്ചിൽ – Confession

"…..അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. നമുക്കു പാപം ഇല്ല എന്നു നാം പറയുന്നു എങ്കിൽ നമ്മെത്തന്നേ വഞ്ചിക്കുന്നു, സത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏറ്റു

പറയുന്നുവെങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതി മാനും ആകുന്നു." 1 യോഹന്നാൻ 1 : 7 – 9

"തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവനു ശുഭം വരികയില്ല. അവയെ ഏറ്റു പറഞ്ഞു ഉപേക്ഷി ക്കുന്നവനോ കരുണ ലഭിക്കും."

സദൃശവാക്യങ്ങൾ 28 : 13

വാക്കുപറഞ്ഞവൻ മാറുകയില്ല. പാപം ഏറ്റുപറയണം. പോരാ ഉപേക്ഷിക്കണം. എങ്കിൽ കരുണ ലഭിക്കും. അതാണ് വ്യവസ്ഥ.

ഇനി കോപിക്കുകയില്ല, ഇനി വാശി പിടിക്കുകയില്ല, ഇനി നുണ പറയുകയില്ല, ഞാൻ മൂലം മറ്റൊരാൾക്കു ദോഷം വരികയില്ല, എല്ലാം ഏറ്റു പറയുന്നു. ഉപേക്ഷിക്കു ന്നു. യോന ഏറ്റു പറഞ്ഞു.

"പിന്നെ അവർ യോനയെ എടുത്തു സമുദ്ര ത്തിൽ ഇട്ടുകളയുകയും സമുദ്രത്തിന്റെ കോപം അടങ്ങുകയും ചെയ്തു." യോന. 1 : 15

യോനയെ എടുത്തു മദ്ധ്യധരണി കടലിലേക്കു എറിഞ്ഞു.

"യോനയെ വിഴുങ്ങേണ്ടതിനു യഹോവ ഒരു മഹാമത്സ്യത്തെ കല്പിച്ചാക്കിയിരുന്നു."

യോന 1 : 17

മഹാമത്സ്യം യോനയെ വിഴുങ്ങി. പ്രിയപ്പെട്ടവരേ, നിങ്ങൾ യോനയെപോലെ സ്വയം ചാടാൻ തയാറാകുമെങ്കിൽ നിങ്ങളെ വിഴുങ്ങാൻ സ്വർഗ്ഗീയ മഹാമത്സ്യമായ പരിശുദ്ധ റൂഹാ

വായ് പിളർന്നു നിൽക്കുന്നുണ്ട്. പരിശുദ്ധറൂഹാ നിങ്ങളെ കൈക്കൊള്ളും.

ആരും ഭയപ്പെടേണ്ടാ. ആരും നിരാശപ്പെടേണ്ട. നിങ്ങൾ നിങ്ങളുടെ ജീവിതം ക്രിസ്തുവിനായിട്ട് ഏല്പിച്ചു കൊടുത്തിട്ട്, പാപത്തോടു യാത്ര പറയുമെങ്കിൽ നിങ്ങളുടെ കുടുംബത്തിലെ ക്ലേശം മാറും. നിങ്ങളുടെ കുടംബത്തിലെ പ്രശ്നങ്ങൾ മാറും. കടലിന്റെ കോപം മാറും. കടൽ അടങ്ങുകയും ചെയ്യും. അന്തരീക്ഷം കോളിളക്കമില്ലാത്തതായി തീരും. എല്ലാ കോളും അടങ്ങും.

മഹാ മത്സ്യം വായ് പിളർന്നു നില്ക്കുകയാണ്. പരിശുദ്ധാത്മാവ് കെഞ്ചി കെഞ്ചി നിങ്ങളുടെ പിന്നാലെ നടന്നു തുടങ്ങിയിട്ടു എത്രനാളായി. പരിശുദ്ധാത്മാവ് നിങ്ങളെ ഉൾക്കൊള്ളുവാൻ തയാറായി വരുന്നുണ്ട്. നിങ്ങളോ തെന്നി തെന്നി വഴുതി മാറുകയാണ്. നിങ്ങളുടെ ഹൃദയം ക്രിസ്തുവിനു കൊടുക്കുവിൻ.

യോനായെ മഹാമത്സ്യം വിഴുങ്ങി. മഹാമത്സ്യത്തിനു സ്വസ്ഥത ഇല്ലാതായി. "ഈ കെടാച്ചരക്ക്." യോന കപ്പലിൽ ചെന്നപ്പോൾ കപ്പലിനു കോളിളക്കം. മഹാമത്സ്യം വിഴുങ്ങിയപ്പോൾ മത്സ്യത്തിനു അസ്വസ്ഥത. മത്സ്യം ഓടാൻ തുടങ്ങി. നേരെ പടിഞ്ഞാറോട്ട് ഓടുകയാണ്. മെഡിറ്ററേനിയൻ കടലിൽക്കൂടി ഓടി ജിബ്രാൾട്ടർ കടലിടുക്കു കടന്ന് നേരെ തെക്കോട്ടു ഓടി, ഗുഡ്ഹോപ്പ് മുനമ്പു ചുറ്റി ഇന്ത്യൻ മഹാസമുദ്രത്തിൽ കടന്നു. ആഫ്രിക്കയുടെ കിഴക്കേതീരം പറ്റി വടക്കോട്ടു ഓടി, ചെങ്കടൽ കടന്ന് നിനവേ തീരത്ത് എത്തി, മൂന്നു ദിവസം കൊണ്ട്, മത്സ്യം 5000 മൈൽ ഓടി നിനവേയുടെ തീരത്ത് യോനയെ ഛർദ്ദിച്ചു.

പരിശുദ്ധാത്മാവിനു വിട്ടുകൊടുത്താൽ എത്തേണ്ടിടത്തു

എത്തിക്കും. യേശുവിന്റെ കരത്തിലേക്കു ജീവിതം വിട്ടു കൊടുത്താൽ നഷ്ടമല്ല, യേശുവിനെ ഏല്പിച്ചാൽ പാഴല്ല ജീവിതം. നിന്റെ പാപങ്ങൾ മാറും. നിന്റെ കെടുതികൾ മാറും. നിന്റെ ദുശ്ശീലങ്ങൾ മാറും. നിനക്ക് നല്ലൊരു ജീവിതം തരും.

മത്സ്യം യോനയെ എത്തേണ്ടിടത്തു എത്തിച്ചു. നീ ദൈവത്തിനു പിടികൊടുക്കാതെ ഏതെല്ലാം വഴിയിലൂടെ അകന്നകന്നു പോയെങ്കിലും ദൈവം നിന്നെ എത്തേണ്ടിടത്തു എത്തിക്കുവാൻ അദ്ധ്വാനിച്ചുകൊണ്ട് ചുഴലിക്കാറ്റുകൾ അയയ്ക്കുകയാണ്. പെരുങ്കാറ്റ് അടിപ്പിക്കുകയാണ്. കൊടുങ്കാറ്റ് ഊതുകയാണ്. ജീവിതത്തിലെ കൊടുങ്കാറ്റുകളും ചുഴലിക്കാറ്റും നിന്നെ എത്തേണ്ടിടത്ത് എത്തിക്കുവാനാണ്.

കഷ്ടപ്പാടുകളും ദുരിതങ്ങളും വന്നതു നന്നായി. കുടുംബത്തിൽ അസ്വസ്ഥതകൾ വന്നതു നന്നായി. ജീവിതത്തിൽ ചില പ്രതിസന്ധികൾ വന്നതു നന്നായി. എത്തേണ്ടിടത്തു എത്തിക്കുവാനുള്ള ദൈവത്തിന്റെ അദമ്യമായ ദാഹവും, പ്രയത്നവും ആണ്. മാത്രമല്ല, ദൈവത്തിന്റെ അഗാധമായ സ്നേഹവും വാത്സല്യവും ഈ കൊടുങ്കാറ്റിലും ചുഴലിക്കാറ്റിലും നിനക്കും അനുഭവിക്കാം.

> "യഹോവയുടെ അരുളപ്പാട് രണ്ടാം പ്രാവശ്യം യോനയ്ക്ക് ഉണ്ടായതു എന്തെന്നാൽ: നീ പുറപ്പെട്ടു മഹാനഗരമായ നീനവേയിലേക്കു ചെന്നു ഞാൻ നിന്നോടു അരുളിച്ചെയ്യുന്ന പ്രസംഗം അതിനോടു പ്രസംഗിക്ക" യോന 3 : 1 – 2

നിയോഗം കിട്ടി അഥവാ Commision കിട്ടി.

ഒന്ന് : പാപബോധം – Conviction

രണ്ട് : തകർന്ന ഹൃദയം – Contrition

മൂന്ന് : മാനസാന്തരം – Convertion

നാല് : ഏറ്റു പറച്ചിൽ – Confession

അഞ്ച് : നിയോഗം – Commission

നിങ്ങൾക്കു കർത്താവു തന്റെ വേലയ്ക്കുള്ള നിയോഗം തരാൻ ആഗ്രഹിക്കുന്നുണ്ട്. ഇതുവരെയും നശിച്ചുപോകുന്ന ലോകത്തിനുവേണ്ടി അദ്ധ്വാനിച്ചു. നിത്യജീവനുവേണ്ടി ഒന്നും അദ്ധ്വാനിച്ചില്ല. നിത്യതയ്ക്കു വേണ്ടി ഒന്നും ചെയ്തില്ല.

ഇന്നു കർത്താവേ ഞാൻ നിന്നോടു ഒരു വാക്ക് പറയുകയാണ് : നിന്റെ വേലയിൽ എനിക്കു പങ്കാളിയാകണമെന്നുണ്ട്.

എനിക്കു പ്രസംഗിക്കുവാൻ അറിയില്ല. എനിക്കു വേറൊന്നും അറിഞ്ഞുകൂടാ... എങ്ങനെയാണ് കർത്താവെ ഞാൻ നിന്റെ വേലയിൽ പങ്കാളിയാകേണ്ടത്?

എനിക്കറിഞ്ഞു കൂടാ. കർത്താവു നിങ്ങൾക്കു തരുന്ന വേല എന്താണെന്നു നിങ്ങൾ കാത്തിരുന്ന്, നിങ്ങളുടെ വിളിയും തെരഞ്ഞെടുപ്പും ഉറപ്പാക്കിക്കൊള്ളുക.

ഈ ജീവിതം എത്ര ക്ഷണികം. ഉള്ള കാലം നമുക്കു കർത്താവിനുവേണ്ടി വിനിയോഗിക്കാം. എത്രകാലം ഉണ്ടെന്നു നമുക്കു അറിഞ്ഞുകൂടാ. നാളത്തെ ദിവസം നമുക്കുള്ളതല്ലല്ലോ. എപ്പോൾ വേണമെങ്കിലും മരണം വന്നു പിടികൂടാമല്ലോ. എപ്പോൾ വേണമെങ്കിലും കർത്താവിന്റെ രണ്ടാമത്തെ വരവ് ആകാമല്ലോ.

നിന്റെ ശരീരം ഇനി പാപത്തിനു വിട്ടുകൊടുക്കരുത്.

സാത്താനു പന്താടാൻ വിട്ടുകൊടുക്കരുത്. നിങ്ങളുടെ ശരീരം ദൈവത്തിന്റെ ആലയമാണ്. ദൈവത്തിന്റെ മന്ദിരമാണ്. അതു പരിശുദ്ധമായിരിക്കണം. അവിടെ നിന്നു സുഗന്ധധൂപം ഉയർന്നു കൊണ്ടിരിക്കണം.

ഏതാണ് ഈ സുഗന്ധ ധൂപം? അതു വിശുദ്ധിയുടെ സ്തുതിയാണ്. സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും മാഞ്ഞു പോകാത്ത നല്ല ഉന്നതിയും സദാനേരവും ഇടവിടാതെ കരേറ്റുവാൻ ഞങ്ങളെ യോഗ്യരാക്കണമേ എന്നല്ലേ പ്രാർത്ഥിക്കുന്നത്.

സ്തുതിയും സ്തോത്രവും ഹൃദയത്തിൽ നിന്ന് ഉയരണം. നമ്മുടെ ജീവിതം സ്തുതിക്കൊണ്ടു നിറയണം. അതാണ് സത്യാരാധന.

ദൈവപൈതലേ, നിങ്ങൾ വിശുദ്ധരായിത്തീരുവിൻ. നിങ്ങൾ ഏതു സഭയിൽപെട്ടവരായാലും ശരി, ഏതു സമുദായത്തിൽ പെട്ടവരായാലും ശരി നിങ്ങൾ വിശുദ്ധരായിത്തീരുവിൻ. ഈ ആലയം അശുദ്ധമാക്കരുത്. യേശുവിനു നിങ്ങളുടെ ഉള്ളം വിട്ടുകൊടുക്കുവിൻ. ഇതാ അവൻ വന്നു നിങ്ങളുടെ ഹൃദയത്തിൽ മുട്ടിക്കൊണ്ടിരിക്കുന്നു.

നിങ്ങൾ ശ്രദ്ധിച്ചു നോക്കൂ. ആ കൈകളിൽ തിരുരക്തം പുരണ്ടിരിക്കുന്നു. ആ കൈകളിൽ നിന്നു പച്ച രക്തം ഇറ്റിറ്റ് വീഴുന്നു. ആ കൈകൾ കുരിശിൽ ആണിയടിച്ചു തകർത്ത കൈകളാണ്. നിന്റെ പാപം കഴുകുവാൻ, നിന്റെ ഹൃദയത്തെ ശുദ്ധമാക്കുവാൻ, ഒരു നല്ല ശോഭനഭാവി നിനക്കു നല്കുവാൻ, ആ കരം നിന്റെ നേരെ നീട്ടി നിന്റെ ഹൃദയ വാതിലിൽ മുട്ടിക്കൊണ്ടു നില്ക്കുകയാണ്.

ഇപ്പോൾ നീ എഴുന്നേറ്റു നിന്റെ ഹൃദയത്തിന്റെ വാതിൽ

തുറന്നു കൊടുക്കുക. കർത്താവെ ഇത് പിശാചിരുന്ന ഹൃദയമാണ്. സാത്താൻ പന്താടിയ ജീവിതമാണ്. തകർന്നു പോയ ജീവിതമാണ്. വഴക്കും, പിണക്കവും, വാശിയും, വൈരാഗ്യവും കുടിയിരുന്ന ഹൃദയമാണ്. ദ്രവ്യാഗ്രഹമുള്ള ജീവിതമാണ്. എല്ലാ ദുശ്ശീലങ്ങൾക്കും അടിമപ്പെട്ടുപോയ ജീവിതമാണ്. ഇന്നിതാ നിന്റെ കരങ്ങളിലേക്കു ഈ ജീവിതം ഞാൻ വച്ചുതരുന്നു. നാഥാ, എന്നോടു നീ മനസ്സലിയേണമേ?

അങ്ങനെ നിങ്ങൾ നിങ്ങളുടെ ഹൃദയം തുറന്നു ക്രിസ്തുവിനെ വിളിക്കുക, നാഥാ, ഇന്നു മുതൽ ഞാൻ ഒരു പുതിയ സൃഷ്ടിയായി ജീവിക്കും എന്നു പറയുമ്പോൾ, യേശുവിന്റെ തിരുരക്തം പുരണ്ട കരം നിങ്ങളുടെ ശിരസ്സിൽ വയ്ക്കും.

നിങ്ങളുടെ ശാപങ്ങൾ മാറും. നിങ്ങളുടെ കെടുതികൾ മാറും. കൊടുങ്കാറ്റുകൾ ശാന്തമാകും. ചുഴലിക്കാറ്റുകൾ മന്ദമാകും. അപ്പോൾ പിന്നെ വീശുന്നതു ചുഴലിക്കാറ്റല്ല ഇളങ്കാറ്റാണ്. അതു പരിശുദ്ധാത്മാവിന്റെ സുഗന്ധപൂരിതമായ ഇളങ്കാറ്റാണ്. ഇളങ്കാറ്റിന്റെ കുളിർമയിൽ നിങ്ങൾ ദൈവത്തെ സ്തുതിക്കുവാൻ തുടങ്ങും. നിങ്ങൾ ഭാഗ്യശാലികളായി മാറും.

യേശുവിനെ നിങ്ങൾ വിളിക്കുവിൻ. യേശുവിനോടു നിങ്ങൾ വാക്കു പറയുവിൻ. "നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചതിനാൽ ഇന്നു മുതൽ ഞാൻ നിനക്കായി ജീവിക്കും."

# ആറ്

"അവർ കാറ്റു വിതെച്ചു, ചുഴലിക്കാറ്റു കൊയ്യും, അതിനു തണ്ടില്ല, ഞാറു മാവിനെ നൽകുകയുമില്ല, നൽകിയാലും അന്യ ജാതികൾ അതിനെ വിഴുങ്ങിക്കളയും. യിസ്രായേലിനെ വിഴുങ്ങിപ്പോയി, അവർ ഇപ്പോൾ ജാതികളുടെ ഇടയിൽ ഇഷ്ടമില്ലാത്ത ഒരു പാത്രം പോലെയിരിക്കുന്നു."

ഹോശേയ 8 : 7 – 8

ദൈവത്തിന്റെ തിരുവചനം വായിക്കുമ്പോഴും കേൾക്കുമ്പോഴും നമ്മുടെ ജീവിതത്തിൽ പുതിയ അനുഭവങ്ങൾ ഉണ്ടാകുന്നു. ക്ഷീണങ്ങൾ മാറുന്നു. ശരീരത്തിനു സൗഖ്യം ലഭിക്കുന്നു. ഹൃദയത്തിൽ ശാന്തിയും സമാധാനവും ലഭിക്കുന്നു. മനസ്സിലെ നിരാശകൾ മാറുന്നു. ആശങ്കകൾ മാറുന്നു. പകരം പ്രത്യാശയും സന്തോഷവും ലഭിക്കുന്നു. ഗതി നഷ്ടപ്പെട്ടവർക്കു മുന്നോട്ടൊരു ഗതി കിട്ടുന്നു. കാരണം ദൈവത്തിന്റെ വചനം ജീവനും ചൈതന്യവും ഉള്ളതാണ്.

ദൈവത്തിന്റെ വചനം പറയും, “അവൻ നിന്റെ ഹൃദയ ത്തിലെ ആഗ്രഹങ്ങളെ നിനക്കു തരുമെന്ന്” ഞാൻ മാനസാ ന്തരപ്പെടുന്നതിനു മുൻപ് ഈ വാക്യം കാണാതെ പഠിച്ചു. എങ്ങനെയുള്ള ആഗ്രഹമാണെന്നും അതിനുള്ള വ്യവസ്ഥ എന്താണെന്നും മനസ്സിലാക്കിയില്ല. പക്ഷേ ആ വാക്യം എന്നെ വല്ലാതെ ആകർഷിച്ചു. “അവൻ നിന്റെ ഹൃദയത്തിലെ ആഗ്ര ഹങ്ങളെ നിനക്കു തരും.”

ദൈവവചനത്തിനു അപ്രമേയമായ വർണ്ണനാതീതമായ ഒരു ശക്തിയുണ്ട്. വചനത്തിന്റെ ശക്തിവന്നു എന്നെയൊന്നു കുലു ക്കണമെ, വചനത്തിന്റെ ശക്തി എന്നെ ശക്തീകരിക്കണമേ, വചനത്തിന്റെ ശക്തി എന്നെ വശീകരിക്കണമേ, വചന ത്തിന്റെ ശക്തിക്കൊണ്ടു എന്റെ ഹൃദയത്തിലെ നല്ല ആഗ്ര ങ്ങളെ സാധിപ്പിച്ചു തരേണമേ.

പ്രിയപ്പെട്ടവരേ, നിങ്ങളുടെ നല്ല ആഗ്രഹങ്ങൾ കർത്താവു തീർച്ചയായും സാധിപ്പിച്ചു തരും. ഞാൻ എന്തെല്ലാം ആഗ്ര ഹിച്ചുവോ അതെല്ലാം കർത്താവു സാധിപ്പിച്ചു തന്നു. ആഗ്ര ഹിക്കാത്തതും സാധിപ്പിച്ചു തന്നിട്ടുണ്ട്. നിങ്ങൾ ദൈവ ത്തോടു പ്രാർത്ഥിക്കണം. കർത്താവേ എന്റെ ഹൃദയത്തിൽ ചില നല്ല ആഗ്രഹങ്ങളുണ്ട്. എന്നെ തൊട്ട് എന്റെ ആഗ്ര ഹങ്ങളെ സാധിപ്പിച്ചു തരേണമേയെന്നു പ്രാർത്ഥിക്കണം.

ക്രിസ്തുവിന്റെ വചനം എന്നെ തൊടണമേ എന്നു പ്രാർത്ഥിക്കണം. ദൈവവചനം തൊട്ടാൽ മാറ്റം വരും. വളരെ വ്യക്തമാണ്. വചനം തൊട്ടാൽ എല്ലാം മാറും. നിങ്ങളുടെ സ്വഭാവം മാറും. കുടുംബം മാറും. ഭാര്യയുടെ സ്വഭാവം മാറും. ഭർത്താവിന്റെ സ്വഭാവം മാറും. മാതാപിതാക്കൾക്കു മാറ്റം വരും. നിങ്ങളുടെ സ്ഥിതി മാറും. നിങ്ങളുടെ അവസ്ഥ മാറും. നിങ്ങളുടെ ജീവിതം മാറും. മാറ്റം തരുന്നത്

ക്രിസ്തുവും ക്രിസ്തുവിന്റെ വചനവും ആണ്.

"അവർ കാറ്റുവിതച്ചു കൊടുങ്കാറ്റ് കൊയ്യും."

2005-ാം മാണ്ട് മാർച്ചു മുതലുള്ള ചില മാസങ്ങളിൽ ഒൻപതു ചുഴലിക്കാറ്റ് അമേരിക്കയിൽ വീശി. എത്രയായിരും പേരുടെ വീടുകൾ ആണ് നഷ്ടപ്പെട്ടത്. എത്രയോ ആയിരം ആളുകളാണ് മരിച്ചത്. ഇൻഡോനേഷ്യയിൽ കാറ്റു വീശി. ആൻഡമാൻ നിക്കോബാർ ദ്വീപുകളിൽ കാറ്റു വീശി, സുനാമി കൊടുങ്കാറ്റു വീശി. നമുക്ക് അറിയാം, നമ്മുടെ ഭാരതത്തിന്റെ വടക്കേയറ്റത്തു ഭയങ്കരമായ ഭൂകമ്പം ഉണ്ടായി. അതിനെ തുടർന്ന് അവിടവിടെയായി ധാരാളം ഭൂകമ്പങ്ങളും കൊടുങ്കാറ്റുകളുമുണ്ടായി. ജമ്മുകാശ്മീരിലും പാക്കിസ്ഥാന്റെ വടക്കൻ അതിർത്തിയിലും ഭയങ്കരമായ ഭൂചലനങ്ങൾ ഉണ്ടായി. ഇതെല്ലാം ഈ ഭൂമിയിൽ, പ്രകൃതിയിൽ ഉണ്ടായതാണ്. ലോകത്ത് പല സ്ഥലങ്ങളിലായി ഉണ്ടായതാണ്.

എന്നാൽ ഇന്നു ഓർത്തുനോക്കൂ, നിങ്ങളുടെ പലരുടെയും ജീവിതത്തിൽ ചുഴലിക്കാറ്റ് ഉണ്ടായില്ലേ. പലരുടെയും കുടുംബങ്ങളിൽ കൊടുങ്കാറ്റ് ഉണ്ടായില്ലേ. മക്കൾ പരീക്ഷയിൽ തോറ്റതു കൊടുങ്കാറ്റ് ആയിരുന്നു. അനേക വർഷങ്ങൾ നന്നായി നടന്നുപോന്ന ബിസിനസ്സ് പെട്ടെന്നു തകർന്നു വലിയം കടം വന്നു കയറിയതു കൊടുങ്കാറ്റാണ്. നിങ്ങളുടെ വീട്ടിൽ ആത്മഹത്യ നടന്നു. അയ്യോ അതു ഭയങ്കരമായ ചുഴലിക്കാറ്റാണ്. ചില വീടുകളിൽ രോഗം വന്നു, മരണം വന്നു, കൊടുങ്കാറ്റാണ്. രോഗം മാറിയില്ല, ചികിത്സ ഫലിച്ചില്ല, കൊടുങ്കാറ്റാണ്. പെട്ടെന്നാണ് വാഹനാപകടം ഉണ്ടായത്, സെക്കന്റ്കൊണ്ട് ആൾ കടന്നുപോയി. ചുഴലിക്കാറ്റാണ്. ഭാര്യ ഭർത്താവിനെ പിരിഞ്ഞു സ്വന്തം വീട്ടിലേക്കുപോയി.

വലിയ അകൽച്ചയിലായി. ഇപ്പോൾ ഭാര്യയെ നോക്കാതെ വേറെ ചില ബന്ധങ്ങളിലേയ്ക്കു പോകുന്നു. ജീവിതത്തിലെ കൊടുങ്കാറ്റാണ്.

"കാറ്റു വിതച്ചു ചുഴലിക്കാറ്റു കൊയ്യും" ഇയ്യോബ് എന്നു പേരുള്ള ദൈവപുരുഷന്റെ ജീവിതത്തിൽ വന്ന കൊടുങ്കാറ്റു കളെ കുറിച്ചു അല്പമായി ചിന്തിക്കാം.

> "പെട്ടെന്നു മരുഭൂമിയിൽ നിന്നു ഒരു കൊടു ങ്കാറ്റു വന്നു വീടിന്റെ നാലു മൂലയ്ക്കും അടി ച്ചു. അതു യൌവനക്കാരുടെ മേൽ വീണു. അവർ മരിച്ചു പോയി. വിവരം നിന്നെ അറിയിപ്പാൻ ഞാനൊരുവൻ മാത്രം വഴുതിപോന്നു എന്നു പറ ഞ്ഞു."
> ഇയ്യോബ് 1 : 19

എന്താണ് ഉണ്ടായത്? ഇയ്യോബിനു ഏഴു ആൺമക്കൾ ഉണ്ടായിരുന്നു, മൂന്നു പെൺമക്കളും. ഈ പത്തു മക്കളും ഒരുമിച്ചു മരിച്ചു. അന്നു കൊടുങ്കാറ്റു ഊതുമ്പോൾ വളരെ ശാന്തമായ അന്തരീക്ഷത്തിൽ ആയിരുന്നു അവർ കൂടിയിരു ന്നത്. അവർ എല്ലാവരും ഒരാളുടെ വീട്ടിൽ കൂടിയിരിക്കുക യാണ്. അന്നു അവിടെ വിരുന്നാണ്. ഈ മക്കൾ എല്ലാവരും ഒരേ ഹൃദയം ഉള്ളവർ ആണ്. നല്ല സ്നേഹബന്ധത്തിൽ ആണ് അവർ കഴിഞ്ഞിരുന്നത്. ഇയ്യോബ് നല്ല നീതിമാനായ മനുഷ്യനായിരുന്നു. അതുകൊണ്ടു അദ്ദേഹത്തിന്റെ മക്കൾ നല്ല സ്നേഹത്തിൽ കഴിഞ്ഞുപോന്നു. മക്കൾ ഒരു മുന യായി ഐക്യത്തിൽ കഴിയുന്നതു സന്തോഷമല്ലേ?

മക്കൾ ഭിന്നിച്ചിരുന്നാൽ, കലഹിച്ചിരുന്നാൽ മാതാപിതാ ക്കൾക്കു എന്തു വേദനയായിരിക്കും! സഹോദരന്മാർ തമ്മിൽ ഭിന്നിച്ചിരിക്കുന്ന കുടുംബങ്ങൾ ഉണ്ട്. ഒരു ആവശ്യത്തിനു വിളിച്ചാൽ കയറി വരാത്ത സഹോദരന്മാർ ഉണ്ട്. പരസ്പരം

സഹകരിച്ചും, വിട്ടുവീഴ്ച ചെയ്തും, യോജിച്ചും പോരുന്ന കുടുംബത്തിൽ മാതാപിതാക്കൾക്കു എന്ത് ആനന്ദമായിരിക്കും, എന്ത് ആശ്വാസമായിരിക്കും.

ഇയ്യോബിനു നല്ല ആശ്വാസമായിരുന്നു. മക്കൾ പത്തു പേരും ഒരുമിച്ച് ഒരു വീട്ടിൽ കൂടും. ചിലപ്പോൾ അവിടെ ഒരു പ്രാർത്ഥനായോഗം നടക്കുകയായിരുന്നിരിക്കാം. വീട്ടിൽ ഒരു കൂട്ടായ്മ, അതു എന്തു സന്തോഷമുള്ള കാര്യമായിരിക്കും. അവർ ഒരുമിച്ച് ദൈവത്തെ സ്തുതിക്കും, ഒരുമിച്ച് പാട്ടുപാടും, പ്രാർത്ഥിക്കും. കൊച്ചുകൊച്ചു കൂട്ടായ്മകൾ നല്ലതാണ്. അതു സഭയ്ക്കു മുതൽക്കൂട്ടാണ്. അതു സഭയുടെ ജീവനാഡിയാണ്. സഭാഭേദം കൂടാതെയുള്ള കൂട്ടായ്മകൾ അനുഗ്രഹം ആണ്.

കക്ഷിക്കും, പക്ഷത്തിനും, സഭയ്ക്കും, സമുദായത്തിനും അതീതമായി പ്രാർത്ഥിക്കുന്ന ദൈവമക്കൾ കൂടണം. ദൈവത്തെ അന്വേഷിക്കുന്ന ദൈവമക്കൾ കൂടണം. ഐക്യത്തോടെ കൂടണം. അതിനു ഒരു ശക്തിയുണ്ട്. നിങ്ങൾ അതിനെ പ്രോത്സാഹിപ്പിക്കണം. ഇത് നാടിനുനേട്ടമാണ്. അങ്ങനെ മക്കൾ എല്ലാം കൂടിയിരുന്നപ്പോൾ എന്താണ് സംഭവിച്ചത്?

> “അവൻ സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ മറ്റൊരുത്തൻ വന്നു, നിന്റെ പുത്രന്മാരും പുത്രിമാരും മൂത്ത ജ്യേഷ്ഠന്റെ വീട്ടിൽ തിന്നുകയും വീഞ്ഞുകുടിക്കുകയും ചെയ്തുകൊണ്ടിരുന്നു. പെട്ടെന്നു മരുഭൂമിയിൽ നിന്നു ഒരു കൊടുങ്കാറ്റു വന്നു വീട്ടിന്റെ നാലു മൂലയ്ക്കും അടിച്ചു : അതു യൌവനക്കാരുടെ മേൽ വീണു, അവർ മരിച്ചുപോയി, വിവരം നിന്നെ അറിയിപ്പാൻ

> ഞാനൊരുത്തൻ മാത്രം വഴുതിപ്പോന്നു എന്നു പറഞ്ഞു.” ഇയ്യോബ് 1 : 18 – 19

അവർ ഒരുമിച്ച് ഭക്ഷണം കഴിച്ചു കൊണ്ടിരിക്കയാണ്. ആ സമയത്താണ് മരുഭൂമിയിൽ നിന്നും ഒരു കൊടുങ്കാറ്റു വന്നത്. അടുത്ത പല വീടുകൾ ഉണ്ട്. ആ വീടുകൾക്കു ഒരു കേടും സംഭവിച്ചില്ല. കൊടുങ്കാറ്റു ഈ ഒറ്റ വീട്ടിൽ മാത്രം അടിച്ചു. എന്താ കാരണം? ആ കൊടുങ്കാറ്റിന്റെ പിന്നിൽ ഭീകരനായ സാത്താൻ ഉണ്ടായിരുന്നു.

ഓർത്തുനോക്കൂ. അപകടങ്ങൾ വരുന്നുണ്ടെങ്കിൽ അതിന്റെ പിന്നിൽ ഭീകരനായ പിശാച് ഉണ്ട്. അപകടങ്ങളോ, നഷ്ട ങ്ങളോ, കഷ്ടതകളോ, കെടുതികളോ, ദുരിതങ്ങളോ വരുന്നെങ്കിൽ അതിന്റെയെല്ലാം പിന്നിൽ കൊടിയ പിശാചിന്റെ ആക്രമണം ഉണ്ട്.

ഇയ്യോബിന്റെ ജീവിതത്തിൽ പിശാച് ആക്രമിക്കുവാൻ എന്താണ് കാരണം? ഇയ്യോബു കുറെക്കാലം ദൈവത്തിന്റെ പ്രിയ ദാസനായിരുന്നു. ദൈവത്തിന്റെ കൃപ ഇയ്യോബിനു ചുറ്റും വേലികെട്ടി കാത്തിരുന്നതായി തിരുവചനം വായിക്കുമ്പോൾ കാണാം. “അവനു ചുറ്റും വേലി കെട്ടിയിട്ടില്ലയോ” എന്നാണ് പിശാച് ദൈവത്തോടു ചോദിക്കുന്നത്.

> “അതിനു സാത്താൻ യഹോവയോടു : വെറുതെയോ ഇയ്യോബു ദൈവഭക്തനായിരിക്കുന്നതു? നീ അവന്നും അവന്റെ വീട്ടിന്നും അവനുള്ള സകലത്തിനും ചുറ്റും വേലികെട്ടീട്ടില്ലയോ? നീ അവന്റെ പ്രവൃത്തിയെ അനുഗ്രഹിച്ചിരിക്കുന്നു. അവന്റെ മൃഗസമ്പത്ത് ദേശത്തു പെരുകിയിരിക്കുന്നു.” ഇയ്യോബ് 1 : 9 – 10

സാത്താൻ ഇയ്യോബിനെക്കുറിച്ചു പറയുകയാണ്. ദൈവമേ, ഈ ഇയ്യോബിനു എന്താണ് കുഴപ്പം? അവനു ചുറ്റും നീ വേലികെട്ടിയിരിക്കയല്ലേ. ഇഷ്ടം പോലെ സ്വത്ത് ഉണ്ട്. മൃഗസമ്പത്ത് ഉണ്ട്. നിലം പുരയിടങ്ങൾ ഉണ്ട്. ആൺമക്കളും പെൺമക്കളും ഉണ്ട്. ദൈവത്തിന്റെ സംരക്ഷണം അവന്റെ ചുറ്റും ഉണ്ട്. ദൈവം വേലികെട്ടി സൂക്ഷിക്കുകയാണ്.

പ്രിയ ദൈവജനമേ, നമുക്കു ചുറ്റും ദൈവം ഒരു വേലി കെട്ടിയിരിക്കയാണ്. നമുക്കു എല്ലാവർക്കും ആ വേലി ആവശ്യമാണ്. കർത്താവായ യേശുക്രിസ്തുവിന്റെ തിരുരക്തത്തിന്റെ വേലി നമുക്കുവേണം. ആ വേലി ഉണ്ടെങ്കിൽ ശത്രു അടുക്കുകയില്ല. നമുക്കു ചുറ്റും ഉള്ള ആ വേലി പൊളിഞ്ഞു പോകാതെ നാം സൂക്ഷിക്കേണ്ടതാണ്.

എന്നാൽ ഇന്നു അനേകരുടെ ജീവിതത്തിൽ ആ വേലി പൊളിഞ്ഞു പോയിരിക്കുന്നു. സംരക്ഷണം നഷ്ടപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടാണ് പ്രിയരേ? പാപം വരുന്നു, അതിന്റെ ഫലമായി വേലി പൊളിയുന്നു. ജീവിതത്തിൽ പാപം വന്നാൽ വേലി പൊളിഞ്ഞുപോകും. സാത്താൻ അകത്തു കടക്കും.

വേലി പൊളിയുവാൻ തക്കവണ്ണം ഇയ്യോബിന്റെ ജീവിതത്തിൽ വന്ന പാപം എന്താണ്? ഇയ്യോബിനെക്കുറിച്ച് ദൈവം പറയുന്നത് ദൈവഭക്തനും നീതിമാനും നിഷ്കളങ്കനും ദോഷം വിട്ട് അകലുന്നവനും ആണ് എന്നാണ്.

> “ഊസ് ദേശത്തു ഇയ്യോബു എന്നു പേരുള്ളൊരു പുരുഷൻ ഉണ്ടായിരുന്നു. അവൻ നിഷ്കളങ്കനും, നേരുള്ളവനും, ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ആയിരുന്നു.” ഇയ്യോബ് 1 : 1

ദൈവഭക്തനായ ഇയ്യോബിൽ കുറ്റം കണ്ടെത്താൻ സാത്താൻ അന്വേഷിച്ചു നടക്കുകയായിരുന്നു. ദൈവഭക്തന്മാരുടെ കുറ്റം അന്വേഷിച്ചു പരതി നടക്കുന്നവനാണ് പിശാച്. അവൻ അപവാദിആണ്. കുറ്റം ചുമത്തുന്നവൻ ആണ്. മാനസാന്തരപ്പെട്ടവർ ഭയത്തോടെ ചിന്തിച്ചുകൊള്ളൂ. നിങ്ങളുടെ ജീവിതത്തിൽ അപവാദി കുറ്റം ചുമത്താതെ നോക്കേണ്ടതാണ്. പിശാച് കുറ്റം പറയാൻ ഇട നല്കാതെ നിങ്ങൾ ജീവിക്കേണ്ടതാണ്. ഇയ്യോബിന്റെ ജീവിതത്തിൽ അപവാദി കുറ്റം പറയുവാൻ തക്കം പാർത്തിരുന്നു.

> "ഒരു ദിവസം ദൈവപുത്രന്മാർ യഹോവയുടെ സന്നിധിയിൽ നില്പാൻ ചെന്നു. അവരുടെ കൂട്ടത്തിൽ സാത്താനും ചെന്നു." ഇയ്യോബ് 1 : 6

സാത്താന് ദൈവസന്നിധിയിൽ ചെല്ലുവാൻ കഴിയണമെങ്കിൽ ദൈവമക്കളിൽ ആരിലെങ്കിലും കുറ്റം ഉണ്ടാവണം. ഓർക്കുക. നമ്മിൽ പാപം ഉണ്ടെങ്കിൽ മാത്രമേ അപവാദിക്കു ദൈവസന്നിധിയിൽ നമ്മെ കുറ്റം വിധിക്കുവാൻ സാധിക്കുകയുള്ളൂ. ഒരു ദൈവപൈതലിനെക്കുറിച്ചു കുറ്റം പറയുവാൻ ഇടയുണ്ടെങ്കിലേ സാത്താനു അവിടെ കടന്നു ചെല്ലുവാൻ കഴിയുകയുള്ളൂ. സാത്താൻ യഹോവയുടെ സന്നിധിയിൽ കടന്നു ചെന്നു.

> "യഹോവ സാത്താനോടു : നീ എവിടെ നിന്നു വരുന്നു എന്നു ചോദിച്ചതിനു സാത്താൻ യഹോവയോട്, ഞാൻ ഭൂമിയിൽ ഊടാടി സഞ്ചരിച്ചിട്ട് വരുന്നു എന്ന് ഉത്തരം പറഞ്ഞു."
>
> ഇയ്യോബ് 1 : 7

സാത്താൻ ഭൂമിയിൽ ഉടാടി സഞ്ചരിക്കുകയാണ്, എന്തിന്? ദൈവമക്കൾ എവിടെയുണ്ടോ?, അവരിൽ കുറ്റം ഉണ്ടോ?

എന്ന് അന്വേഷിച്ചുകൊണ്ട്, അവരിൽ അപവാദത്തിനു വക യുണ്ടോ എന്നു നോക്കികൊണ്ട്.

> "യഹോവ സാത്താനോട് : എന്റെ ദാസനായ ഇയ്യോബിന്മേൽ നീ ദൃഷ്ടിവെച്ചുവോ?"
>
> ഇയ്യോബ് 1 : 8

ദൈവത്തിനു ദൈവമക്കളെ കുറ്റം പറയുന്ന സാത്താന്റെ സ്വഭാവം അറിയാം. അതുകൊണ്ടു ദൈവം വീണ്ടും പറഞ്ഞു.

> "അവനെപ്പോലെ നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനും ഭൂമിയിൽ ആരുമില്ലല്ലോ എന്നു അരുളിച്ചെയ്തു"
>
> ഇയ്യോബ് 1 : 8

> പിന്നെ എന്താണ് നീ കുറ്റം പറയുന്നത് എന്ന് ദൈവം ചോദിച്ചു. അതിനു സാത്താൻ : "വെറുതെയോ ഇയ്യോബ് ദൈവഭക്തനായിരിക്കുന്നത്? നീ അവന്നും അവന്റെ വീട്ടിന്നും അവനുള്ള സകലത്തിനും ചുറ്റുംവേലി കെട്ടിയിട്ടില്ലയോ? നീ അവന്റെ പ്രവൃത്തിയെ അനുഗ്രഹിച്ചിരിക്കുന്നു, അവന്റെ മൃഗസമ്പത്ത് ദേശത്ത് പെരുകിയിരിക്കുന്നു. തൃക്കൈ നീട്ടി അവന്നുള്ളതൊക്കെയും ഒന്നു തൊടുക, അവൻ നിന്നെ മുഖത്തു നോക്കി ത്യജിച്ചു പറയും" എന്നു ഉത്തരം പറഞ്ഞു.
>
> ഇയ്യോബ് 1 : 9 – 11

അവന് ഒരു കഷ്ടത വരട്ടെ, രോഗം വരട്ടെ, ദുരിതം വരട്ടെ, സ്വത്തു നശിക്കട്ടെ അപ്പോൾ കാണാം ഈ ഭക്തിയൊക്കെ. ദൈവത്തെ തള്ളിപ്പറയുന്നതു കാണാം.

"ദൈവം സാത്താനോടു : ഇതാ, അവന്നുള്ള തൊക്കെയും നിന്റെ കയ്യിൽ ഇരിക്കുന്നു, അവ ന്റെമേൽ മാത്രം കയ്യേറ്റം ചെയ്യരുത് എന്നു കല്പി ച്ചു." ഇയ്യോബ് 1 : 12

കർത്താവു സാത്താനോടു പറഞ്ഞു : ശരി, നിനക്ക് അവനെ ഉപദ്രവിക്കണമെന്നാണോ എങ്കിൽ ഈ വേലിയല്പം പൊളി ച്ചുതരാം. പക്ഷേ എന്റെ മകന്റെ പ്രാണനെ മാത്രം തൊടരു ത്. ദൈവം വഴങ്ങിക്കൊടുക്കുകയാണ്. എന്തിന്? ഇയ്യോ ബിന്റെ ജീവിതത്തിൽ വന്ന പരിശോധനകൾ നിമിത്തം അവന്റെ മാറ്റ് തെളിയിച്ചു കൊടുക്കുവാൻ ദൈവം അവ സരം കൊടുക്കുകയാണ്. കാരണം ഇയ്യോബിനു ഒരു സ്വന്തം നീതിയുണ്ട്. ഇയ്യോബിനു സ്വന്തമായിട്ടു ഒരു സ്വയ മഹ ത്വവും സ്വയ പ്രശംസയും ഉണ്ട്. അതു പാപമാണന്ന് അവൻ അറിയുന്നില്ല.

ഇയ്യോബ് അഭിമാനപൂർവ്വം പറയുന്നു :

"ഞാൻ പുറപ്പെട്ടു പട്ടണത്തിലേക്കു പടിവാ തിൽക്കൽ ചെന്നു. വിശാലസ്ഥലത്ത് എന്റെ ഇരി പ്പിടം വെക്കുമ്പോൾ യൌവനക്കാർ എന്നെ കണ്ടിട്ടു ഒളിക്കും, വൃദ്ധൻമാർ എഴുന്നേറ്റു നില്ക്കും. പ്രഭുക്കന്മാർ സംസാരം നിർത്തി, കൈകൊണ്ടു വായ് പൊത്തും. ശ്രേഷ്ഠന്മാരുടെ ശബ്ദം അടങ്ങും, അവരുടെ നാവു അണ്ണാ ക്കോടു പറ്റും. എന്റെ വാക്കു കേട്ട ചെവി എന്നെ വാഴ്ത്തും, എന്നെ കണ്ട കണ്ണു എനിക്കു സാക്ഷ്യം നല്കും. നിലവിളിച്ച എളിയവനെയും അനാഥനെയും തുണയറ്റവനെയും ഞാൻ വിടു വിച്ചു. നശിക്കുമാറായവന്റെ അനുഗ്രഹം എന്റെ

മേൽ വന്നു, വിധവയുടെ ഹൃദയത്തെ ഞാൻ സന്തോഷം കൊണ്ട് ആർക്കുമാറാക്കി. ഞാൻ നീതിയെ ധരിച്ചു, അതു എന്റെ ഉടുപ്പായിരുന്നു. എന്റെ ന്യായം ഉത്തരീയവും തലപ്പാവും പോലെ യായിരുന്നു. ഞാൻ കുരുടനു കണ്ണും മുടന്തനു കാലും ആയിരുന്നു. ദരിദ്രന്മാർക്കു ഞാൻ അപ്പ നായിരുന്നു. ഞാൻ അറിയാത്തവന്റെ വ്യവഹാരം പരിശോധിച്ചു. നീതികെട്ടവന്റെ അണപ്പല്ലു ഞാൻ തകർത്തു. അവന്റെ പല്ലിൻ ഇടയിൽ നിന്നു ഇരയെ പറിച്ചെടുത്തു.” ഇയ്യോബ് 29 : 7 – 17

“ഞാൻ എന്റെ കണ്ണുമായി ഒരു നിയമം ചെയ്തു ,പിന്നെ ഞാൻ ഒരു കന്യകയെ നോക്കുന്നതെ ങ്ങനെ?” ഇയ്യോബ് 31 : 1

ഇതു ഇയ്യോബിന്റെ സ്വയ പ്രശംസയാണ്. പരീശ മനോ ഭാവമാണ്.

നാം പറയും, ഞാൻ തെറ്റൊന്നും ചെയ്യാറില്ല, എല്ലാ ഞായറാഴ്ചകളിലും പള്ളിയിൽ പോകും. ഓരോ മാസ ത്തിലും കുമ്പസാരിക്കും. മദ്യപാനം ഇല്ല. വ്യഭിചാരം ഇല്ല. എനിക്കു മാനസാന്തരത്തിന്റെ ഒരു ആവശ്യം ഇല്ല. ഇങ്ങനെ വിചാരിക്കുന്നവർ ഓർത്തുകൊൾവിൻ. ഈ മനോഭാവം പിശാച് അവകാശം പറയുന്ന ഒരു പാപം ആണ്. പലരും അറിയുന്നില്ല. പാപം ഇല്ലെന്നു പറയുന്ന പരീശന്മാരാണ് യേശുവിനെ ക്രൂശിച്ചത്.

പരീശന്മാരെ നോക്കി യേശു പറഞ്ഞു: നിങ്ങൾക്കു ഹാ കഷ്ടം ! പുറമെ യാതൊരു പാപവുമില്ല. പക്ഷേ അകത്തോ മുഷിച്ചിലും ഇഷ്ടക്കുറവും, നീരസവും, പകയും. ഇതുമൂലം

ഹൃദയം പുകയുന്നു. ഇതൊരു പാപമാണെന്നു ആരും ചിന്തിക്കുന്നില്ല. സ്വയമഹത്വം, സ്വയനീതി. ദൈവത്തിനു അതറിയാം. പക്ഷേ അതു കഴുകി ശുദ്ധീകരിച്ചെടുക്കേണ്ടേ? അതിനു ദൈവം വേലി അല്പം പൊളിച്ചുകൊടുത്തു. സാത്താൻ ഇയ്യോബിനു നിരന്തരം കഷ്ടം വരുത്തി. പക്ഷേ അതു ദൈവം നന്മയ്ക്കായി രൂപാന്തരപ്പെടുത്തി.

> "ഒരു ദിവസം ഇയ്യോബിന്റെ പുത്രന്മാരും പുത്രിമാരും മൂത്ത ജ്യേഷ്ഠന്റെ വീട്ടിൽ തിന്നുകയും വീഞ്ഞുകുടിക്കയും ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരു ദൂതൻ അവന്റെ അടുക്കൽ വന്നു : കാളകളെ പൂട്ടുകയും പെൺകഴുതകൾ അരികെ മേഞ്ഞുകൊണ്ടിരിക്കയും ആയിരുന്നു, പെട്ടെന്ന് ശെബായർ വന്നു അവയെ പിടിച്ചുകൊണ്ടുപോകയും വേലക്കാരെ വാളിന്റെ വായ്ത്തലയാൽ വെട്ടിക്കൊല്ലുകയും ചെയ്തു, വിവരം നിന്നെ അറിയിപ്പാൻ ഞാൻ ഒരുത്തൻ മാത്രം വഴുതിപ്പോന്നു എന്നു പറഞ്ഞു. അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നേ വേറൊരുത്തൻ വന്നു, ദൈവത്തിന്റെ തീ ആകാശത്തുനിന്നു വീണു കത്തി, ആടുകളും വേലക്കാരും അതിനു ഇരയായിപ്പോയി, വിവരം നിന്നെ അറിയിപ്പാൻ ഞാൻ ഒരുത്തൻ മാത്രം വഴുതിപ്പോന്നു എന്നു പറഞ്ഞു. അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നേ മറ്റൊരുത്തൻ വന്നു : പെട്ടെന്നു കല്ദയർ മൂന്നു കൂട്ടമായി വന്നു ഒട്ടകങ്ങളെ പിടിച്ചു കൊണ്ടുപോകയും വേലക്കാരെ വാളിന്റെ വായ്ത്തലയാൽ വെട്ടിക്കൊല്ലുകയും ചെയ്തു, വിവരം നിന്നെ അറിയിപ്പാൻ ഞാൻ ഒരുത്തൻ മാത്രം

> വഴുതിപ്പോന്നു എന്നു പറഞ്ഞു. അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ മറ്റൊരുത്തൻ വന്നു, നിന്റെ പുത്രന്മാരും പുത്രിമാരും മൂത്ത ജ്യേഷ്ഠന്റെ വീട്ടിൽ തിന്നുകയും വീഞ്ഞുകുടിക്കയും ചെയ്തുകൊണ്ടിരുന്നു. പെട്ടെന്നു മരുഭൂമിയിൽ നിന്നു ഒരു കൊടുങ്കാറ്റു വന്നു വീടിന്റെ നാലു മൂലയ്ക്കും അടിച്ചു : അതു യൗവനക്കാരുടെ മേൽ വീണു, അവർ മരിച്ചു പോയി, വിവരം നിന്നെ അറിയിപ്പാൻ ഞാനൊരുത്തൻ മാത്രം വഴുതിപ്പോന്നു എന്നു പറഞ്ഞു." ഇയ്യോബ് 1 : 13 – 19

ആ ഒറ്റ ദിവസം ഇയ്യോബിന്റെ പുത്രന്മാരും പുത്രിമാരും മരിച്ചു. തുടരെ തുടരെ കഷ്ടങ്ങൾ! നഷ്ടങ്ങൾ! ഇയ്യോബിന്റെ ജീവിതത്തിൽ വന്നു. ദുരിതങ്ങളുടെ കൊടുങ്കാറ്റ് Tempest of disasters.

ജീവിതത്തിൽ ഒന്നുമാറി, ഒന്നുമാറി ദുരിതങ്ങൾ, മരണങ്ങൾ! കഷ്ടങ്ങൾ! സ്വത്തുപോകുന്നു, ജോലിപോകുന്നു, വിദ്യാഭ്യാസം പോകുന്നു, മാറിമാറി വേദനകൾ. ഓർത്തുനോക്കൂ: നിങ്ങളിൽ പലരുടെയും ജീവിതത്തിൽ ഇങ്ങനെ ദുരിതങ്ങളുടെ കൊടുങ്കാറ്റ് അടിച്ചിട്ടുണ്ടാകും.

ജീവിതത്തിൽ അടിക്കടി ദുരിതം വന്നവർ എത്രയോ പേർ ഉണ്ട്. ഭാര്യ മരിച്ചുപോയവർ, ഭർത്താവു കടന്നുപോയവർ, മക്കൾ നഷ്ടപ്പെട്ടവർ, കുടുംബത്തിൽ ഐക്യം ഇല്ലാത്തവർ, സ്നേഹിക്കുവാൻ ആരുമില്ലാത്തവർ, കഷ്ടങ്ങളും നഷ്ടങ്ങളും കൊണ്ടു വലയുന്നവർ.

കരുണയുള്ള കർത്താവു തൊട്ടാൽ അത്ഭുതം നടക്കും. സുബോധം കിട്ടും. അകത്തുവെളിവു കിട്ടും. പാപബോധം കിട്ടും. അതു മഹാഭാഗ്യമാണ്. പാപബോധം തരുന്നതു പരി

ശുദ്ധാത്മാവ് ആണ്. പരിശുദ്ധാത്മാവ് ഹൃദയത്തിൽ വന്നാൽ പാപബോധം, സുബോധം കിട്ടും. പാപത്തിനു ഒരു പ്രത്യേകതയുണ്ട്. യേശു എടുത്തു മാറ്റിയാൽ ഒരു പാപവും ശേഷിക്കുകയില്ല. യേശു മാറ്റിയാൽ അതു പൂർണ്ണമായും മാറിയതു തന്നെ.

ഇയ്യോബിന്റെ ജീവിതത്തിൽ പിന്നെയും ദുരിതങ്ങൾ വന്നു.

> "അവൻ ഒരു ഓട്ടിൻ കഷണം എടുത്തു തന്നെത്താൻ ചുരണ്ടിക്കൊണ്ടു ചാരത്തിൽ ഇരുന്നു." ഇയ്യോബ് 2 : 8

ഇയ്യോബിന്റെ ജീവിതത്തിൽ ദുരിതങ്ങൾ തന്നെ. സ്വത്തു പോയി, മക്കൾ പോയി, ഇതിനെല്ലാം പുറമെ ഇയ്യോബിന്റെ ഉള്ളംകാൽ മുതൽ തലവരെ പരുക്കൾ നിറഞ്ഞു. ശരീരത്തിൽ രോഗം വന്നു. ദൈവം അനുവദിച്ചു കൊടുത്തു. സാത്താൻ തൊട്ടു. ശരീരമാസകലം പഴുത്ത വ്രണങ്ങൾ. പക്ഷേ അവന്റെ പ്രാണനെ തൊടുവാൻ ദൈവം സമ്മതിച്ചില്ല. വ്രണങ്ങൾ ചീഞ്ഞുനാറി. ശരീരം നിറച്ചും ദുർഗന്ധം നിറഞ്ഞു. ഭാര്യപോലും അടുത്തുവരാതെയായി.

"കരഞ്ഞ് കരഞ്ഞ് എന്റെ മുഖം ചുവന്നിരിക്കുന്നു, എന്റെ കണ്ണിന്മേൽ അന്ധതമസ്സ് കിടക്കുന്നു." എന്നാണ് ഇയ്യോബ് പറയുന്നത് 16 : 16.

"എന്റെ ശ്വാസം എന്റെ ഭാര്യയ്ക്ക് അഹസ്യവും എന്റെ യാചന എന്റെ ഉടപ്പിറന്നവർക്ക് അറപ്പും ആയിരിക്കുന്നു." എന്നാണ് ഇയ്യോബ് വിതുമ്പിക്കൊണ്ട് പറയുന്നത് 19 : 17

ആരും അടുത്തു വരാത്ത അവസ്ഥ. എന്തൊരു ദുരിതം! ഇയ്യോബു ഒരു ഓട്ടുകഷണം കൊണ്ടു അതു

ചുരണ്ടിക്കൊണ്ടിരുന്നു. ചാരം ഇട്ടിട്ട് അതിന്റെമേൽ കയറി യിരുന്നു. പാവം ഇയ്യോബു വലഞ്ഞുപോയി.

ഒന്ന് : ദുരിതങ്ങളുടെ കൊടുങ്കാറ്റ് – Tempest of disasters.

രണ്ട് : രോഗങ്ങളുടെ കൊടുങ്കാറ്റ് – Tempest of diseases.

ഇയ്യോബിന്റെ ജീവിതത്തിലെ മൂന്നാമത്തെ കൊടുങ്കാറ്റ് എന്തെന്ന് നമുക്കു നോക്കാം.

> "അവന്റെ ഭാര്യ അവനോടു നീ ഇനിയും നിന്റെ ഭക്തി മുറുകെ പിടിച്ചുകൊണ്ടിരിക്കു ന്നുവോ? ദൈവത്തെ ത്യജിച്ചു പറഞ്ഞു മരിച്ചു കളക എന്നു പറഞ്ഞു." ഇയ്യോബ് 2 : 9

ഇയ്യോബിന്റെ ഭാര്യ പറഞ്ഞു. നീ ദൈവത്തെ ത്യജിച്ചു കളയുക. ഇനിയും ഭക്തനായി ജീവിക്കുന്നുവോ? ദൈവം നിന്നെ ഉപേക്ഷിച്ചു കളഞ്ഞില്ലേ. മരിക്കരുതോ? ദൈവം ഉണ്ടെങ്കിൽ ഇങ്ങനെ സംഭവിക്കുമോ? ഇയ്യോബു ഭാര്യയിൽ നിന്നും കേൾക്കുവാൻ വയ്യാത്തതു കേൾക്കുന്നു. ആത്മ ഹത്യ ചെയ്യാൻ ഭാര്യ പറയുന്നു. ഇയ്യോബിന്റെ ജീവിത ത്തിൽ ഭാര്യയുടെ വാക്ക് സഹിക്കുവാൻ പറ്റാത്തത് ആയി രുന്നു. ശരീരത്തിന്റെ വേദന സഹിക്കാം. പക്ഷേ മനസ്സിന്റെ വേദന എങ്ങനെ സഹിക്കും?

ഇതു വായിക്കുന്ന ഭാര്യമാരേ, നിങ്ങൾ നിങ്ങളുടെ ഭർത്താ ക്കന്മാരെ വേദനിപ്പിക്കരുത്. ഭർത്താക്കന്മാരേ, നിങ്ങളുടെ ഭാര്യമാരെ വിഷമിപ്പിക്കരുത്. നിരാശപ്പെടുത്തരുത്.

ഇയ്യോബിനു അപ്പോഴും ഒരു ആശയുണ്ട്. തന്റെ സ്നേഹി തന്മാർ ഒന്നു വന്നിരുന്നെങ്കിൽ. അവർ ഒരുമിച്ച് ഒന്നു പ്രാർത്ഥിക്കാമായിരുന്നു. കൂട്ടായ്മ കൂടാമായിരുന്നു. പക്ഷേ

അവർ വന്നു. അവർ ഒന്നും മിണ്ടിയില്ല. ഏഴു ദിവസ ത്തേക്കു അവർ മിണ്ടിയില്ല.

> "അവന്റെ വ്യസനം അതികഠിനമെന്നു കണ്ടിട്ടു അവർ ആരും ഒരു വാക്കും മിണ്ടാതെ ഏഴു രാപ്പകൽ അവനോടു കൂടെ നിലത്തിരുന്നു."
>
> ഇയ്യോബ് 2 : 13

ഭാര്യ പറയരുതാത്തതു പറഞ്ഞു. സ്നേഹിതന്മാർ പറയേ ണ്ടതുപറഞ്ഞില്ല.

ഇയ്യോബു വായ് തുറന്നു. തന്റെ ജന്മദിവസത്തെ ശപിച്ചു. സാത്താൻ ജയിച്ചു. ഇയ്യോബു പഴി പറഞ്ഞു. പിശാച് വിജ യിച്ചു. ദൈവപുരുഷൻ നല്ല കരുത്തോടെ പ്രാർത്ഥനയോടെ ദൈവത്തിൽ ആശ്രയിച്ചു നിന്നെങ്കിൽ സാത്താൻ തോല്ക്കു മായിരുന്നു. ഭാര്യ പറഞ്ഞതു കേൾക്കാതെ, പറയേണ്ടതു പറ യാതിരുന്ന സ്നേഹിതരെ ശ്രദ്ധിക്കാതെ നിന്നിരുന്നുവെ ങ്കിൽ ദൈവ പൈതൽ ജയിക്കുമായിരുന്നു. ഇയ്യോബിനെ നോക്കി ദൈവം ദു:ഖിച്ചു. ദൈവത്തിന്റെ ഉള്ള് നൊന്തു മൂന്നാമത്തെ കൊടുങ്കാറ്റ് – നിരാശയുടെ കൊടുങ്കാറ്റ്.

മൂന്ന് : നിരാശയുടെ കൊടുങ്കാറ്റ് – Tempest of despair

നിങ്ങളുടെ ജീവിതത്തിൽ നിരാശയുടെ കൊടുങ്കാറ്റില്ലേ? ജോലി കിട്ടാത്തതിന്റെ, വിവാഹം നടക്കാത്തതിന്റെ, കുഞ്ഞി ല്ലാത്തതിന്റെ നിരാശ എന്ന മഹാപാപം ഭരിക്കുന്നില്ലേ?

നിരാശയിൽ ആണ്ടുപോയവർ ശ്രദ്ധിക്കുക! ആശ്വാസ ത്തിന്റെയും പ്രത്യാശയുടെയും ശബ്ദം!

> "അവൻ ഇനിയും നിന്റെ വായിൽ ചിരിയും നിന്റെ അധരങ്ങളിൽ ഉല്ലാസഘോഷവും നിറ യ്ക്കും. 8 : 21

"നിന്റെ അന്ത്യ സ്ഥിതി അതിമഹത്തായിരിക്കും"
8 : 7

ഇയ്യോബിന്റെ ജീവിതത്തിലെ നാലാമത്തെ കൊടുങ്കാറ്റു എന്താണ്?

"അനന്തരം യഹോവ ചുഴലിക്കാറ്റിൽ നിന്നു ഇയ്യോബിനോടു ഉത്തരം അരുളിച്ചെയ്തതെന്തെന്നാൽ." ഇയ്യോബ് 38 : 1

നാല് : ദൈവശബ്ദത്തിന്റെ കൊടുങ്കാറ്റ്! Tempest of divinity

വീശിയടിക്കുന്ന കൊടുങ്കാറ്റിന്റെ നേരെ ആദ്യം ഇയ്യോബ് ഹാസ്യാത്മകമായ പുഞ്ചിരിയോടെ നോക്കിക്കൊണ്ടിരുന്നു. ഇനിയിപ്പോൾ ചുഴലിക്കാറ്റടിച്ചാൽ എനിക്കൊന്നും നഷ്ടപ്പെടാനില്ലല്ലോ എല്ലാം പോയില്ലെ? മക്കൾ പോയി, സ്വത്തുപോയി, നിലംപുരയിടങ്ങൾ പോയി, ആടുമാടുകൾ പോയി, വീടുകൾ പോയി. ഇനി നഷ്ടപ്പെടാനുള്ളത് കയ്യിലിരിക്കുന്ന ഈ ഓട്ടു കഷണം മാത്രം. ഇയ്യോബ് അതിൽ മുറുകെ പിടിച്ചുകൊണ്ട് ചുഴലിക്കാറ്റിന്റെ നേരെ നിസ്സംഗനായി നോക്കിയിരുന്നു.

എന്തൊരു ആശ്വാസം. നിങ്ങൾ പ്രാർത്ഥിക്കണം. ചുഴലിക്കാറ്റിന്റെ മദ്ധ്യത്തിലും, നിന്റെ ശബ്ദം എന്നെ കേൾപ്പിക്കണമെന്ന് നിങ്ങൾ പ്രാർത്ഥിക്കണം.

ഇയ്യോബിനു ദൈവത്തിന്റെ ശബ്ദം ചുഴലിക്കാറ്റിൽ ഉണ്ടായി. അപ്പോൾ ഇയ്യോബിനു പശ്ചാത്താപം ഉണ്ടായി.

അഞ്ച് : പശ്ചാത്താപത്തിന്റെ കൊടുങ്കാറ്റ്, Tempest of deep repentance.

"അതിനു ഇയ്യോബു യഹോവയോടു ഉത്തരം

പറഞ്ഞതു : നിനക്കു സകലവും കഴിയുമെന്നും നിന്റെ ഉദ്ദേശമൊന്നും അസാദ്ധ്യമല്ലെന്നും ഞാൻ അറിയുന്നു." ഇയ്യോബ് 42 : 1 - 2

ഇയ്യോബ് പറഞ്ഞു, ഞാൻ സ്വയം മഹത്വം എടുത്തു. ഞാൻ അറിയാതെ പറഞ്ഞുപോയി. എന്നോടു ക്ഷമിക്കണമേ, എന്റെ ജീവിതത്തിൽ ഈ ദുരിതവും രോഗവും വന്നതു നന്നായി. എനിക്കു നിന്നെ സ്വന്ത കണ്ണുകൊണ്ടു കാണുവാൻ കഴിഞ്ഞു. എനിക്കു സുബോധം കിട്ടി. താങ്ങേണ്ടവൻ താങ്ങിയാലേ രക്ഷയുള്ളൂ എന്നു മനസ്സിലായി. ഇയ്യോബിന്നു ശരിയായ കാഴ്ചപ്പാടു കിട്ടി. കൊടുങ്കാറ്റു വന്നതു നന്നായി.

"ഞാൻ നിന്നെക്കുറിച്ചു ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളൂ, ഇപ്പോഴോ, എന്റെ കണ്ണാൽ നിന്നെ കാണുന്നു. ആകയാൽ ഞാൻ എന്നെത്തന്നെ വെറുത്തു പൊടിയിലും ചാരത്തിലും കിടന്നു അനുതപിക്കുന്നു." ഇയ്യോബ് 42 : 5 - 6

ജീവിതത്തിലെ കാഴ്ചപ്പാടു മാറിക്കിട്ടി.

ഇയ്യോബു സ്നേഹിതന്മാർക്ക് വേണ്ടി പ്രാർത്ഥിച്ചപ്പോൾ ദൈവം ഇയ്യോബിന്റെ മുഖത്തെ ആദരിച്ചു. അനുതപിച്ചാൽ ആദരിക്കുന്ന ദൈവം ജീവിക്കുന്നു. "യഹോവ ഇയ്യോബിന്റെ മുഖത്തെ ആദരിച്ചു" - എന്തു മനോഹരമായ വാക്യം.

"ഇയ്യോബ് തന്റെ സ്നേഹിതന്മാർക്കു വേണ്ടി പ്രാർത്ഥിച്ചപ്പോൾ യഹോവ അവന്റെ സ്ഥിതിക്കു ഭേദം വരുത്തി മുമ്പെ ഉണ്ടായിരുന്നതൊക്കെയും യഹോവ ഇയ്യോബിനു ഇരട്ടിയായി കൊടുത്തു."
ഇയ്യോബ് 42 : 10

യഹോവ ഇയ്യോബിനെ അനുഗ്രഹിച്ചു. എല്ലാം ഇരട്ടിയായി മടക്കിക്കൊടുത്തു.

> "ഇങ്ങനെ യഹോവ ഇയ്യോബിന്റെ പിൻകാലത്തെ അവന്റെ മുൻകാലത്തെക്കാൾ അധികം അനുഗ്രഹിച്ചു." ഇയ്യോബ് 42 : 12

> "അതിന്റെ ശേഷം ഇയ്യോബു നൂറ്റിനാല്പതു സംവത്സരം ജീവിച്ചിരുന്നു, അവൻ മക്കളെയും മക്കളുടെ മക്കളെയും നാലു തലമുറയോളം കണ്ടു." ഇയ്യോബ് 42 : 16

യഹോവ ഇയ്യോബിന്റെ ആയുസ്സു നീട്ടിക്കൊടുത്തു. ഇയ്യോബിന്റെ വീട്ടിൽ ദൈവമക്കൾ വരുന്നു. അവിടെ സ്തുതിയുണ്ട്. പ്രാർത്ഥനയുണ്ട്. സന്തോഷമുണ്ട്. മഹാഭാഗ്യമായിപ്പോയി.

അഞ്ചു കൊടുങ്കാറ്റുകളെ കുറിച്ചു നാം ചിന്തിച്ചു.

ഒന്ന് : ദുരിതങ്ങളുടെ കൊടുങ്കാറ്റ് – The tempest of disaster.

രണ്ട് : രോഗങ്ങളുടെ കൊടുങ്കാറ്റ് – The tempest of disease.

മൂന്ന് : നിരാശയുടെ കൊടുങ്കാറ്റ് – The tempest of despair.

നാല് : ദൈവശബ്ദത്തിന്റെ കൊടുങ്കാറ്റ് – The tempest of divinity.

അഞ്ച് : പശ്ചാത്താപത്തിന്റെ കൊടുങ്കാറ്റ് – The tempest of deep repentance.

യഹോവ ഇയ്യോബിന്റെ സ്ഥിതി മാറ്റി. നിങ്ങളുടെ ജീവിതത്തിൽ കർത്താവ് വന്നാൽ സ്ഥിതി മാറും. നിങ്ങളുടെ പാപം മാറും. ദൈവത്തിന്റെ ശബ്ദം കേട്ടാൽ നിങ്ങളുടെ സ്വഭാവം മാറും. കുടുംബം രക്ഷ പ്രാപിക്കും.

നമ്മുടെ നാഥൻ കാൽവരിയിൽ നമുക്കുവേണ്ടി പിടഞ്ഞതു നമ്മുടെ സ്ഥിതി മാറ്റാനാണ്. 2000 വർഷം മുൻപ് കാൽവറിയിൽ വീശിയ കൊടുങ്കാറ്റ് അതായിരുന്നു. പിതാക്കന്മാർ പാടി.

"ആ - സമയം ദയനീ-യം!
വിട്ടു മശീഹാ പുരിയേ - റിശിലേം
രോഗങ്ങളെയങ്ങാറ്റിയതിൻ പകരം ത-ന്നെ
ക്രൂശി-ച്ചീടാൻ - കൊണ്ടിഹപോയി - ധൃഷ്ടന്മാർ.

ആ- സമയം - ദയനീയം !
നുകരാൻ മശിഹാ ജലമർത്ഥിച്ചാൻ
ശപ്തസമൂഹം കടുവീഞ്ഞും കാടിയുമേ - കി,
തൻ - നാദത്താൽ - ആഴിയുമാഴവുമഞ്ഞി."

ആ സമയം ദയനീയമായിരുന്നു. ഗോഗുൽത്തായിൽ കൊടുങ്കാറ്റു വീശിയ സമയം ദയനീയമായിരുന്നു. ഗോഗുൽത്തായിലേക്കു എന്റെ നാഥൻ ക്രൂശും പേറി പോയ സമയം ദയനീയമായിരുന്നു. പാപം ചെയ്യാത്തവൻ, കുരിശു ചുമന്നു പോയതു ദയനീയമായിരുന്നു. അവനെ എല്ലാവരും പരിഹസിച്ചു, നിന്ദിച്ചു. എന്നാൽ ആരോടും പരിഭവം ഇല്ലാതെ, പരാതിയില്ലാതെ, മുഖത്തു തുപ്പൽ ഏറ്റും, ചാട്ടവാറുകൊണ്ടു അടിയേറ്റും, പുറം ഉഴവുചാൽ പോലെ കീറിയും എന്റെ നാഥൻ ഗോഗുൽത്തായിലേക്കു പോയ സമയം ദയനീയമായിരുന്നു.

അവൻ ക്രൂശിന്മേൽ കിടന്നു പറഞ്ഞ ഏഴുമൊഴികളും രക്ഷയുടെ നിദർശനങ്ങൾ ആയിരുന്നു. ജലാശയങ്ങളെ നിർമ്മിച്ചവൻ “എനിക്കു ദാഹിക്കുന്നു” എന്നു പറഞ്ഞ സമയം ദയനീയം ആയിരുന്നു.

നമ്മുടെ നാഥൻ കൈകാലുകൾ തുളച്ച് മുൾക്കിരീടം ധരിച്ചു വേദനയേറ്റു ക്രൂശിൽ കിടന്നതു ദയനീയം ആയിരുന്നു. പൊരിവെയിലത്തു ഉച്ചയ്ക്കു പന്ത്രണ്ടു മണി മുതൽ മൂന്നു മണി വരെ കുരിശിൽ കിടന്നതു ദയനീയമായിരുന്നു. “എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്” എന്നുപറഞ്ഞ് കരഞ്ഞ സമയം ദയനീയമായിരുന്നു. “പിതാവേ ഇവർ ചെയ്യുന്നതു ഇന്നതു എന്ന് അറിയായ്കയാൽ ഇവരോടു ക്ഷമിക്കേണമേ” എന്നു പ്രാർത്ഥിച്ച സമയം ദയനീയമായിരുന്നു. “ഇതാ നിന്റെ മകൻ, ഇതാ നിന്റെ അമ്മ” എന്നു പറഞ്ഞ സമയം ദയനീയമായിരുന്നു.

വലത്തുഭാഗത്തെ കള്ളനോടു “നീ ഇന്നു എന്നോടുകൂടെ പറുദീസയിൽ ഇരിക്കും” എന്നു പറഞ്ഞ സമയം ദയനീയമായിരുന്നു. ക്രൂശിൽ കിടന്നു “സകലവും നിവൃത്തിയായി” എന്നു പറഞ്ഞ സമയം ദയനീയമായിരുന്നു. അവസാനമായി “പിതാവെ എന്റെ പ്രാണനെ ഞാൻ നിങ്കൽ ഭരമേല്പിക്കുന്നു” എന്നു പറഞ്ഞ് ക്രൂശിൽ തലചായ്ച്ച് പ്രാണനെ വിട്ട സമയം ദയനീയമായിരുന്നു. പാറകൾ പിളർന്ന സമയം ദയനീയമായിരുന്നു. ദേവാലയത്തിലെ മറശ്ശീല കീറിയ സമയം ദയനീയമായിരുന്നു.

എന്റെ നാഥൻ ക്രൂശിൽ പിടഞ്ഞതുകൊണ്ടു എനിക്കു സ്വർഗ്ഗരാജ്യത്തിൽ പ്രവേശനം കിട്ടി. കള്ളനു പ്രവേശനം കിട്ടി. കൊള്ളക്കാരനു പ്രവേശനം കിട്ടി. കൂലിത്തല്ലുക്കാരനു പ്രവേശനം കിട്ടി. ഭാര്യയെ ഉപേക്ഷിച്ചവനു പ്രവേശനം

കിട്ടി. വ്യഭിചാരം ചെയ്തവനു പ്രവേശനം കിട്ടി. മദ്യപാനിക്കു സ്വർഗ്ഗരാജ്യത്തിലേക്ക് പ്രവേശനം കിട്ടി.

പ്രിയപ്പെട്ടവരെ, ഈ സ്വർഗ്ഗീയ പറുദീസയിലേക്കു നിങ്ങൾക്കു പ്രവേശിക്കണമോ? ഇതാ നമ്മുടെ കർത്താവു ചുഴലിക്കാറ്റിൽ നമ്മോടു സംസാരിക്കുന്നു. നിങ്ങളുടെ അടുത്തു വന്നു നില്ക്കുന്ന കർത്താവിനെ നിങ്ങൾ വിളിച്ചപേക്ഷിക്കൂ, അവന്റെ സ്വരം കേൾക്കൂ. അവന്റെ മുന്നിൽ തല വണക്കൂ.

എന്റെ അരുമയുള്ള നാഥാ, നിന്റെ ക്രൂശിൻ ചുവട്ടിലേക്കു ഞാൻ വീഴുകയാണ്. ആ മഗ്ദലന മറിയത്തെപ്പോലെ, യോഹന്നാൻ ശ്ലീഹായെപ്പോലെ നാഥാ എന്നോടു മനസ്സലിയണമേ! ആ അരിമത്യക്കാരൻ യൗസേഫ് യേശുവിനെ അടക്കിയതുപോലെ കർത്താവെ നിന്നെ ഞാൻ എന്റെ ഹൃദയത്തിൽ അടക്കുകയാണ്. എന്നെ രൂപാന്തരപ്പെടുത്തണമേ, എന്റെ ദുരിതങ്ങൾക്കു പൊറുതി തരണമേ, എന്റെ സ്ഥിതി മാറ്റണമേ, സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു. മശിഹാതമ്പുരാനെ ഞാൻ സ്വീകരിക്കുന്നു. എന്നിൽ നീ ജീവിക്കണമേ.

# ഏഴ്

> "കുറെ കഴിഞ്ഞിട്ടു അതിനു വിരോധമായി ഈശാന മൂലൻ എന്ന കൊടുങ്കാറ്റു അടിച്ചു. കപ്പൽ കാറ്റിന്റെ നേരെ നില്പാൻ കഴിയാത വണ്ണം കുടുങ്ങുകയാൽ ഞങ്ങൾ കൈവിട്ടു അങ്ങനെ പാറിപ്പോയി."
>
> അപ്പോസ്തോല പ്രവൃത്തികൾ 27 : 14 – 15

അപ്പോസ്തോല പ്രവൃത്തികളിൽ ഒരു കൊടുങ്കാറ്റു നമുക്കു കാണാം.

> "ഞങ്ങൾ കൊടുങ്കാറ്റിനാൽ അത്യന്തം അലയുകകൊണ്ടു പിറ്റെന്നു അവർ ചരക്കു പുറത്തുകളഞ്ഞു. മൂന്നാം നാൾ അവർ സ്വന്തകയ്യാൽ കപ്പൽക്കോപ്പും കടലിൽ ഇട്ടുകളഞ്ഞു. വളരെ നാളായിട്ടു സൂര്യനെയോ, നക്ഷത്രങ്ങളെയോ കാണാതെയും വല്ലാത്ത കൊടുങ്കാറ്റു അടിച്ചുകൊണ്ടും ഇരിക്കയാൽ ഞങ്ങൾ രക്ഷപ്പെടും

എന്നുള്ള ആശ ഒക്കെയും അറ്റുപോയി."
അപ്പോസ്തല പ്രവത്തികൾ 27 : 18 - 20

അപ്പോസ്തലനായ പൗലോസ് ആ പടകിലുണ്ട്. ദൈവവിചാരമില്ലാത്ത കുറെ പടയാളികൾ ആ പടകിലുണ്ട്. കുറെ ജയിൽ പുള്ളികളും ആ കപ്പലിൽ ഉണ്ട്. കപ്പൽ പിടിവിട്ടു പോയി. ചരക്കും കപ്പൽക്കോപ്പും കടലിൽ ഇട്ടുകളഞ്ഞു. രക്ഷപ്പെടാം എന്ന ആശയറ്റുപോയി. കാരണം ഈശാനമൂലൻ എന്ന കൊടുങ്കാറ്റ് ആഞ്ഞടിച്ചു.

ചില കുടുംബങ്ങളിലും ഇതുപോലെ ഈശാനമൂലൻ എന്ന കൊടുങ്കാറ്റ് അടിക്കുന്നുണ്ട്. അടിക്കടിയുള്ള ആപത്തുകൾ, വലിയ വലിയ മോഷണങ്ങൾ, മാരകമായ രോഗങ്ങൾ, വലിയ കവർച്ചകൾ, കൂലിത്തല്ലുകൾ, അപമാന ഭീതികൾ, അത്യാഹിതങ്ങൾ, അപകടങ്ങൾ, എല്ലാം കൊടുങ്കാറ്റുകളാണ്.

രക്ഷപ്പെടും എന്നുള്ള ആശയൊക്കെയും അറ്റുപോയി. എന്നാൽ ആ കപ്പലിൽ ഒരു ദൈവപൈതൽ ഉണ്ടായിരുന്നു. ഭാഗ്യം ! നിങ്ങൾ ഒരാൾ ദൈവപൈതലായി നിങ്ങളുടെ വീട്ടിൽ നിന്നാൽ തലമുറകൾ അനുഗ്രഹിക്കപ്പെടും. കുടുംബം അനുഗ്രഹിക്കപ്പെടും. സമാധാനം, അത്ഭുതകരമായ ശാന്തി കുടുംബത്തിലേക്കു വരും. നിങ്ങളുടെ ജീവിതം മാറട്ടെ. നിങ്ങളുടെ കുടുംബം ഭദ്രമാകട്ടെ. പെരുമാറ്റ രീതികൾ നന്നാവട്ടെ. ഭർത്താവിനോടു വിനയം വരട്ടെ. ഭാര്യയോടു സ്നേഹം വരട്ടെ. മരുമകളോട് വാത്സല്യം വരട്ടെ. അവളെക്കുറിച്ചു ഇല്ലാത്തതുപറഞ്ഞ് വേദന വരുത്തല്ലേ. യേശുക്രിസ്തുവിന്റെ ഭാവത്തോടെ നിൽക്കൂ.

സൂര്യനെയോ ചന്ദ്രനെയോ കാണുന്നില്ല. എപ്പോഴും ഇരുട്ടുതന്നെ. ആകാശം കാർമേഘം കൊണ്ടു മൂടിയിരിക്കുന്നു. കപ്പൽ പാറിപ്പാറി പോകുന്നു. മരിക്കാൻ പോവുകയാണെന്നു

മനസ്സിലായി. അവർ വളരെ പട്ടിണി കിടന്നശേഷം പൗലോസ് അവരുടെ നടുവിൽ നിന്നുകൊണ്ടു പറഞ്ഞതു :

“പുരുഷന്മാരേ, എന്റെ വാക്കു അനുസരിച്ചു ക്രേത്തയിൽ നിന്നു നീക്കാതെയും ഈ കഷ്ടനഷ്ടങ്ങൾ സമ്പാദിക്കാതെയും ഇരിക്കേണ്ടതായിരുന്നു. കപ്പലിനല്ലാതെ നിങ്ങളുടെ ആരുടെയും പ്രാണനു നാശം വരികയില്ല.”

ഞാൻ പറഞ്ഞതു കേട്ടിരുന്നുവെങ്കിൽ ഇങ്ങനെ വരികയില്ലായിരുന്നു. ഇപ്പോൾ കപ്പിത്താനും ഈ കപ്പലിലുള്ള തടവുപുള്ളികളും കേട്ടോളൂ. ആരും മരിക്കയില്ല.

കാരണം, ഒരു സംഭവം ഉണ്ടായി. പൗലോസ് പറയുകയാണ്. എന്റെ ഉടയവനും ഞാൻ സേവിച്ചു നില്ക്കുന്നവനുമായ ആ നിത്യനായ ദൈവം തന്റെ ദൂതനെ എന്റെ അടുക്കൽ അയച്ചിട്ടു എന്നോടു പറഞ്ഞു : “നീ ജീവനോടെ തുറമുഖത്ത് ഇറങ്ങും. നിന്നോടു കൂടെ യാത്ര ചെയ്യുന്നവരെ ഒക്കെയും ദൈവം നിനക്ക് ദാനം ചെയ്തിരിക്കുന്നു. ഈ ജനത്തെയെല്ലാം രക്ഷിക്കുവാൻ ദൈവം നിന്നെ കണ്ടിരിക്കുന്നു. നീ ഒരാൾ ഈ കപ്പലിൽ ഉണ്ടല്ലോ. കപ്പലിനു കേടു വരാതെ ഞാൻ നോക്കിക്കൊള്ളാം.”

എന്തൊരു ഭാഗ്യമാണത്. ഞാനും നിങ്ങളും എല്ലാം ഈ വാഗ്ദാനം കൈനീട്ടി വാങ്ങണം. കൊടുങ്കാറ്റു വരുന്നുണ്ട്. ചുഴലിക്കാറ്റു വരുന്നുണ്ട്. ആപത്തുകൾ വരുന്നുണ്ട്. കഷ്ടനഷ്ടങ്ങൾ ഉണ്ട്. അത്യാഹിതങ്ങൾ ഉണ്ട്. ദുരിതങ്ങൾ ഉണ്ട്. തെറ്റിദ്ധാരണകൾ ഉണ്ട്. കൂടെ ഉള്ളവർ എതിർക്കുന്നുണ്ട്. കൊടുങ്കാറ്റുകളുടെ മദ്ധ്യത്തിൽ അനുഗ്രഹം പ്രാപിക്കുവാൻ ഒരു ദൈവപൈതൽ മുഖാന്തരമായിത്തീർന്നു. പ്രിയപ്പെട്ടവരേ, നമ്മുടെ സാഹചര്യങ്ങൾ അനുഗ്രഹിക്കപ്പെടുവാൻ തക്കവണ്ണം നമുക്ക് ദൈവത്തോട് പറ്റി നില്ക്കാം.

"അതുകൊണ്ടു ആഹാരം കഴിക്കേണം എന്നു ഞാൻ നിങ്ങളോടു അപേക്ഷിക്കുന്നു, അതു നിങ്ങ ളുടെ രക്ഷയ്ക്കുള്ളതല്ലോ, നിങ്ങളിൽ ഒരുത്ത ന്റെയും തലയിലെ ഒരു രോമം പോലും നഷ്ട മാകയില്ല നിശ്ചയം എന്നു പറഞ്ഞു. ഇങ്ങനെ പറഞ്ഞിട്ടു അപ്പം എടുത്തു എല്ലാവരും കാൺകെ ദൈവത്തെ വാഴ്ത്തീട്ടു നുറുക്കി തിന്നു തുട ങ്ങി."

അപ്പോ. പ്രവൃത്തികൾ 27 : 34 – 35

പൗലോസ് പറഞ്ഞു – ഞാൻ ദൈവത്തെ വിശ്വസിക്കു ന്നു. നമ്മളാരും മരിക്കുകയില്ല. നമുക്കു ആർക്കും ഒരുദോ ഷവും വരികയില്ല. എന്നാൽ നമ്മുടെ കപ്പലിനു കേടുവരും. ഒരുത്തന്റെയും തലയിലെ ഒരു രോമം പോലും നഷ്ടമാക യില്ല. ഇങ്ങനെ പറഞ്ഞിട്ട് പൗലോസ് അപ്പം എടുത്തു വാഴ്ത്തി നുറുക്കി തിന്നാൻ തുടങ്ങി. ഒരു ദൈവപൈതൽ അവിടെ ധീരതയോടെ, വിശ്വാസത്തോടെ നിന്നു. നിങ്ങൾ ഓരോരുത്തരും വീട്ടിൽ മാതൃകയായി നിൽക്കൂ. ഒടുവിൽ നിങ്ങൾ മൂലം കുടുംബത്തിനും, ദേശത്തിനും അനുഗ്രഹം പ്രാപിക്കാം.

കൊടുങ്കാറ്റ് ഏറ്റു ചില ക്ഷീണങ്ങൾ വന്നുപോയി എങ്കിലും ആഴത്തിൽ വേരൂന്നാൻ അതു സഹായകമായി. വേര് ആഴ ത്തിൽ പാഞ്ഞു. ഇനി ഏതു കൊടുങ്കാറ്റു വന്നാലും ഉലഞ്ഞു വീഴാത്ത വിധം ആഴത്തിലേക്ക് വേരോടാൻ ഈ കൊടു ങ്കാറ്റ് സഹായകമായി.

നമ്മുടെ അരികിൽ നില്ക്കുന്ന യേശുവിനോടു നമുക്കു പറയാം. നാഥാ, എന്റെ ജീവിതത്തിൽ വരുന്ന കൊടുങ്കാറ്റു കൾ പുഞ്ചിരിയോടെ ഞാൻ ഏറ്റു വാങ്ങുന്നു. കർത്താവേ,

ഇനി കൊടുങ്കാറ്റില്ലാത്ത നാട്ടിലേക്കു എന്നെ സ്വീകരിപ്പാൻ അവിടുന്നു മദ്ധ്യാകാശത്തിൽ എഴുന്നുള്ളിവരുമെന്നു ഞാൻ വിശ്വസിക്കുന്നു. ഇന്നു ഞാൻ വിശ്വാസത്താൽ അങ്ങയെ കാണുന്നു. എന്നാൽ അന്നു മുഖാമുഖം കണ്ട് അവിടത്തെ പാദപീഠം ഞാൻ ചുംബിക്കും.

എന്റെ ജീവിതത്തിലെ കൊടുങ്കാറ്റുകൾക്കു ശാന്തത വരുത്തുവാൻ അവിടന്ന് ക്രൂശിൽ കൊടുങ്കാറ്റേറ്റു വലഞ്ഞുപോയതു ഞാൻ കാണുന്നു. യേശുവിന്റെ മുഖത്തു തുപ്പലേറ്റു. കന്നത്ത് അടിയേറ്റു, ശിരസ്സിൽ മുൾമുടി ഏറ്റു. രക്തം ധാര ധാരയായി ഒഴുകി. പുറം ഉഴവുചാലുപോലെ കീറി, തിരുവിലാവ് തുറന്നു, ചവളത്താൽ തിരുനിലാവു കുത്തി തുളയ്ക്കപ്പെട്ടു. കൈകളും കാലുകളും ആണിയടിച്ചു തകർക്കപ്പെട്ടു. കുറ്റമില്ലാത്ത രക്തം ചിന്തി. ആകാശത്തിനും ഭൂമിക്കും മദ്ധ്യേ രണ്ടു കള്ളന്മാരുടെ നടുവിൽ ക്രൂശിൽ ശാപമായിത്തീർന്നു. “എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈ വിട്ടതെന്ത്” എന്നു പറഞ്ഞുകൊണ്ട് ആ ക്രൂശിലെ കൊടുങ്കാറ്റേറ്റ് കരുണയുള്ള കർത്താവു ഏങ്ങലടിച്ചു.

കൊടുങ്കാറ്റേറ്റു വലഞ്ഞവൻ നിന്റെ കൊടുങ്കാറ്റു മാറ്റുവാൻ ശക്തനാണ്. ക്രൂശിൽ പിടഞ്ഞ എന്റെ യേശുവേ, കഷ്ടതയുടെ ചുഴലിക്കാറ്റ്, യാതനയുടെ ചുഴലിക്കാറ്റ്, ആക്ഷേപത്തിന്റെ ചുഴലിക്കാറ്റ്, അവിടന്ന് ക്രൂശിൽ വഹിച്ചുവല്ലോ. എന്റെ നിത്യനാശം മാറ്റാൻ, നിത്യഭീകര നരക ദണ്ഡനം മാറ്റാൻ നാഥാ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചുവല്ലോ. ഞാൻ വിശ്വസിക്കുന്നു.

യേശുവേ ഇന്നു മുതൽ ഞാൻ നിന്റെ വകയാണ്. ഈ നിമിഷം മുതൽ ഞാൻ നിന്റെ അടിമയാണ്. യേശുവേ ഇന്നുമുതൽ ഞാൻ നിന്റെ മാത്രം വകയാണ്. പാപത്തോടും

പാപത്തിന്റെ അധിപതിയായ പിശാചിനോടും ഞാൻ എന്നേയ്ക്കുമായി യാത്രപറയുന്നു. എനിക്കു വേണ്ടി ക്രൂശിൽ മരിച്ച എന്റെ യേശുവേ ഇന്നുമുതൽ ഞാൻ നിന്റെ വക; നിന്റെ വക മാത്രം.

# എട്ട്

“കാവല്ക്കാരാ, രാത്രിഎന്തായി? കാവല്ക്കാരാ, രാത്രി എന്തായി? എന്നു ഒരുത്തൻ സേയീരിൽ നിന്നു എന്നോടു വിളിച്ചു ചോദിക്കുന്നു. അതിന്നു കാവല്ക്കാരൻ : പ്രഭാതവും രാത്രിയും വന്നിരിക്കുന്നു, നിങ്ങൾക്കു ചോദിക്കേണമെങ്കിൽ ചോദിച്ചു കൊൾവിൻ, പോയി വരുവിൻ എന്നു പറഞ്ഞു.”

യെശയാവ് 21 : 11 – 12

പ്രഭാതവും രാത്രിയും വന്നിരിക്കുന്നു. പ്രഭാതവും വന്നിരിക്കുന്നു. രാത്രിയും വന്നിരിക്കുന്നു. ഇന്ന സമയം എന്നു പറയുവാൻ നിർവാഹമില്ല. ഇപ്പോൾ പ്രഭാതമാണ്. ഇപ്പോൾ രാത്രിയുമാണ്. പ്രഭാതവും രാത്രിയും വന്നിരിക്കുന്നു. നിങ്ങൾക്കു ചോദിക്കണമെങ്കിൽ ചോദിച്ചു കൊൾവിൻ.

ഇതു മലയാളം വേദപുസ്തകത്തിൽ വായിച്ചാൽ മുഴു

വൻ ആശയവും നമുക്കു മനസ്സിലാവുകയില്ല. ഇംഗ്ലീഷിൽ Living Bible - ൽ :

> Watchman, what of the night? How much time is left? The watchman replies. Your judgement day is dawning now. Turn again to God. So that I can give you better news. Turn again to God Seek for him. And then come, And ask again.

കാവല്ക്കാരാ രാത്രി സമയം എന്തായി? ഇനി എത്രസമയം ബാക്കിയുണ്ട്. കാവല്ക്കാരൻ മറുപടി പറയുന്നു. നിങ്ങളുടെ ന്യായവിധിയുടെ ദിവസമാണ് തുടങ്ങാൻ പോകുന്നത്.

അടുത്ത ദിവസം ന്യായവിധിയാണ് . ന്യായവിധി ദിവസം തുടങ്ങാൻ പോവുകയാണ്. വലിയ ന്യായവിധി ദിവസം. അതിന്റെ പ്രഭാതം ആകാൻ പോവുകയാണ്. വീണ്ടും ദൈവത്തിങ്കലേക്കു തിരിയുവിൻ. അപ്പോൾ കൂടുതൽ നല്ല വാർത്തകൾ നിങ്ങൾക്കു തരാൻ എനിക്കു കഴിയും.

നിങ്ങൾ ദൈവത്തിങ്കലേക്കു തിരിഞ്ഞില്ലെങ്കിൽ ഭയങ്കര നാശത്തിന്റെ കാര്യങ്ങൾ വരാൻ പോകുന്നു. അതുകൊണ്ട് നല്ല വാർത്തകൾ തരാൻ കഴിയാതെ പോകും. നാളെ നേരം പുലർന്നാൽ ന്യായവിധി വരാൻ പോകുന്നു. അതുകൊണ്ടു വേഗം – ദൈവത്തിങ്കലേക്കു തിരിയുവിൻ. ദൈവത്തെ അന്വേഷിപ്പിൻ, എന്നിട്ടു വരിക. എന്നോടു ചോദിക്കുക, ഞാൻ പറഞ്ഞുതരാം.

കാവല്ക്കാരാ രാത്രി എന്തായി. ഇതു മനസ്സിലാകണമെങ്കിൽ കാവല്ക്കാരൻ എന്നു പറയുന്നതു ആരെക്കുറിച്ചാണെന്നു ആദ്യം മനസ്സിലാക്കണം.

പഴയകാലത്തു യെരുശലേം നഗരത്തിന്റെ വീഥികളിൽ

കാവല്ക്കാരെ ആക്കിയിരുന്നു. ഓരോ യാമവും ആകുമ്പോൾ, രാത്രിയുടെ യാമങ്ങൾ, കാവല്ക്കാരൻ നിന്നു വിളിച്ചു പറയണം. സന്ധ്യയ്ക്കു 6 മണി മുതൽ രാത്രി 9 മണിവരെ ഒന്നാം യാമം, 9മണി മുതൽ 12 മണിവരെ രണ്ടാം യാമം, 12 മണി മുതൽ 3 മണി വരെ മൂന്നാം യാമം, 3 മണിമുതൽ 6 മണിവരെ നാലാം യാമം. ഈ സമയങ്ങൾ കാവല്ക്കാരൻ വിളിച്ചു പറയണം.

തന്നെയല്ല, യെരുശലേം നഗരത്തെ എതിർക്കുവാനും, ആക്രമിക്കുവാനും ശത്രു വരുന്നെങ്കിൽ, ശത്രുവിന്റെ ആക്രമണ ഭീഷണിയുണ്ടാകുമ്പോൾ കാവല്ക്കാരൻ രാത്രി ഉറക്കമിളച്ചു നിന്നു കൊണ്ടു ജനത്തെ വിളിച്ചുണർത്തി വിളിച്ചു പറയണം : "ഇതാ ശത്രു വരുന്നു, ഭീതി വരുന്നു, വാൾ വരുന്നു" എന്ന്. അതു കാവല്ക്കാരന്റെ ചുമതലയായിരുന്നു. അതിനുവേണ്ടി കാവല്ക്കാരനെ നിയമിച്ചാക്കിയിരുന്നു.

കാവല്ക്കാരൻ എന്ന പദം വേദപുസ്തകത്തിൽ വളരെ അർത്ഥവത്തായ ഒരു പദമാണ്. ദൈവം കല്പിക്കുന്നു, നാം ഓരോരുത്തരും ദേശത്തിന്റെ കാവൽക്കാരാണെന്ന്. നമുക്കു തിരുവചനത്തിലെ ചില വാക്യങ്ങൾ ശ്രദ്ധിക്കാം.

> "യെരുശലേമേ, ഞാൻ നിന്റെ മതിലുകളിന്മേൽ കാവല്ക്കാരെ ആക്കിയിരിക്കുന്നു, അവർ രാവോ പകലോ ഒരിക്കലും മിണ്ടാതെയിരിക്കയില്ല, യഹോവയെ ഓർപ്പിക്കുന്നവരേ, നിങ്ങൾ സ്വസ്ഥമായിരിക്കരുത്." യെശയ്യാവ് 62 : 6

അവർ രാവോ പകലോ മിണ്ടാതിരിക്കരുത്. നിങ്ങൾ കിടന്നു ഉറങ്ങരുത്. രാത്രിയോ പകലോ നിങ്ങൾ അലസരായിരിക്കരുത്. നിങ്ങൾ ദൈവത്തെ ഓർമ്മിപ്പിക്കേണ്ടവരാണ്. ജനത്തെ ബോധവാന്മാരാക്കേണ്ടവരാണ്. നിങ്ങൾ മൗനമാ

യിരിക്കരുത്. സ്വസ്ഥമായിരിക്കരുത്. വിശ്രമിക്കരുത്. ഓരോരുത്തരുടെയും ചുമതലയാണിത്.

> "മനുഷ്യപുത്രാ, ഞാൻ നിന്നെ യിസ്രായേൽ ഗൃഹത്തിനു കാവല്ക്കാരനാക്കിയിരിക്കുന്നു. നീ എന്റെ വായിൽ നിന്നു വചനം കേട്ടു എന്റെ നാമത്തിൽ അവരെ പ്രബോധിപ്പിക്കേണം."
>
> യെഹെസ്ക്കേൽ 3 : 17

ദൈവം പ്രവാചകനോടു കല്പിക്കുകയാണ്. ഞാൻ നിന്നെ യിസ്രായേലിനു കാവല്ക്കാരനാക്കിയിരിക്കുന്നു. ദൈവത്തിന്റെ നാവിൽ നിന്നു നീ വചനം കേൾക്കണം. എന്നിട്ടു ജനത്തിനു കൊടുക്കണം.

> "ഞാൻ ദേശത്തിന്റെ നേരെ വാൾ വരുത്തുമ്പോൾ, ആ ദേശത്തിലെ ജനം തങ്ങളുടെ കൂട്ടത്തിൽ നിന്നു ഒരു പുരുഷനെ തിരഞ്ഞെടുത്തു കാവല്ക്കാരനാക്കി വെച്ചാൽ, ദേശത്തിന്റെ നേരെ വാൾ വരുന്നതുകണ്ടിട്ടു അവൻ കാഹളം ഊതി ജനത്തെ ഓർമ്മപ്പെടുത്തുമ്പോൾ ആരെങ്കിലും കാഹളനാദം കേട്ടു കരുതിക്കൊള്ളാതെ ഇരുന്നാൽ, വാൾവന്നു അവനെ ഛേദിച്ചു കളയുന്നു എങ്കിൽ അവന്റെ രക്തം അവന്റെ തലമേൽ തന്നേ ഇരിക്കും."
>
> യെഹെസ്ക്കേൽ 33 : 2 - 4

വേറെ ആരും ഉത്തരവാദിയല്ല. ദൈവം ചെയ്യേണ്ടതു ദൈവം ചെയ്തു. കാവല്ക്കാരൻ വിളിച്ചു പറഞ്ഞു. കേൾക്കുന്നവൻ ചെവിക്കൊണ്ടില്ല. അതാണ് അവനു ഛേദം വന്നത്. അവന്റെ രക്തം അവന്റെമേൽ തന്നെയിരിക്കും. നാശത്തിനു ഉത്തരവാദി അവൻ തന്നെയാണ്.

കാര്യം ഗൗരവമാണ്. വാൾ വരുന്നു എന്നു ദൈവം പറഞ്ഞു. കാവല്ക്കാരൻ വാൾ വരുന്നുവെന്നു അറിയിച്ചില്ല. കാവല്ക്കാരൻ അവൻ ചെയ്യേണ്ട ജോലി ചെയ്തില്ല. അലസനായിപ്പോയി. വാൾ വന്നു ജനത്തെ ഛേദിക്കും. ആ രക്തപാതകം കാവല്ക്കാരന്റെ മേൽ ഇരിക്കും.

സൺണ്ടേസ്കൂൾ അദ്ധ്യാപകർ ഭയപ്പെടേണ്ടതാണ്. സുവിശേഷ വേലക്കാർ ഭയപ്പെടേണ്ടതാണ്. ഏതെങ്കിലും ശുശ്രൂഷ ചെയ്യുന്നവർ ഭയപ്പെടേണ്ടതാണ്. നിങ്ങൾ ചെയ്യേണ്ടതു ചെയ്യാതെ അലസരായിരുന്നാൽ, കൊടുക്കേണ്ടതു കൊടുക്കാതെ അലസരായിരുന്നാൽ നിങ്ങൾക്കു കുറ്റം വരും.. ഏതു സഭയായാലും, ഏതു വ്യക്തിയായാലും ക്രിസ്തുവിനെ കൊടുക്കാതിരുന്നാൽ, ക്രിസ്തുവിന്റെ സുവിശേഷം കൊടുക്കാതിരുന്നാൽ അതുമൂലം ജനത്തിനു വരുന്ന നാശത്തിന്റെ ഉത്തരവാദിത്വം ദൈവം നിങ്ങളോടു ചോദിക്കും.

കാവല്ക്കാരാ രാത്രി എന്തായി? watchman what of the time? How much time is left? ഇനി നേരം വെളുക്കുവാൻ എത്ര സമയം ബാക്കിയുണ്ട്. സേയീരിൽ നിന്നു ഒരുത്തൻ വിളിച്ചു ചോദിക്കുന്നു. പ്രഭാതവും രാത്രിയും വന്നിരിക്കുന്നു. എങ്ങനെയാണത്? ഒരേ സമയത്തു തന്നെ പ്രഭാതവും, ആ സമയത്തുതന്നെ രാത്രിയും. ഇതെങ്ങനെ സാധിക്കും. ഇപ്പോൾ സന്ധ്യയായി, എന്നാൽ ഇപ്പോൾ പ്രഭാതമാകുന്നതെങ്ങനെ? മനസിലാവുകയില്ല. എന്താണിതിന്റെ അർത്ഥം? ആത്മീകമായി ഗൗരവാവഹമായ അർത്ഥം ഉണ്ട്.

യേശു വരുമ്പോൾ രക്ഷ അനുഭവിക്കുന്നവർക്കു, യഥാർത്ഥമായി മാനസാന്തരപ്പെട്ട്, യേശുക്രിസ്തുവിനായി ജീവിതം സമർപ്പിച്ചു വീണ്ടും ജനനത്തിന്റെ സൗഭാഗ്യം അനുഭവിക്കുന്നവർക്കു പ്രഭാതം.

എന്നാൽ വേറൊരു ഭാഗം ആളുകൾ ആ സമയത്തു ഉപേക്ഷിക്കപ്പെടുന്നു. അവർ നിത്യ ഘോരാന്ധകാരത്തിലേക്കു പോകുന്നു. അവർക്കു രാത്രിയും.

ഒരു ഭാഗം ആളുകൾക്കു നീതിസൂര്യൻ ഉദിച്ചിരിക്കുന്നു. ക്രിസ്തു അവരെ സ്വീകരിക്കുന്നു. ക്രിസ്തു മദ്ധ്യാകാശത്തിൽ അവരെ എതിരേല്ക്കുന്നു. അവർ എടുക്കപ്പെടുന്നു. യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ ഒരുഭാഗം ആളുകൾ സ്വീകരിക്കപ്പെടുന്നു. അവർക്കു സൂര്യൻ ഉദിക്കുന്നു.

> "എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ നീതി സൂര്യൻ തന്റെ ചിറകിൻ കീഴിൽ രോഗോപശാന്തിയോടു കൂടെ ഉദിക്കും, നിങ്ങളും പുറപ്പെട്ട് തൊഴുത്തിൽ നിന്നു വരുന്ന പശുക്കിടാങ്ങളെപ്പോലെ തുള്ളിച്ചാടും."  മാലാഖി 4 : 2

നീതി സൂര്യൻ തന്റെ ചിറകിൽ കീഴിൽ രോഗോപശാന്തിയോടുകൂടി ഉദിക്കും. കർത്താവായ യേശുക്രിസ്തു ജീവിതത്തിൽ ഉദിക്കും. ക്രിസ്തു വീണ്ടും വരുമ്പോൾ രക്ഷിക്കപ്പെട്ടവർ പറന്നുയരും. ലളിതമായി പറഞ്ഞാൽ വിശുദ്ധന്മാർ മാത്രം പറന്നുയരും. പരിശുദ്ധപിതാക്കന്മാർ പാടി :

"മൃതരെ ജീവിപ്പിപ്പാനെഴുന്നള്ളും രാജാ -
മുകിലഴകിൻ മേലാഘോഷിതനായീടുന്നു,
നയവാന്മാർ തൻ മുൻ കൊമ്പിൻ നാദം കേട്ടി-
ട്ടങ്കിയണിഞ്ഞെതിരേല്ക്കാനായ് പോയീടുന്നു."

അല്ലാത്തവരോ, ക്രിസ്തുവിനെ കൈക്കൊള്ളാത്തവർ, പാപത്തിന്റെ അടിമകളായി ജീവിക്കുന്നവർ, സാത്താനു ഇടം കൊടുത്തിരിക്കുന്നവർ അവർ നിത്യ അന്ധകാരത്തിലേക്കു പോകും. നിത്യമായ കൂരിരുട്ട്. അവിടെ പല്ലുകടിയും കര

ച്ചിലും ഉണ്ടാകും. ഘോരാന്ധകാരം, Enternal torture, നിത്യ മായ ശിക്ഷാവിധി, നിത്യമായ ദണ്ഡനം, ഇതെല്ലാം സത്യമാ ണ്.

എങ്ങനെയെല്ലാമാണ് ഈ രാത്രി വരുന്നതു? ആ സമ യത്തു വരുന്ന രാത്രി എന്താണ്? ന്യായവിധി എന്നു പറ യുന്ന രാത്രി എങ്ങനെയാണ്? ഭൂമിമേൽ ന്യാവിധി വരും. അതിന്റെ കാലൊച്ച കേട്ടു തുടങ്ങിയിട്ടുണ്ട്.

> "ഞാൻ ഭൂതലത്തെ ദോഷം നിമിത്തവും ദുഷ്ട ന്മാരെ അവരുടെ അകൃത്യം നിമിത്തവും സന്ദർശിക്കും, അഹങ്കാരികളുടെ ഗർവ്വത്തെ ഞാൻ ഇല്ലാതാക്കും, ഉഗ്രന്മാരുടെ നിഗളത്തെ താഴ്ത്തും."
>
> യെശയ്യാവ്. 13 : 11

> "ഭൂമിയെ നടുക്കുകയും രാജ്യങ്ങളെ കുലുക്കു കയും ഭൂതലത്തെ മരുഭൂമിപോലെ ആക്കുകയും അതിലെ പട്ടണങ്ങളെ ഇടിച്ചുകളകയും തന്റെ ബദ്ധന്മാരെ വീട്ടിലേക്കു അഴിച്ചു വിടാതിരിക്കു കയും ചെയ്തവൻ ഇവനല്ലയോ എന്നു നിരൂപി ക്കും."
>
> യെശയ്യാവ് 14 : 17

പിശാച് മനുഷ്യനെ ബന്ധിച്ചിടുന്നു. ശാപങ്ങളിലും ബാധ കളിലും കെട്ടിയിടുന്നു. അനേകരെ കുരുക്കിലാക്കുന്നു. അനേകരെ ജയിലിലാക്കുന്നു. ഭൂമികുലുക്കങ്ങൾ രാജ്യങ്ങളെ നടുക്കുന്നു.

ഞാൻ ഭയത്തോടെ പറയട്ടെ, 2004 ഡിസംബറിൽ വലിയ വെള്ളപ്പൊക്കം. അന്നേരമൊന്നും സുനാമിയാണെന്നു അറി ഞ്ഞുകൂടാ. അന്നേ ദിവസമാണ് അതുണ്ടായത്. വലിയ വെള്ള

പ്പൊക്കം. സുനാമി.

ജനങ്ങൾ എല്ലാം പരിഭ്രാന്തരായി. കേരളത്തിന്റെ തെക്കേ അറ്റത്തെല്ലാം വെള്ളം കയറി. അങ്ങു തമിഴ്നാടിന്റെ തീരങ്ങളിൽ വെള്ളം കയറി. വേളാങ്കണ്ണി ഭാഗത്തു വെള്ളം ആകാശത്തോളം ഉയർന്നു. കൊടുങ്കാറ്റും സുനാമി വെള്ളപ്പൊക്കവും! ഭയങ്കരമായ അത്യാഹിതം!

അന്നു ഒരു അത്ഭുതം നടന്നു. ഞാൻ കണ്ണൂര് ഒരു യോഗത്തിനു പോകുവാൻ യാത്രചെയ്തിരുന്ന വണ്ടിയുടെ ഉടമസ്ഥൻ, കൂട്ടായ്മയിൽ മാനസാന്തരപ്പെട്ടുവന്ന ഒരു ദൈവപൈതലാണ്. വണ്ടി ഓടിച്ചു കൊണ്ടുയോഗത്തിനുപോകാൻ ഡ്രൈവറെ എല്ലാം തയ്യാറാക്കി കൊണ്ടുവന്നതാണ്.

ഞാൻ വിളിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. സാറെ വേറൊരു പരിപാടി തയ്യാറാക്കിയല്ലോ. ഞാൻ പറഞ്ഞു. കണ്ണൂർ നമ്മുടെ യോഗമല്ലേ. നമുക്കു പോകണമല്ലോ. പാട്ടുകാരൊക്കെ പോകുന്നുണ്ട്. ഉപകരണങ്ങളെല്ലാം കൊണ്ടുപോകണം.

അന്നു അദ്ദേഹം ആ പ്രോഗ്രാം മാറ്റിവെച്ചു. അദ്ദേഹവും ഭാര്യയും മോനും അന്നു കുടുംബമായി കന്യാകുമാരിയിലെ വിവേകാനന്ദപ്പാറ കാണാൻ പോകാനിരുന്നതാണ്. ഞാൻ പറഞ്ഞതുകൊണ്ടു മാത്രം കണ്ണൂർക്ക് യോഗത്തിനു പോന്നു. പോന്നില്ലായിരുന്നുവെങ്കിൽ എന്താകുമായിരുന്നു! ദൈവവേലയ്ക്കുവേണ്ടി അവർ അന്നു പോന്നില്ലായിരുന്നുവെങ്കിൽ പിന്നെ ഭൂമിയിൽ അവർ കാണുമോ? അന്ന് അവിടെ വിവേകാനന്ദപ്പാറയിൽ ഉണ്ടായിരുന്നവർ എല്ലാവരും മുങ്ങിപ്പോയി എന്ന് പിന്നീട് അറിയാനിടയായി.

മഹാരാഷ്ട്രയിലെ ലത്തൂരിലും ഗുജറാത്തിൽ സൂറ്റിലും മറ്റും ഉണ്ടായ ഭൂമികുലുക്കങ്ങൾ കൊണ്ടു തീർന്നില്ല. കേരള

മണ്ണിൽ എത്രയോ സ്ഥലത്തു ഭൂമി കുലുക്കങ്ങൾ ഉണ്ടായി. ഇതെല്ലാം ആരംഭം മാത്രം. രാത്രിവരുന്നു. രാത്രി ഇതാ വരാറായിരിക്കുന്നു. നിങ്ങൾക്കറിയാമോ? ഈ അടുത്ത കാലത്ത് ഭൂഗർഭശാസ്ത്രജ്ഞന്മാർ പറഞ്ഞു. ഭാരതത്തിൽ ഇനി ഏറ്റവും കൂടുതൽ ഭൂകമ്പസാദ്ധ്യതയുള്ള പ്രദേശം കേരളമാണെന്ന്. കാര്യം ഗൗരവമല്ലേ? ദൈവമക്കളേ, ശ്രദ്ധിക്കൂ. പ്രഭാതവും രാത്രിയും വന്നിരിക്കുന്നു. ഭൂമിമേൽ ന്യായവിധി വരുന്നു. ന്യായവിധിയുടെ രാത്രി വരുന്നു.

> "സമുദ്രം കണ്ടു ഓടി, യോർദ്ദാൻ പിൻ വാങ്ങിപ്പോയി. പർവ്വതങ്ങൾ മുട്ടാടുകളെപ്പോലെയും കുന്നുകൾ കുഞ്ഞാടുകളെപ്പോലെയും തുള്ളി. സമുദ്രമേ, നീ ഓടുന്നതെന്ത്? യോർദ്ദാനേ, നീ പിൻവാങ്ങുന്നതെന്ത്? പർവ്വതങ്ങളേ, നിങ്ങൾ മുട്ടാടുകളെപ്പോലെയും കുന്നുകളേ, നിങ്ങൾ കുഞ്ഞാടുകളെപ്പോലെയും തുള്ളുന്നതു എന്ത്?"
>
> സങ്കീർത്തനങ്ങൾ 114 : 3 – 6

പർവ്വതങ്ങൾ തുള്ളുന്നു. സമുദ്രം ഓടിപ്പോയി. എന്താണത്? പാപത്തെ ഓർത്തു വിറച്ചുകൊള്ളൂ. തിന്മകൾ സംഭവിച്ചതോർത്തു ഓലോലെ കരഞ്ഞു കൊള്ളൂ, അനുതപിച്ചു കൊള്ളൂ. പാപത്തെയോർത്തു അതിവേഗം ദു:ഖിച്ചുകൊള്ളൂ.

ഒന്നാമത്തെ കാര്യം : ഭൂമിമേൽ ന്യായവിധി.

രണ്ടാമത്തെ കാര്യം : തലമുറകളിന്മേൽ ന്യായവിധി.

ഞാൻ പാപം ചെയ്താൽ എനിക്കു മാത്രമല്ല ശിക്ഷ. എന്റെ മക്കൾക്കും മക്കളുടെ മക്കൾക്കും മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ ശിക്ഷവരുന്നു. ന്യായവിധി വരുന്നു.

കർത്താവിന്റെ വേലയിലേക്കു ജനത്തെ വിടാതിരിക്കുന്ന ആളുകളുണ്ട്. അങ്ങോട്ടു പോകല്ലേ എന്നു പറഞ്ഞു തടയുന്ന ആളുകൾ ഉണ്ട്. തലമുറകൾ കഴിഞ്ഞ് മക്കളുടെ കാലത്തോ, മക്കളുടെ മക്കളുടെ കാലത്തോ വലിയ കെടുതികളോ, മഹാവ്യാധികളോ, മഹാബാധകളോ എല്ലാം വരുമ്പോൾ, അയ്യോ എന്നു നിലവിളിക്കും. എന്തുകൊണ്ടാണ് ഈ ശാപങ്ങളും ബാധകളും വന്നതെന്ന് അറിയില്ല.

ദൈവത്തിന്റെ വേലയെ തടുത്തതുകൊണ്ട്, ദൈവത്തിന്റെ വേലക്കാരെ കാര്യമില്ലാതെ, എതിർത്തതുകൊണ്ട്, പരിഹസിച്ചതുകൊണ്ടു ശാപങ്ങൾ വരുന്നു. ശിക്ഷകൾ വരുന്നു. നാശങ്ങൾ വരുന്നു.

ദൈവവേലയെ തൊട്ടുകളിക്കരുത്. എന്തിനാണ് ശാപങ്ങൾ നമ്മുടെ ജീവിതത്തിലേക്കു നാം ക്ഷണിച്ചു വരുത്തുന്നത്? ആരെങ്കിലും വചനം കേട്ടു രക്ഷപ്പെട്ടുകൊള്ളട്ടെ. ആ യോഗത്തിനു പോകല്ലേ എന്നു പറയുന്നതു വലിയ ശാപമാണ്. എന്തുവലിയ അനർത്ഥമാണ് അനന്തര തലമുറകൾക്ക് അറിയാതെ വരുത്തി വയ്ക്കുന്നത്. എത്ര ഉന്നതന്മാരാണെങ്കിലും ശാപത്തിൽ നിന്നു വിമോചനം കിട്ടുകയില്ല. കാരണം ജീവനുള്ള ദൈവം തീക്ഷ്ണതയുള്ള ദൈവമാണ്. വചനം എന്തു പറയുന്നു എന്നുനോക്കാം.

> "നിന്റെ ദൈവമായ യഹോവയായ ഞാൻ തീക്ഷ്ണതയുള്ള ദൈവം ആകുന്നു, എന്നെ പകയ്ക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെ മേൽ സന്ദർശിക്കുകയും എന്നെ സ്നേഹിച്ചു എന്റെ കല്പനകളെ പ്രമാണിക്കുന്നവർക്കു ആയിരം തലമുറവരെ ദയ കാണിക്കു

കയും ചെയ്യുന്നു."

പുറപ്പാട് 20 : 5 - 6

"കുറ്റമുള്ളവനെ വെറുതെ വിടാതെ പിതാക്കന്മാരുടെ അകൃത്യം മക്കളുടെ മേലും മക്കളുടെ മക്കളുടെ മേലും മൂന്നാമത്തെയും നാലാമത്തെയും തലമുറയോളം സന്ദർശിക്കുന്നവൻ."

പുറപ്പാട് 34 : 7

"കുറ്റക്കാരനെ വെറുതെ വിടാതെ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറയോളം മക്കളുടെ മേൽ സന്ദർശിക്കുന്നവൻ"

സംഖ്യാപുസ്തകം 14 : 17

"...എന്നെ പകയ്ക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെമേൽ സന്ദർശിക്കുകയും എന്നെ സ്നേഹിച്ചു എന്റെ കല്പനകളെ പ്രമാണിക്കുന്നവർക്കു ആയിരം തലമുറവരെ ദയ കാണിക്കുകയും ചെയ്യുന്നു.

ആവർത്തന പു. 5 : 9 - 10

"നീ ആയിരം തലമുറയോളം ദയ കാണിക്കയും പിതാക്കന്മാരുടെ അകൃത്യത്തിനു അവരുടെ ശേഷം അവരുടെ മക്കളുടെ മാർവ്വിടത്തിൽ പകരം കൊടുക്കുകയും ചെയ്യുന്നു."

യിരമ്യാവ് 32 : 18

അപ്പൻ കൊലപാതകം ചെയ്തു. ആരെയെങ്കിലും ഉപദ്രവിച്ചു. അപ്പൻ വ്യഭിചാരം ചെയ്തു. ആരുടെയെങ്കിലും ഭൂമി വഞ്ചിച്ചെടുത്തു. സ്വത്തു അപഹരിച്ചു. ആരെയെങ്കിലും ദ്രോഹിച്ചു, സ്ത്രീകളെ ഉപദ്രവിച്ചു. അതിന്റെശിക്ഷ അപ്പന്റെ

കാലത്തു മാത്രമല്ല മക്കളും മക്കളുടെ മക്കളും അനുഭവിക്കും.

കഴിഞ്ഞ ദിവസം ഒരു ചെറുപ്പക്കാരൻ എന്റെ അടുക്കൽ വന്നു. അവൻ എന്നോട് പറഞ്ഞു. സാറെ എനിക്കു കുറച്ച് കാര്യങ്ങൾ പറയാനുണ്ട്. ഒറ്റയ്ക്കിരുന്ന് സംസാരിച്ചു. അവൻ പറഞ്ഞു.

ഞാൻ രണ്ടു കൊലപാതകം നടത്തിയവനാണ്. ഒന്ന് എന്റെ സ്വന്തം സഹോദരനെ. മറ്റേതു ഞാൻ ചെയ്തതാണോ എന്നു എനിക്കു അറിയാൻമേല. ഏതായാലും ഞാൻ അടിച്ചതിനെ തുടർന്നാണ് എന്റെ അപ്പൻ മരിച്ചത്. അടികൊണ്ടു ഒന്നര ദിവസം കഴിഞ്ഞപ്പോൾ അപ്പൻ മരിച്ചു. അതു എന്റെ അടി കൊണ്ടിട്ടാണോ എന്നറിയാൻ പാടില്ല.

കേസ്സ് ഒക്കെ നടന്നു. ജയിലിലായിരുന്നു, തടവിലായിരുന്നു. തടവുശിക്ഷയെല്ലാം കഴിഞ്ഞു പുറത്തുവന്നു. അതു കൊണ്ടാണ് ഞാനിപ്പോൾ പരസ്യമായി പുറത്തു പറയുന്നത്.

സാറെ പ്രസംഗം കേട്ടപ്പോൾ എനിക്കു വെപ്രാളമായി. ഇതിന്റെയെല്ലാം ശിക്ഷ എവിടെ തീരും. ഞാൻ എന്താണ് വേണ്ടത്? എനിക്കു രണ്ടു കുഞ്ഞുങ്ങൾ ഉണ്ട്. അവരുടെ മേൽ ശാപം വരില്ലേ? സാറെ, ഞാൻ ഇനി എങ്ങനെ രക്ഷപ്പെടും? എനിക്കു മോചനത്തിനു വല്ല വഴിയുമുണ്ടോ? നിത്യ അന്ധകാരം ഒഴിവാക്കാൻ വല്ല സാദ്ധ്യതയും ഉണ്ടോ?

ഞാൻ പറഞ്ഞു കൊടുത്തു. ഭയപ്പെടേണ്ട. നിരാശപ്പെടേണ്ടാ. നിനക്കു വന്ന തെറ്റ് ഗുരുതരമാണെന്നു നിനക്കറിയാമല്ലോ.

അയ്യോ സാറെ എന്റെ ജീവിതത്തിൽ അത് വന്നുപോയി. ഞാൻ എന്തു പ്രായശ്ചിത്തം വേണമെങ്കിലും ചെയ്യാം.

നീ പ്രായ്ശ്ചിത്തം ഒന്നും ചെയ്യണ്ടാ പ്രായശ്ചിത്തമെല്ലാം ഒരാൾ ചെയ്തു കഴിഞ്ഞു. അവന്റെ പേരാണ് കർത്താവായ യേശുക്രിസ്തു. കുഞ്ഞേ, അവനെ നിന്റെ ഹൃദയത്തിലേക്കു കൈക്കൊണ്ടാൽ മതി. നിനക്കു സമാധാനം കിട്ടും. നിന്റെ കുടുംബത്തിൽ ഐശ്വര്യം കിട്ടും. നിന്റെ മക്കളുടെ മേൽ നിന്നു ശാപങ്ങൾ മാറിക്കിട്ടും. നിന്റെ മക്കൾക്കും നിന്റെ ഭാര്യക്കും രക്ഷ കിട്ടും. നിത്യതയിൽ സ്വർഗ്ഗരാജ്യവും കിട്ടും. യേശുവിനെ നീ കൈക്കൊണ്ടാൽ മാത്രം മതി. യേശുവിനെ സ്വീകരിച്ചാൽ മാത്രം മതി.

സാറേ, ഞാൻ അതിനു എന്താണു ചെയ്യേണ്ടത്?

മോനേ നീ ഒന്നും ചെയ്യണ്ടാ. ഒരു പൈസയും മുടക്കണ്ടാ. യേശുവിനു നിന്റെ പൈസ വേണ്ടാ. യേശുവിനു വേണ്ടത് നിന്റെ ഹൃദയമാണ്, നിന്റെ ഹൃദയത്തിലേയ്ക്ക് യേശുവിനെ സ്വീകരിച്ചാൽ മതി. ഹൃദയം സ്വർഗ്ഗമാകും. കുഞ്ഞേ നീ പോയി നിന്റെ പാപത്തെയോർത്തു അനുതപിച്ച് ഉപവാസത്തോടും പ്രാർത്ഥനയോടും അനുതാപത്തോടും കൂടെ ഇരിക്കൂ.

എനിക്കു നിങ്ങളോടു ഒന്ന് അറിയിക്കുവാനുണ്ട്. ശാപം സമ്പാദിച്ചു കൂട്ടിയവർ ആരെങ്കിലും ഉണ്ടോ? പാപത്തിന്റെ ബന്ധനത്തിൽ പെട്ട് ഉഴലുന്നവർ ആരെങ്കിലുമുണ്ടോ? മദ്യപാനം ചെയ്ത് ഭാര്യയെ ഉപദ്രവിച്ചവർ ആരെങ്കിലുമുണ്ടോ? ലക്കുകെട്ടു ഭാര്യയെ കഠിനമായി മർദ്ദിച്ചവരുണ്ടോ? ജീവിതം താറുമാറാക്കിയവർ ഉണ്ടോ? ഭർത്താവല്ലാതെ അന്യ പുരുഷനു സ്വന്തം ശരീരം കൊടുത്തവർ ഉണ്ടോ? വിവാഹത്തിനു മുൻപ് ശരീരം അന്യന്നു കാഴ്ച വച്ചവരുണ്ടോ?

ഞാൻ ലജ്ജകൂടാതെ മറ നീക്കിപറയട്ടെ. നിങ്ങളുടെ ജീവിതത്തിന്റെ നഗ്നത അന്യൻ കാണാൻ ഇടവന്നിട്ടുണ്ടോ?

മക്കളെ സൂക്ഷിച്ചുകൊള്ളൂ. പാപത്തെ ഓർത്തു അനുതപിച്ചുകൊള്ളൂ. ഓലോല കണ്ണുനീർ ഒഴുക്കിക്കൊള്ളൂ. പാപത്തിന്റെ ഭീകരമായ ഉരുക്കുമുഷ്ടിയിൽ നിന്നു മോചനം നേടിക്കൊള്ളൂ. വിശുദ്ധന്മാർ പണ്ടുപാടി.

"നോക്കണമെൻ ദുരിതം നാഥാ, പല തര-
ദോഷം ഞാൻ ചെയ്തു, കോപിപ്പിച്ചു ശരണമെനിക്കില്ല-

വൈദ്യന്മാർ പക്കൽ ഞാൻ പോയ്, അവരൗഷധമെല്ലാം
ചെയ്തിട്ടില്ലൊരു ഗുണവും എൻ വ്രണമോ കഠിനം

നൽ വൈദ്യാ നിന്നെയും നിൻ ഔഷധഗുണവും ഞാൻ
കേട്ടു, നിങ്കൽ വരുന്നോൻ സുഖമേല്ക്കും നൂനം.

എൻ പാപത്തിൽ ഞാൻ ചാകാ, നിടയാകരുതയ്യോ
നാഥാ, എൻ ബാഷ്പങ്ങൾ ചൊരിഞ്ഞീടുന്നിപ്പോൾ

അജമോ, മാടോ ചെങ്ങാലിയോ, കുറുപ്രാവിൻ കുഞ്ഞു-
ങ്ങളെയോ കാഴ്ചയതായിട്ടർപ്പിക്കുന്നില്ല.

ശെമ്ഓൻ തൻ ഭവനേ വന്ന പാപി സ്ത്രീ പോൽ
ഇരുതുള്ളി കണ്ണീർ കണ്ടെന്മേൽ ദയ തോന്നണമേ!"

തലമുറകളിലേക്കു ശാപവും പാപവും പകരുന്നു. നിങ്ങൾ ഈ വാക്കുകളെ വായിക്കുമ്പോൾ തന്നെ മോചനം പ്രാപിച്ചുകൊള്ളണം. നിങ്ങൾ കർത്താവിനോടു പറയണം. കർത്താവേ, ജീവിതം താറുമാറാക്കിക്കളഞ്ഞ അനേകമനേകം കാര്യങ്ങൾ ഉണ്ട്. ഒട്ടേറെ കാര്യങ്ങൾ എന്റെ സ്വഭാവം മോശമാക്കി. കോപിച്ചു അലറുകയും വഴക്കടിക്കുകയും ചെയ്തു . പരാതികളും പരിഭവങ്ങളുമായി കഴിഞ്ഞു. മുഷിച്ചിലുകളും ഇഷ്ടക്കുറവുകളുമായി കഴിഞ്ഞു. പലരുടെയും ഉള്ളു മുറിപ്പെടുത്തുംവിധം സംസാരിച്ചു. എന്റെ വാക്കുകൾ പലരെയും വേദനിപ്പിച്ചു.

എന്റെ അദ്ധ്യാപകരെ ഞാൻ വേദനിപ്പിച്ചു. മാതാപിതാക്കളെ വേദനിപ്പിച്ചു. എന്റെ ഭർത്താവിനെ വേദനിപ്പിച്ചു. എന്റെ ഭാര്യയെ ദു:ഖിപ്പിച്ചു. മക്കളെ ഞാൻ വേദനിപ്പിച്ചു. നീ തന്ന ആരോഗ്യവും സമ്പത്തും കൊള്ളരുതായ്മയ്ക്കു വേണ്ടി ചെലവഴിച്ചുപോയി. എന്റെ കർത്താവേ, എനിക്കു തന്നതെല്ലാം തിന്മയ്ക്കുവേണ്ടി ഞാൻ വിനിയോഗിച്ചു പോയി. എന്റെ നല്ല ആയുസ്സു മുഴുവൻ കളഞ്ഞുപോയി.

നിങ്ങൾ ഇതു വായിച്ചുതീരുമ്പോൾ യേശുവിനെയും കൊണ്ടുവേണം എഴുന്നേല്ക്കുവാൻ. തങ്കച്ചോരയാൽ കഴുകപ്പെട്ട അനുഭവം പ്രാപിക്കണം. യേശുവിന്റെ തിരുരക്തം നിങ്ങളെ കഴുകണം. സ്വർഗ്ഗത്തിന്റെ കൃപ നമ്മുടെ മേൽ പെയ്തുകൊണ്ടിരിക്കണം, അപ്പോൾ ഹൃദയം മാറും, സമാധാനം ലഭിക്കും. നിത്യജീവൻ പ്രാപിക്കും.

## ഒമ്പത്

"നിങ്ങളിൽ ശേഷിച്ചിരിക്കുന്നവർ ശത്രുക്കളുടെ ദേശത്തുവച്ച് തങ്ങളുടെ അകൃത്യങ്ങളാൽ ക്ഷയിച്ചുപോകും. തങ്ങളുടെ പിതാക്കന്മാരുടെ അകൃത്യങ്ങളാലും അവർ അവരോടുകൂടെ ക്ഷയിച്ചുപോകും.
ലേവ്യപുസ്തകം 26 : 39

തലമുറകളിലേക്കു നാശം വരുന്നു. രാത്രിവരുന്നു.

ഒന്ന് : ഭൂമിമേൽ രാത്രി വരുന്നു. ചുഴലിക്കാറ്റുകൾ, ഭൂകമ്പങ്ങൾ, ഭൂമികുലുക്കങ്ങൾ എന്നിവ വരുന്നു.

രണ്ട് : മനുഷ്യന്റെ അനന്തര തലമുറയിൽ രാത്രിവരുന്നു. പാപത്തിന്റെ ശിക്ഷ അനന്തര തലമുറയുടെ മേൽ വരുന്നു.

മൂന്ന് : മനുഷ്യൻ ചെയ്യുന്ന പാപം മൂലം ഈ ഭൂമിയിൽ കെടുതി വരുന്നു. അതെന്താണ്? നമുക്കുനോക്കാം.

"പിന്നെ യഹോവ, സോദാമിന്റെയും ഗൊമോരയുടെയും നിലവിളി വലിയതും അവരുടെ പാപം അതി കഠിനവും ആകുന്നു." ഉല്പത്തി 18 : 20

സോദോമിലും ഗൊമോരയിലും ഉള്ള ജനത്തിന്റെ പാപം അതികഠിനമായതു മൂലം ആ ദേശം നിലവിളിക്കുന്നു. ആ ഭൂമി നിലവിളിക്കുകയാണ്. "അതുകൊണ്ടു ഞാൻ ആ ദേശത്തെയും ജനത്തെയും നശിപ്പിക്കും." അങ്ങനെയാണ് സോദോമും ഗൊമോരയും നശിച്ചു പോയത്.

ചരിത്രം നിങ്ങൾക്കു അറിയാമോ? നിങ്ങൾ പഠിച്ചിട്ടുണ്ടോ? ഇന്നു അതു ചാവുകടൽ ആണ്. അവിടെ മഗ്നീഷ്യം, സോഡിയം, പൊട്ടാസ്യം തുടങ്ങിയ അനേകം ലവണങ്ങൾ കൂടിയിട്ട് ഒരു ജീവിക്കും ചാവുകടലിൽ ജീവിക്കുവാൻ നിർവാഹമില്ല. ഒരു ജീവിയും ഇല്ലാത്ത കടലാണ്.

നൂറ്റാണ്ടുകൾക്കു മുൻപ് അവിടെ തീയും ഗന്ധകവും പെയ്തു. ദേശം കത്തിപ്പോയി. കീലിന്റെ ദേശമായിപ്പോയി. ഭയങ്കരമായ നാശം വന്നു. ദേശത്തിന്റെ ന്യായവിധി എന്തുകൊണ്ട്? അവിടെയുള്ള ജനത്തിന്റെ പാപം മൂലം.

സോദോമ്യപാപം നിങ്ങൾ കേട്ടിട്ടുണ്ടോ? ഇന്നു അനേകർ ആണോടു ആൺ അവലക്ഷണമായതു പ്രവർത്തിക്കുന്നു. റോമർ 1 : 24 – 32

എന്തെല്ലാമാണ് നാശങ്ങൾ വരുന്നത്. എന്തെല്ലാം കെടുതികളാണ് ദേശത്തിന്മേൽ വരുന്നത്. കൊലപാതകങ്ങൾ പെരുകുന്നു. അക്രമങ്ങൾ പെരുകുന്നു.

കഴിഞ്ഞദിവസം പത്രത്തിൽ വായിച്ചു, ഞെട്ടിപ്പോയി. മൂന്നു ഓട്ടോഡ്രൈവേഴ്സു കൂടി ഒരു ഓട്ടോ ഡ്രൈവറെ കൊന്നു. കഷ്ടപ്പെട്ടു അദ്ധ്വാനിക്കുന്നവനാണ് ആ യുവാവ്. ഒരു പൈസ

പോലും അനാവശ്യമായി ചെലവഴിക്കുകയില്ല. അവന്റെ കയ്യിൽ കുറെ രൂപാ ഉണ്ട്. കൂട്ടുകാർ അവനെകൊന്നു. പാവം! അതു പത്രത്തിൽ വായിച്ചപ്പോൾ ഞാൻ ഞെട്ടിപ്പോയി. ഇവനെ കൊന്നതിനു ശേഷം കാര്യമായ രൂപാ കിട്ടിയില്ല. അവന്റെ മരണം കഴിഞ്ഞ് അവനുവേണ്ടി നാട്ടുകാർ കുറച്ചു പൈസ പിരിച്ചു. ആ പിരിവിനു മുന്നിൽ നിന്നതു കൊലപാതകത്തിലെ ഒന്നാംപ്രതി. ആ പിരിച്ച രൂപായും അവൻ എടുത്തു.

അതുകഴിഞ്ഞ് ഒരു വീട്ടിൽ ഒറ്റയ്ക്ക് ഒരു മകൻ മാത്രമുള്ള മോനെ കൊല്ലാൻ മൂന്നുപേരും പരിപാടിയിട്ടു. അതിനു പരിപാടി ഒരുക്കിയപ്പോൾ പോലീസു പിടിച്ചു. ഭാഗ്യം. കേരളാ പോലീസ് വിദഗ്ധമായി ഈ കാര്യം ചെയ്തു. എങ്ങനെ തോന്നും ഒരു സഹജീവിയെ കൊല്ലാൻ? ഉറുമ്പിനെ കൊല്ലുന്നതുപോലെ കൊല്ലാനുള്ളതോ മനുഷ്യജീവിതം?

തലമുറകളുടെ മേൽ ശാപം വരുമെന്ന് ചിന്തിക്കുന്നുണ്ടോ മനുഷ്യൻ? അക്രമങ്ങൾ പെരുകുന്നു. ബലാൽസംഗങ്ങൾ പെരുകുന്നു. സ്ത്രീപീഡനങ്ങൾ പെരുകുന്നു. പെൺകുട്ടികളെ ഉപദ്രവിക്കുന്നു. റാഞ്ചിക്കൊണ്ടുപോകുന്നു.

പത്രത്തിൽ വായിച്ചു. ചില പെൺകുട്ടികൾ ഉപജീവനത്തിനുവേണ്ടി വിദേശത്തേയ്ക്കു പോകാൻ തീരുമാനിച്ചു. കൊണ്ടുപോയ കൂട്ടർ അവരെ പെൺവാണിഭശാലയിൽ ഏല്പിക്കാൻ ശ്രമിച്ചു.

പാവങ്ങൾ, സാധുക്കളായ നിരപരാധികളായ പെൺകുട്ടികൾ ചെന്നായയുടെ മുന്നിൽ കുഞ്ഞാടിനെ ഇട്ടുകൊടുക്കുന്നതുപോലെ ദുഷ്ടപ്പരിഷയുടെ മുന്നിലേക്കു എറിയപ്പെട്ടു. എങ്ങനെയോ ആ പാവങ്ങൾ രക്ഷപ്പെട്ടു. നാട്ടിൽ വന്നപ്പോഴാണ് വിവരം നാട്ടിൽ അറിയുന്നത്! എന്തെല്ലാമാണ്

കേൾക്കുന്നത്!

കുട്ടികളെ പിടിച്ചുകൊണ്ടുപോയി കീറി കിഡ്നി എടുത്തിട്ടു അവരെ കടലിൽ തള്ളുന്നുപോലും.

> "എന്റെ നിലം എന്റെ നേരെ നിലവിളിക്കയോ അതിന്റെ ഉഴച്ചാലുകൾ ഒന്നിച്ചു കരകയോ ചെയ്തുവെങ്കിൽ, വിലകൊടുക്കാതെ ഞാൻ അതിന്റെ വിളവു തിന്നുകയോ...." ഇയ്യോബ് 31 : 38

നിലം എന്റെ നേരെ നിലവിളിക്കുന്നു. ഉഴച്ചാലുകൾ കരയുന്നു. നിലം കരയുമോ? ആ നിലം സമ്പാദിച്ചതു ശരിയായ പൈസകൊണ്ടല്ല. അന്യായമായി സമ്പാദിച്ചതാണ്. നിലത്തിനറിയാം ഇത് അന്യായമായി സമ്പാദിച്ചതാണെന്ന്. അന്യായമായി പത്തു പൈസപോലും സമ്പാദിക്കല്ലേ. അന്യായമായതു നേടല്ലേ. അന്യന്റേതു വഞ്ചിച്ചെടുക്കല്ലേ. അന്യനറിയാതെ അവന്റെ സ്വത്തു നീ എടുക്കല്ലേ. സൂക്ഷിച്ചുകൊള്ളൂ.

> "ചുവരിൽ നിന്നു കല്ലു നിലവിളിക്കയും മരപ്പണിയിൽ നിന്നു തുലാം ഉത്തരം പറകയും ചെയ്യുമല്ലോ." ഹബക്കൂക് 2 : 11

നിലം കരയുവാൻ ഇടവരുത്തരുത്. നമ്മുടെ വീടു കരയുവാൻ ഇട വരുത്തരുത്. ചുമർ കരയാൻ ഇടയാകരുത്. മരപ്പണി കരയാൻ ഇട വരുത്തരുത്. ചുമരിലെ കല്ലുകൾ കരയുമോ? ഉവ്വ് കരയും.

കല്ലു നിലവിളിക്കുന്നു. എന്തിനാണ്? അന്യായമായ പൈസകൊണ്ടാണ് കല്ലിനെ വച്ചത്. ഭിത്തിപണിതത്. പാവപ്പെട്ടവനു കൊടുക്കേണ്ടതു കൊടുത്തില്ല. അവനെ പീഡിപ്പിച്ചു. അവനെ ഉപദ്രവിച്ചു. ചുമരിൽ നിന്നു കല്ലു നിലവിളിക്കുന്നു. മരപ്പ

ണിയിൽ നിന്നും തുലാം ഉത്തരം പറയുന്നു. മരം സംസാരിക്കുന്നു. കാര്യം വളരെ ഗൗരവമാണ്.

> "രക്തപാതകത്തോടു രക്തപാതകം കൂട്ടുന്നു. അതുകൊണ്ടു ദേശം ദു:ഖിക്കുന്നു."
>
> ഹോശേയ 4 : 3

> യിസ്രായേൽ മക്കളെ, യഹോവയുടെ വചനം കേൾപ്പിൻ, യഹോവെക്കു ദേശ നിവാസികളോടു ഒരു വ്യവഹാരം ഉണ്ട്, ദേശത്തു സത്യവും ഇല്ല, ദയയും ഇല്ല, ദൈവപരിജ്ഞാനവുമില്ല. അവർ ആണയിടുന്നു, ഭോഷ്ക്കു പറയുന്നു, കുല ചെയ്യുന്നു, മോഷ്ടിക്കുന്നു, വ്യഭിചരിക്കുന്നു വീടു മുറിക്കുന്നു, രക്തപാതകത്തോടു രക്തപാതകം കൂട്ടുന്നു. അതുകൊണ്ടു ദേശം ദു:ഖിക്കുന്നു..."
>
> ഹോശേയ 4 : 1 – 3

ദേശം മാത്രമല്ല, സകല നിവാസികളും രാജ്യങ്ങളും ദു:ഖിക്കുന്നു. വലിയ ഘോരമായ സംഹാരം വരുന്നു. രാത്രി വരുന്നു. മാത്രമോ, ദേശനിവാസികൾ, വയലിലെ മൃഗങ്ങൾ, ആകാശത്തിലെ പക്ഷികൾ, സമുദ്രത്തിലെ മത്സ്യങ്ങൾ എല്ലാറ്റിനും നാശം വരുന്നു. പ്രിയപ്പെട്ടവരേ, ഓർക്കുക : രാത്രി വരുന്നു. ക്രിസ്തുവിന്റെ നാൾ അടുത്തു വരുന്നു. നാൾ അടുക്കുന്തോറും നാം ഭയത്തോടെ ഇരുന്നുകൊൾക. അതിവേഗം ഒരുങ്ങിക്കൊൾക.

> "ചൂളപോലെ കത്തുന്ന ഒരു ദിവസം വരും, അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും, വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചു കളയും എന്നു സൈന്യങ്ങ

ളുടെ യഹോവ അരുളിച്ചെയ്യുന്നു. മാലാഖി 4 : 1

വലിയ ശിക്ഷ വരുന്നു. എന്താണ്? ന്യായവിധി! വലിയ കെടുതികൾ വരുന്നു. ഭൂമിയിൽ വലിയ നാശങ്ങൾ വരുന്നു. വലിയ അഗ്നിസ്ഫോടനങ്ങൾ ഉണ്ടാകുന്നു. അവസാനം നാം മരണം വഴിയായി കടന്നുപോയതിനു ശേഷമോ, ഒരു ന്യായ വിധിയുണ്ട്. അതാണ് രാത്രി. ഒരിക്കലും തീരാത്ത രാത്രിയാണത്.

ഇവിടെ ആയുസ്സുള്ള നാൾ അനുതപിക്കാം. പക്ഷേ മരിച്ചതിനുശേഷം അനുതപിക്കുവാൻ പറ്റുമോ? ഈ ഭൂമിയിൽ ജീവിക്കുമ്പോൾ അല്ലേ പറ്റൂ. മരിച്ചതിനുശേഷം അനുതപിക്കുവാൻ അവസരമില്ല. പിതാക്കന്മാർ പണ്ടു പ്രാർത്ഥിച്ചു. "ശരീരത്തിന്റെ ഉള്ളങ്കാൽ മുതൽ നിറുകവരെ പ്രാണൻ വിട്ടുവിട്ടു പോകുമ്പോൾ മരണം അരിച്ചരിച്ചു കയറുമ്പോൾ, കർത്താവേ, അതിനു മുമ്പേ നിന്റെ ആത്മാവിനെ എനിക്കു തരേണമേ!"

ഇവിടെവച്ച് നാം ക്രിസ്തുവിനെ അനുഭവിച്ചില്ലെങ്കിൽ കടന്നു പോയതിനുശേഷം സാദ്ധ്യമല്ല.

ഒരു ന്യായവിധിയുണ്ട്. മരിച്ചതിനുശേഷം ഒരു ന്യായ വിധി. ഈ ഭൂമിയിൽ നിന്നു കടന്നു പോയതിനുശേഷം നാം കണക്കു പറയേണ്ടിവരും.

നമ്മുടെ പ്രവൃത്തികൾക്കു ന്യായവിധിയുണ്ട്. ഇന്നു ഇഷ്ടം പോലെ ജീവിക്കാം. വൃത്തികേടുകൾ ചെയ്യാം. ചീത്തകൂട്ടുക്കെട്ടുകൾ കൂടാം. Blue film കാണാം. നിങ്ങളുടെ കംപ്യൂട്ടറിൽ ഇന്റർനെറ്റിൽ പ്രവേശിച്ച് വേണ്ടാത്ത സൈറ്റിൽ പോകാം. അഴുക്കായ പടങ്ങൾ കണ്ടുരസിക്കാം. കഞ്ചാവടിക്കാം. കിറുങ്ങി നടക്കാം. ജീവിതം താറുമാറാക്കാം. ആരു ചോദി

ക്കുവാൻ?

എന്നാൽ ഓരോരുത്തൻ കർത്താവായ യേശുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വന്ന് കണക്ക് പറയേണ്ടുന്ന ഒരു ദിവസം വരും. അന്ന് ഫിലിപ്യാലേഖനം രണ്ടാമദ്ധ്യായ ത്തിൽ പറയുന്നതുപോലെ, സ്വർലോകരുടെയും ഭൂലോകരു ടെയും അധോലോകരുടെയും മുഴങ്കാലൊക്കെയും ക്രിസ്തു വിന്റെ സന്നിധിയിൽ മടങ്ങും. ദൈവമില്ലെന്നു പറയുന്ന വനും അവിടെ മുട്ടു മടക്കേണ്ടിവരും. കൂട്ടായ്മയ്ക്കു പോകണ്ടാ എന്നു പറഞ്ഞ് തടയുന്നവനും അവിടെ മുട്ടു മ ടക്കേണ്ടിവരും. ഇന്ന് വെറിക്കൂത്തുകളിലും കൊള്ളരുതായ്മ കളിലും മുഴുകുന്നവനും അവിടെ മുട്ടു മടക്കേണ്ടിവരും.

> “ഞാൻ വലിയോരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു, അവന്റെ സന്നിധിയിൽ നിന്നു ഭൂമിയും ആകാശവും ഓടി പ്പോയി, അവയെ പിന്നെ കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നില്ക്കുന്നതും കണ്ടു, പുസ്തകങ്ങൾ തുറന്നു, ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു, പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതിനു ഒത്തവണ്ണം മരിച്ചവർക്കു അവരുടെ പ്രവൃത്തി കൾക്കടുത്ത ന്യായവിധി ഉണ്ടായി.”
>
> വെളിപ്പാട് 20 : 11 – 12

> “ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും.”
>
> വെളിപ്പാട് 20 : 15

ഇതാണ് ഘോരമായ രാത്രി. ഘോരമായ നരകാഗ്നി. നിത്യ അന്ധകാരം. പ്രഭാതവും രാത്രിയും വന്നിരിക്കുന്നു. എങ്ങനെ

യെല്ലാമാണ് ന്യായവിധി വരുന്നത്? പ്രവൃത്തികൾക്കു ന്യായ വിധിയുണ്ട്. വാക്കുകൾക്കു ന്യായവിധിയുണ്ട്. ചിന്തകൾക്കു ന്യായവിധിയുണ്ട്.

> "എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസ്സാര വാക്കിനും ന്യായവിധി ദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടിവരും....." മത്തായി 12 : 36

കുത്തും കോളും വച്ചു പറയും. മുറിപ്പെടുത്തി സംസാരിക്കും. ഇല്ലാത്തതു പറയും. മറ്റുള്ളവരെ കളിയാക്കി പറയും. പലരെയും തുച്ഛീകരിച്ച് ചെറുതാക്കി പറയും. എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസ്സാരവാക്കിനും ന്യായവിധി ദിവസത്തിൽ കണക്കു ബോധിപ്പിക്കേണ്ടിവരും. ദൈവത്തിന്റെ വചനമാണത്. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും. വചനത്തിന്റെ വള്ളിയും പുള്ളിയും മാഞ്ഞുപോകയില്ല.

> "അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നതു വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും." 1 കൊരിന്ത്യർ 4 : 5

ചിന്തകൾക്കു ന്യായവിധിയുണ്ട്. നമ്മുടെ ചിന്ത ജീവന്റെ പുസ്തകത്തിൽ രേഖപ്പെടുത്തും. ഹൃദയത്തിന്റെ ആലോചനകളെ വെളിപ്പെടുത്തും. എല്ലാം വായിച്ചു കേൾപ്പിക്കും. അതാണു ന്യായവിധി, അഥവാ രാത്രി എന്നു പറയുന്നത്.

കാവല്ക്കാരാ രാത്രി എന്തായി? കാവല്ക്കാരാ രാത്രി എന്തായി? പ്രഭാതവും രാത്രിയും വന്നിരിക്കുന്നു. രാത്രി അത്യാസന്നമായിരിക്കുന്നു. അതു ഒഴിവാക്കിയെടുക്കുന്നവർക്കു എന്താണ് കിട്ടുക? പ്രഭാതം.

> "എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ നീതിസൂര്യൻ തന്റെ ചിറകിൻ കീഴിൽ രോഗോ

പശാന്തിയോടു കൂടെ ഉദിക്കും, നിങ്ങളും പുറ
പ്പെട്ടു തൊഴുത്തിൽ നിന്നു വരുന്ന പശുക്കിടാ
ങ്ങളെപ്പോലെ തുള്ളിച്ചാടും." മാലാഖി 4 : 2

നിങ്ങളാരും നിത്യാന്ധകാരത്തിലേക്കു പോകണ്ടാ. നിത്യ രാത്രിയിലേയ്ക്ക് നീങ്ങണ്ടാ, നിങ്ങളാരും നിത്യനാശത്തി ലേയ്ക്ക് പോകണ്ട, കഴിഞ്ഞതെല്ലാം കർത്താവു ക്ഷമിക്കും. അതിനല്ലേ അരുമനാഥനായ ക്രിസ്തു ക്രൂശിൽ ചങ്കു തുറ ന്നത്. അതിനല്ലേ കുറ്റമില്ലാത്ത രക്തം ഒഴുക്കിയത്. അതി നല്ലേ അവന്റെ കന്നത്ത് അടിയേറ്റത്. അതിനല്ലേ അവന്റെ മുഖത്ത് തുപ്പലേറ്റത്. അതിനല്ലേ അവന്റെ ശിരസ്സിൽ മുൾമുടി വച്ചത്?

എന്റെ പാപം കഴുകി എന്നെ പുതിയ സൃഷ്ടിയാക്കുവാ നാണ് യേശുവിന്റെ ശിരസ്സിൽ മുൾമുടി വച്ച് ആഞ്ഞാഞ്ഞ് അടിച്ചത്. ചോര ചീറിച്ചീറിത്തെറിച്ചത്. തലയിൽ വച്ചു തറച്ച മുൾക്കിരീടത്തിലെ മുൾമുന കണ്ണിൽ തറഞ്ഞു പുറത്തേക്കു വന്ന് രക്തം ചീറിയൊഴുകി മുഖത്തെ തുപ്പലും യേശുവിന്റെ ശരീരത്തിലെ വിയർപ്പുമൊരുമിച്ച് താഴോട്ട് ഒലിച്ചിറങ്ങിയതു സ്വർഗ്ഗീയദൂതന്മാർ കാസായിൽ ശേഖരിച്ചതു എന്തിന്?

ദൈവപൈതലേ, നിനക്ക് തരാൻ . മകളെ നിന്റെ പാപ ത്തിന്റെ ശിക്ഷ ക്രിസ്തു വഹിച്ചു. അവനെ നീ കൈക്കൊ ള്ളുമോ? അവനെ നീ സ്വീകരിക്കുമോ? കഴിഞ്ഞതെല്ലാം അവൻ ക്ഷമിച്ചു തരും. പൊറുത്തു തരും. എല്ലാം ക്ഷമിച്ചു ഇല്ലായ്മ ചെയ്തു തരും.

## പത്ത്

"ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്കു ഒരു ശിക്ഷാവിധിയുമില്ല." റോമർ 8 : 1

ഒരു കാര്യം മാത്രം മതി. വേറെ ഒന്നും വേണ്ടാ. ശിക്ഷാവിധികളെല്ലാം അവൻ ഏറ്റെടുത്തു. ഇനി ഒരു ശിക്ഷാവിധിയുമില്ല. കഴിഞ്ഞതെല്ലാം കഴുകാമെന്ന്. എല്ലാം ക്ഷമിക്കാമെന്ന്. ശാപങ്ങളും ബാധകളും മാറ്റാമെന്ന്. എല്ലാ തിന്മകളും അകറ്റാമെന്ന്. സകല തിന്മകളും മാറ്റി കഴുകി വെടിപ്പാക്കാമെന്ന്. എന്തൊരു ഭാഗ്യം!

അതിനു നിങ്ങൾ എന്തെങ്കിലും ചെയ്യണമോ? എന്തെങ്കിലും പൈസ കൊടുക്കണമോ? വേണ്ട.

വിശുദ്ധൻമാരുണ്ടെങ്കിൽ വേല മുടങ്ങുകയില്ല. എന്നാൽ വിശുദ്ധന്മാരില്ലെങ്കിൽ എത്ര രൂപയുണ്ടെങ്കിലും സത്യവേല

നടക്കുകയുമില്ല. അങ്ങനെ ആണെങ്കിൽ എന്നെ ഒരു വിശു ദ്ധനാക്കി നിർത്തണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

പതിനേഴാമത്തെ വയസ്സിൽ മാനസാന്തരപ്പെട്ടവനാണ് ഞാൻ. അന്ന് ജീവിതം കർത്താവിനു കൊടുത്തു. അന്ന് ഒന്നും അറിഞ്ഞുകൊണ്ടല്ല കൊടുത്തത്. നിരാശപ്പെട്ടു പോയിരിക്കു കയായിരുന്നു, പള്ളിയിൽ വചനം കേൾക്കുവാൻ. എന്റെ അപ്പന്റെ അനുജനാണ് അന്നു പള്ളിവികാരി. എല്ലാവരും വരണമെന്നു അച്ചൻ പറഞ്ഞതുകൊണ്ടു ചെന്നു. പോയി വചനം കേട്ടു.

വളരെ നിരാശനായിരുന്നു. കാരണം ഒരു വയസ്സിൽ എന്റെ അപ്പൻ മരിച്ചുപോയി. ഞാൻ ഏതാണ്ട് ഒരു അനാ ഥനെപ്പോലെ ആയി. മുപ്പതാമത്തെ വയസ്സിൽ അമ്മ വിധവ യായി. നിങ്ങൾ ടി.വിയിൽ എന്റെ പ്രസംഗം കേൾക്കുന്ന വർക്ക് ഈ കഥയൊക്കെ അറിയാമായിരിക്കും. ഒരു അഗ തിയെപ്പോലെ, അനാഥനെപ്പോലെ, അപ്പനില്ലാത്ത മകനായി ഞാൻ വലഞ്ഞു ജീവിച്ചു. ഞാൻ എന്നും ഓർക്കും എന്റെ അമ്മ എത്രമാത്രം കരഞ്ഞു. എന്റെ അമ്മ എന്നും കരയും. അമ്മ എന്നെ വളർത്താൻ വേണ്ടി മാത്രം ജീവിച്ചു എന്നു ഞാൻ പറയും.

നല്ല കഴിവുള്ള ആളായിരുന്നു അമ്മ. നല്ല പ്രാപ്തിയുള്ള ഒരാളായിരുന്നു. പ്രാർത്ഥിക്കുന്ന ഒരു അമ്മയായിരുന്നു. ബൈബിൾ വായിക്കുന്ന ഒരമ്മയായിരുന്നു. നന്നായി. അതെല്ലാം സന്തോഷം. പ്രാർത്ഥിക്കുവാൻ എന്നെ നിർബ്ബ ന്ധിച്ചു. ബൈബിൾ വായിക്കുവാൻ എന്നെ നിർബ്ബന്ധിച്ചു. ഞാൻ വേദപുസ്തകം വായിച്ചും പ്രാർത്ഥിച്ചും പള്ളി യിൽപോയും അങ്ങനെ നല്ല മതബോധത്തോടെ തന്നെ

ജീവിച്ചു.

ഇന്നും ഞാൻ ഓർത്തഡോക്സ് സഭയിൽ തന്നെയാണ് നില്ക്കുന്നത്. എന്റെ പൂർവ്വികന്മാർ ചേർന്നു നിന്ന സഭ യിൽ തന്നെ. സഭയൊന്നും മാറിയില്ല. പക്ഷേ എന്റെ ഉള്ളി ലേക്കു അന്നു യേശു കടന്നു വന്നു. അന്നു യേശു വന്ന തിനുശേഷം ജീവിതമാകെ മാറി. എന്റെ ജീവിതം തളിരിട്ടു. പൂവണിഞ്ഞു. ജീവിതം ഫലം കായ്ക്കാൻ തുടങ്ങി.

ഇന്നു ക്രിസ്തു നിങ്ങളുടെ ഹൃദയത്തിൽ ഉദിച്ചാൽ നിങ്ങ ളിൽ ചില അത്ഭുതങ്ങൾ നടക്കാൻ തുടങ്ങും. നിങ്ങളുടെ ജീവിതത്തിലെ കെടുതികൾ മാറാൻ തുടങ്ങും. ബാധകൾ നീങ്ങാൻ തുടങ്ങും. നിങ്ങളുടെ കടത്തിനുപോലും പൊറുതി യുണ്ടാകുമെന്നു ഞാൻ പറയട്ടെ. നിങ്ങളുടെ രോഗങ്ങൾക്കു പരിഹാരം ഉണ്ടാകും.

ഞാൻ രോഗികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാറില്ല. പക്ഷേ ഞാൻ വചനം പറയാറുണ്ട്. വചനം കേൾക്കുമ്പോൾ പല രോഗികൾക്കും സൗഖ്യം കിട്ടാറുണ്ട്. ആർക്കൊക്കെ സൗഖ്യം കിട്ടിയെന്നു എനിക്കു അറിയാൻ വയ്യ. പക്ഷേ എനിക്ക് ഒന്നറിയാം. കർത്താവു ചെയ്യേണ്ടതൊക്കെ ചെയ്യു ന്നുണ്ടെന്നറിയാം.

രോഗശാന്തി ശുശ്രൂഷയെന്നൊക്കെപ്പറഞ്ഞ് അതിന്റെ യൊക്കെ പിന്നാലെ ഇന്നത്തെ ലോകം ഒഴുകുന്ന കാലമാ ണ്. അതിലേയ്ക്കൊന്നും പോകാൻ എനിക്കു തോന്നീട്ടില്ല. പക്ഷേ ഞാൻ സത്യസുവിശേഷം പ്രസംഗിക്കും. കൈക്കൊ ള്ളുന്നവർക്കു അവരുടെ ജീവിതത്തിൽ അത്ഭുതങ്ങൾ നടക്കു ന്നുണ്ട്.

വയറിലെ മുഴ മാറിയവരെ എനിക്കറിയാം. ഓപ്പറേഷൻ ഫിക്സു ചെയ്തു. അതിന്റെ അപ്പോയിൻമെന്റ് മേടിച്ചു പോന്നിട്ടുവന്ന് വചനം കേട്ട് പിന്നീട് ഓപ്പറേഷനു ചെന്ന് ഡോക്ടർ സ്കാൻ ചെയ്തപ്പോൾ പ്രശ്നം ഒന്നും കാണാഞ്ഞിട്ടു ഓപ്പറേഷൻ കൂടാതെ പോന്നവർ ഉണ്ട്. അത്ഭുതങ്ങൾ ഒക്കെ കർത്താവു ചെയ്യുന്നുണ്ട്. വചനം സ്വീകരിക്കുന്നവർക്ക് അത്ഭുതങ്ങൾ നടക്കും. അതൊക്കെ ദൈവത്തിന്റെ കാര്യം. എന്റെ കാര്യമല്ല. എനിക്കു അതൊന്നും അറിയാനും പാടില്ല.

വചനം സ്വീകരിച്ച് ബാധ മാറി, ശാപം മാറി, പാപം മാറി, യേശു അകത്തു വരുമ്പോൾ വേണ്ടതൊക്കെ കർത്താവു തരും. അനേകം യുവാക്കന്മാർക്കു മാറ്റം വരുന്നുണ്ട്. അനേകം സ്ത്രീകൾക്കു മാറ്റം വരുന്നുണ്ട്. ഭാര്യാ ഭർത്താക്കന്മാർ മൂന്നര വർഷത്തിലേറെ പിരിഞ്ഞിരുന്നവർ ഐക്യത്തിലായി സന്തോഷത്തോടെ ജീവിക്കുന്നുണ്ട്. അത്ഭുതങ്ങൾ നടക്കുന്നുണ്ട്.

ഒരു സംഭവകഥ നിങ്ങൾക്കു കേൾക്കണമോ?

അപ്പന് ഒരു മോനുണ്ട്. അവൻ കൊച്ചുകുട്ടിയാണ്. അപ്പൻ നല്ല ആരോഗ്യമുള്ള ആളാണ്. അപ്പന്റെ മടിയിലാണ് മോൻ ഇരിക്കുന്നത്. അവർ ഒരു ടൂറിസ്റ്റുബോട്ടിൽ യാത്ര ചെയ്യുന്നു. ബോട്ടിൽ നിറയെ ആളുകളുണ്ട്. അതു ഒരു വലിയ തടാകത്തിന്റെ നടുവിലൂടെ പോകുന്നു. നിലയില്ലാത്ത തടാകമാണ്. എല്ലാവരും നല്ലപോലെ ആടിപ്പാടി രസിച്ചു പോകുന്നു. ബോട്ടിന്റെ രണ്ടുവശത്തും അഴികളുണ്ട്. അതിലൂടെ വേണമെങ്കിൽ വെള്ളത്തിലേക്കു കൈയിടാം.

അപ്പന്റെ മടിയിലിരിക്കുന്ന മോൻ വെള്ളത്തിലേക്കു കയ്യി

ട്ടുകൊണ്ടിരുന്നു. കൊച്ചനല്ലേ, അവനു നല്ല ആനന്ദം. നല്ല രസം. പെട്ടെന്നു കുട്ടി “അയ്യോ” എന്നു നിലവിളിച്ചു. എല്ലാവരും നോക്കി. അപ്പൻ നോക്കിയപ്പോൾ കുട്ടി അങ്ങോട്ട് ചാഞ്ഞ് പോകുന്നു. എന്താ പറ്റിയത്? മനസ്സിലായില്ല. നോക്കിയപ്പോൾ അതു ഒരു വലിയ മുതലയാണ്. മുതല കുട്ടിയുടെ കയ്യിൽ കയറിപ്പിടിച്ചു. കൂർത്തമൂർത്ത പല്ലുകൾ കൊണ്ട് കുഞ്ഞിന്റെ കയ്യ് കടിച്ചു പിടിച്ചു വലിക്കുകയാണ്. അപ്പൻ കുഞ്ഞിനെ ഇങ്ങോട്ടു പിടിക്കുന്നു. എന്നാൽ മുതലയുടെ ശക്തി വലുതായതുകൊണ്ട് ബോട്ടു ചരിയുവാൻ തുടങ്ങി.

അയ്യോ ബോട്ടു ചരിയുന്നേ, എല്ലാവരും കരയുവാൻ തുടങ്ങി. ബോട്ടുമറിയും. എല്ലാവരും വെള്ളത്തിൽ പോകും. മുതല എല്ലാവരെയും ഭക്ഷിക്കും. ഒറ്റയെണ്ണം ബാക്കിയുണ്ടാകില്ല. എന്തു ചെയ്യും? എന്താ പോം വഴി?

അപ്പൻ പുറകോട്ടു വലിക്കുന്നു. മുതല അങ്ങോട്ടു വലിക്കുന്നു. കടിച്ചുവലിച്ചുകൊണ്ടു പോകുന്നു. ബോട്ടു മറിയും. കൂട്ടക്കരച്ചിൽ ഉയർന്നു. ഒടുവിൽ അപ്പൻ കുഞ്ഞിനെ വിട്ടുകൊടുക്കേണ്ടിവന്നു. മറ്റുള്ളവരെ രക്ഷിക്കുവാൻ സ്വന്തം കുഞ്ഞിനെ മുതലയ്ക്കു കൊടുത്തു. ഇതൊരു കഥ ആയിരിക്കാം.

പ്രിയപ്പെട്ടവരേ, സ്വർഗ്ഗത്തിലെ അപ്പൻ ചെയ്തത് അതാണ്. മനുഷ്യജാതി നാശത്തിലേക്കു പോകാതിരിയ്ക്കാൻ സ്വന്തപുത്രനെ, ആദ്യജാതനെത്തന്നെ പിശാചിനു ഊണാക്കിക്കൊടുത്തു. യഹൂദമതമേധാവികൾക്കു ഇഷ്ടംപോലെ പരിഹസിക്കാൻ വിട്ടുകൊടുത്തു. റോമൻ പടയാളികൾക്കു ക്രൂരമായി ഉപദ്രവിക്കുവാൻ വിട്ടുകൊടുത്തു. കർത്താവായ യേശുവിന്റെ ജീവിതം മുപ്പത്തിമൂന്നര വയസ്സിൽ ദുഷ്ട പരിഷകൾക്കു

ഇഷ്ടംപോലെ പറിച്ചുകീറാൻ വിട്ടു കൊടുത്തു. എന്തിനു? പ്രിയപ്പെട്ടവരേ, ഞാൻ നിത്യനരകത്തിലേക്കു പോകാതിരിപ്പാൻ.

ദൈവപൈതലേ, ഇത്രയും കാലം നീ ന്യായവിധിക്ക് അർഹനായി ജീവിച്ചെങ്കിലും, നീ ശിക്ഷാവിധിക്ക് അർഹനായി ജീവിച്ചെങ്കിലും നിനക്കു ഇന്നു പ്രഭാതം തരാമെന്ന് പറയുന്നു. ഇന്ന് ശിക്ഷകൾ ഒഴിവാക്കിത്തരാമെന്ന് പറയുന്നു. അതിനു എന്താണ് വേണ്ടത്? ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ച് ഒരു പുതിയ സൃഷ്ടിയായിത്തീരുക.

അവൻ നിങ്ങളെ ശിക്ഷിക്കാനോ, ശാസിക്കാനോ വന്നവനല്ല. അവൻ വന്നതു നിങ്ങളെ അനുഗ്രഹിക്കുവാനാണ്. നിങ്ങളുടെ ജീവിതത്തിൽ രക്ഷ തരുവാനാണ്. നിങ്ങളുടെ കുടുംബത്തിൽ ശാന്തി പകരുവാനാണ്. നിങ്ങളുടെ ശാപങ്ങൾ തീർക്കാനാണ്. തന്റെ തങ്കച്ചോര പുരണ്ട കരം നിങ്ങളുടെമേൽ വയ്ക്കുവാനാണ്. അതിനു എന്താണ് വേണ്ടത്? ഇപ്പോൾ ക്രിസ്തു യേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല.

യേശുക്രിസ്തുവിന്റെ തിരുരക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. (1. യോഹ. 1 : 7) ആ തിരുരക്തം നിങ്ങളെ കഴുകാനായി ഗുണകരമായി സംസാരിക്കുകയാണ്. ഹാബേലിന്റെ രക്തത്തെക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹരക്തം ഇന്നു നിങ്ങളെ കഴുകട്ടെ. നിങ്ങളെ രൂപാന്തരപ്പെടുത്തട്ടെ.

അപ്പനില്ലാത്തവർക്കു സ്വർഗ്ഗത്തിലെ അപ്പൻ അപ്പനായി

വരട്ടെ. അമ്മയില്ലാത്തവർക്കു സ്വർഗ്ഗത്തിലെ ദൈവം അപ്പനും അമ്മയുമായി ജീവിതത്തിലേക്കു എഴുന്നുള്ളിവരട്ടെ. ഭാര്യ മരിച്ചുപോയവർക്കു ഇണയാളിയായും തുണയായും താങ്ങായും യേശു അടുക്കൽ വരട്ടെ. ഭർത്താവു മരിച്ചുപോയവർക്കു കാന്തനും അരുമ മണവാളനുമായി യേശു ജീവിതത്തിലേക്കു വരട്ടെ. മക്കളില്ലാത്തവർക്ക് സ്വന്തം ആത്മീയ ശക്തിയുടെ കേന്ദ്രമായി നാഥൻ ജീവിതത്തിലേക്കു കടന്നു വരട്ടെ.

ആരോരും ഇല്ലാത്തവർക്കു, അഗതികൾക്കു, ബുദ്ധികുറഞ്ഞവർക്കു, വിദ്യാഭ്യാസമില്ലാത്തവർക്കു, ആരോഗ്യം കുറഞ്ഞവർക്കു, വിവാഹം നടക്കാൻ സാധ്യതയില്ലാത്തവർക്കു, സൗന്ദര്യം കുറഞ്ഞവർക്കു യേശുക്രിസ്തു കർത്താവും നാഥനുമായി എഴുന്നുള്ളിവരട്ടെ. യേശു നിങ്ങളുടെ മേൽ കരം വയ്ക്കട്ടെ. നിങ്ങളെ ആശീർവദിക്കട്ടെ. നിങ്ങളുടെമേൽ നിന്നു ശാപങ്ങളും ദോഷങ്ങളും മാറ്റട്ടെ. നിത്യമായ പ്രഭാതത്തിനു വേണ്ടി നിങ്ങളെ ഒരുക്കട്ടെ.

നീതിസൂര്യൻ നിങ്ങളുടെ ചിറകിൻ കീഴിൽ രോഗോപശാന്തിയോടുകൂടി ഉദിക്കുന്ന നല്ല നാളെയിൽ, യേശു വീണ്ടും വരുമ്പോൾ, സ്വർഗ്ഗീയ സേനകളുടെ അകമ്പടിയോടുകൂടി അവിടന്നു എഴുന്നുള്ളി വരുമ്പോൾ, എതിരേല്പാൻ നിങ്ങൾ വേഗം വിശുദ്ധരായിക്കൊൾവിൻ, വേഗം രൂപാന്തരപ്പെട്ടു കൊൾവിൻ, പാപത്തോട് അതിവേഗം യാത്ര പറഞ്ഞു കൊൾവിൻ. യേശുവിനെ രക്ഷകനും കർത്താവുമായി സ്വീകരിപ്പിൻ. യേശുവിനോടു വാക്കു പറയുവിൻ.

യേശുവേ, നാഥാ, ഇന്നുമുതൽ ഞാൻ നിന്റെ വക. യേശുവിന്റെ കരങ്ങളിലേക്കു നിങ്ങളുടെ ഭാവി ഏല്പിച്ചു

കൊടുക്കുവിൻ. യേശുവിനു നിങ്ങളെത്തന്നെ വിട്ടു കൊടു പ്പിൻ.

പൈശാചിക ശക്തിയോടു യാത്ര പറയുവിൻ. സാത്താനെ ഉപേക്ഷിപ്പിൻ. മശിഹായെ സ്വീകരിപ്പിൻ. യേശുവേ നിന്റെ തിരുരക്തം എന്നെ കഴുകണമേയെന്നു പ്രാർത്ഥിപ്പിൻ.

കർത്താവെ, ഞാനിതാ ഒരു ആവശ്യക്കാരനായി വന്നിരി ക്കുന്നു. എന്നോടു നീ ഒന്നു മനസ്സലിയണം. നിന്റെ കരം എന്റെമേൽ ഒന്നു വയ്ക്കണം. നീ ജീവിക്കുന്ന ദൈവമാ ണെന്നു ഞാൻ വിശ്വസിക്കുന്നു. നീ എനിക്കുവേണ്ടി ക്രൂശിൽ മരിച്ചു എന്നു ഞാൻ വിശ്വസിക്കുന്നു. നിന്റെ ചങ്കു പൊട്ടി യൊഴുകിയ രക്തം എന്റെ പാപക്കറകളെ കഴുകുമെന്നു ഞാൻ വിശ്വസിക്കുന്നു.

യേശുവിനോടു വാക്കുപറയുവിൻ. യേശുവിന്റെ തിരു രക്തം കഴിഞ്ഞതെല്ലാം ക്ഷമിച്ചു തരുമെന്നു വിശ്വസിപ്പിൻ. ഒരു പുതിയ ജീവിതം തുടങ്ങുമെന്നു ദൈവത്തോടു വാക്കു പറയുവിൻ.

പൈശാചിക ശക്തികളാണ് എന്നെ പാപത്തിൽ കെട്ടിയി രിക്കുന്നത്. സാത്താന്യസേനകളാണ് എന്നെ പിശാചിന്റെ കാരാഗൃഹത്തിൽ അടച്ചിട്ടിരിക്കുന്നത്. പാപത്തിന്റെ ഇരുമ്പു ചങ്ങലയിൽ ശത്രു കുരുക്കിയിട്ടിരിക്കയാണ്. കർത്താവേ എനിക്കു മോചനം തരണമേയെന്നു പ്രാർത്ഥിപ്പിൻ. എന്റെ മേലുള്ള സകല പാപങ്ങളും ബന്ധനങ്ങളും അഴിച്ച് എനിക്കു സ്വാതന്ത്ര്യം തരണമേ എന്നു പ്രാർത്ഥിപ്പിൻ.

എന്റെ ദൈവമേ ഞാനിതാ എന്നെതന്നെ നിനക്കു തരിക യാണ്. ബാലകന്റെ അഞ്ചപ്പവും രണ്ടുമീനും നിന്റെ കയ്യിൽ

ആയതുപോലെ ഈ നിമിഷം മുതൽ എന്റെ ആയുസ്സ് നിന്റെ കയ്യിലാവുകയാണ്. കർത്താവേ, എന്റെ കഴിഞ്ഞ കാലങ്ങൾ ഓർക്കരുതേ, സ്വർഗ്ഗീയ പിതാവു തന്റെ ഏകജാതനെ കൈവിട്ട ഗോഗുൽത്തായിലെ തിരുരക്തത്താൽ എന്നെ നീ വീണ്ടെടുണമേ, എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത് എന്നു അന്നു നീ കരഞ്ഞതു എന്നെ നിത്യമായി സ്വീകരിപ്പാനാണെന്നു ഞാൻ വിശ്വസിക്കുന്നു.

കർത്താവെ, ന്യായവിധിയിൽ നിന്നു ഞങ്ങൾക്ക് മോചനം തന്ന് നിത്യരക്ഷയുടെ സ്വർഗ്ഗീയ പറുദീസയിലേയ്ക്ക് ഞങ്ങളെ പ്രവേശിപ്പിക്കണമെ. ഈ സന്ദേശം വായിക്കുന്ന എല്ലാവരേയും കർത്താവിന്റെ രണ്ടാമത്തെ വരവിൽ വിശുദ്ധന്മാരുടെ നിരയിൽ നിൽപ്പാൻ തക്കവണ്ണം യോഗ്യരാക്കണമെ, എല്ലാവരെയും, അനുഗ്രഹിക്കണമെ.

## പതിനൊന്ന്

> യഹോവയുടെ മഹാദിവസം അടുത്തിരിക്കുന്നു, അതു അടുത്തു അത്യന്തം ബദ്ധപ്പെട്ടുവരുന്നു, കേട്ടോ, യഹോവയുടെ ദിവസം! വീരൻ അവിടെ കഠിനമായി നിലവിളിക്കുന്നു.”
>
> സെഫന്യാവ് 1 : 14

യഹോവയുടെ ദിവസം. The day of the Lord. യഹോവയുടെ ദിവസം സംഭവിക്കാൻ പോകുന്ന ദിവസമാണ്. ഏതു നിമിഷവും സംഭവിക്കാവുന്നതാണ്.

> ആ ദിവസം ക്രോധ ദിവസം, കഷ്ടവും സങ്കടവും ഉള്ള ദിവസം, ശൂന്യതയും നാശവും ഉള്ള ദിവസം, ഇരുട്ടും അന്ധകാരവും ഉള്ള ദിവസം, മേഘവും മൂടലും ഉള്ള ദിവസം.”
>
> സെഫന്യാവ് 1 : 5

ഭയങ്കരമായ ആ ദിവസത്തെക്കുറിച്ച്, സെഫന്യാ പ്രവാച

കൻ മാത്രമല്ല പറയുന്നത്. യോവേൽ പ്രവാചകൻ അത് തന്നെയാണ് പറയുന്നത്.

വേദ പുസ്തകത്തിൽ രണ്ട് ഗ്രന്ഥങ്ങൾ മുഴുവൻ യഹോവയുടെ മഹാദിവസത്തെക്കുറിച്ച് പറയുന്നവയാണ്. ബി.സി. എട്ടാം നൂറ്റാണ്ടിൽ എഴുതപ്പെട്ട യോവേൽ പ്രവാചകന്റെ പുസ്തകവും ബി.സി. ഏഴാം നൂറ്റാണ്ടിൽ എഴുതപ്പെട്ട സെഫന്യാ പ്രവാചകന്റെ പുസ്തകവും, രണ്ടും ഒരേയൊരു വിഷയത്തെക്കുറിച്ചാണ് വിവരിക്കുന്നത്, യഹോവയുടെ ദിവസം.

> ആ ദിവസം അയ്യോ കഷ്ടം! യഹോവയുടെ ദിവസം അടുത്തിരിക്കുന്നു. അത് സർവ്വശക്തന്റെ പക്കൽ നിന്നു സംഹാരം പോലെ വരുന്നു.
>
> യോവേൽ 1 : 15

അത് സംഹാരത്തിന്റെ ദിവസമാണ്. സർവ്വശക്തന്റെ പക്കൽ നിന്നുള്ള ദിവസമാണ്. വീണ്ടും യോവേൽ പ്രവാചകന്റെ പുസ്തകം രണ്ടാം അദ്ധ്യായം ഒന്നാം വാക്യത്തിലും പതിനൊന്നാം വാക്യത്തിലും മുപ്പത്തിയൊന്നാം വാക്യത്തിലും ഇതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു.

> സീയോനിൽ കാഹളം ഊതുവിൻ, എന്റെ വിശുദ്ധ പർവ്വതത്തിൽ അയ്യം വിളിപ്പിൻ. യഹോവയുടെ ദിവസം വരുന്നതുകൊണ്ടും അത് അടുത്തിരിക്കുന്നതുകൊണ്ടും ദേശത്തിലെ സകല നിവാസികളും നടുങ്ങിപ്പോകട്ടെ. ഇരുട്ടും അന്ധകാരവുമുള്ളോരു ദിവസം, മേഘവും കൂരിരുട്ടുമുള്ളോരു ദിവസം തന്നേ." യോവേൽ 2 : 1 – 2

> "യഹോവ തന്റെ സൈന്യത്തിൻ മുമ്പിൽ

മേഘനാദം കേൾപ്പിക്കുന്നു. അവന്റെ പാളയം അത്യന്തം വലുതും അവന്റെ വചനം അനുഷ്ഠിക്കുന്നവൻ ശക്തിയുള്ളവനും തന്നേ, യഹോവയുടെ ദിവസം വലുതും അതിഭയങ്കരവുമാകുന്നു. അതു സഹിക്കാവുന്നവൻ ആർ?"

യോവേൽ 2 : 11

"യഹോവയുടെ വലുതും ഭയങ്കരവുമായുള്ള ദിവസം വരും മുമ്പെ സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറിപ്പോകും." യോവേൽ 2 : 31

യഹോവയുടെ വലുതും ഭയങ്കരവുമായ ദിവസം വരും മുമ്പേ ആകാശം മാറിപ്പോകും, സൂര്യൻ ഇരുണ്ടു പോകും, ചന്ദ്രൻ രക്തമായും മാറും എന്നാണ് പ്രവാചകൻ പറയുന്നത്.

മാലാഖി പ്രവാചകന്റെ പ്രവചനം ശ്രദ്ധിക്കാം.

"ചൂളപോലെ കത്തുന്ന ഒരു ദിവസം വരും, അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും, വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചു കളയും എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു."

മലാഖി 4 : 1

വീണ്ടും വചനം എന്തു പറയുന്നു എന്നു നോക്കാം.

"മനുഷ്യ പുത്രാ നീ പ്രവചിച്ചു പറയേണ്ടതു : യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു. അയ്യോ, കഷ്ടദിവസം! എന്നു മുറയിടുവിൻ. നാൾ അടുത്തിരിക്കുന്നു! അതേ, യഹോ

വയുടെ നാൾ അടുത്തിരിക്കുന്നു! അത് മേഘ മുള്ള ദിവസം, ജാതികളുടെ കാലം തന്നേ ആയി രിക്കും. മിസ്രയീമിന്റെ നേരെ വാൾ വരും! മിസ്ര യീമിൽ നിഹതന്മാർ വീഴുകയും അവർ അതിലെ സമ്പത്തു അപഹരിക്കുകയും അതിന്റെ അടി സ്ഥാനങ്ങൾ ഇടിക്കയും ചെയ്യുമ്പോൾ കൂശിൽ അതിവേദനയുണ്ടാകും."

യെഹെസ്കേൽ 30 : 2 - 4

ആ ദിവസത്തെക്കുറിച്ച് പുതിയ നിയമത്തിൽ പറയുന്നു ണ്ട്. തെസ്സലൊനിക്യർക്കു എഴുതിയ ലേഖനത്തിൽ വി. പൗലോസ്, യഹോവയുടെ മഹാദിവസത്തെ കുറിച്ച് പറയു ന്നു.

"കള്ളൻ രാത്രിയിൽ വരുമ്പോലെ കർത്താ വിന്റെ നാൾ വരുന്നു എന്നു നിങ്ങൾ തന്നേ നന്നായി അറിയുന്നുവല്ലോ. അവർ സമാധാന മെന്നും നിർഭയമെന്നും പറയുമ്പോൾ ഗർഭിണിക്കു പ്രസവവേദന വരുമ്പോലെ അവർക്കു പെട്ടെന്ന് നാശം വന്നു ഭവിക്കും, അവർക്കു തെറ്റിയൊഴി യാവതുമല്ല." 1 തെസ്സലൊനീക്യർ 5 : 2 - 3

വി. പത്രോസിന്റെ ലേഖനത്തിലും ഇതെക്കു റിച്ച് പറഞ്ഞിരിക്കുന്നു.

"....കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്ന് ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞു പോകും, മൂലപദാർത്ഥങ്ങൾ കത്തിയഴി കയും ഭൂമിയും അതിലുള്ള പണികളും വെന്തു പോകയും ചെയ്യും." 2 പത്രൊസ് 3 : 10

ഈ ഭൂമിയിലെ ലോഹങ്ങൾ, ധാതുക്കൾ, ലവണങ്ങൾ എല്ലാം കത്തിപ്പോകും. ആകാശം പായ് തെറുക്കും പോലെ ചുരുണ്ടുപോകുമെന്ന് വേദപുസ്തകം പറയുന്നു. ആകാശം മാറിപ്പോകും. ആകാശമെന്നു പറയുന്നത് ഈ ആന്തരീക്ഷമാണ്.

> "ആറാം മുദ്ര പൊട്ടിച്ചപ്പോൾ വലിയോരു ഭൂകമ്പം ഉണ്ടായി, സൂര്യൻ കരിമ്പടം പോലെ കറുത്തു, ചന്ദ്രൻ മുഴുവനും രക്തതുല്ല്യമായിത്തീർന്നു. അത്തിവൃക്ഷം പെരുങ്കാറ്റു കൊണ്ട് കുലുങ്ങീട്ടു കായി ഉതിർക്കുമ്പോലെ ആകാശത്തിലെ നക്ഷത്രങ്ങൾ ഭൂമിയിൽ വീണു. പുസ്തകച്ചുരുൾ ചുരുട്ടും പോലെ ആകാശം മാറിപ്പോയി, എല്ലാ മലയും ദ്വീപും സ്വസ്ഥാനത്തു നിന്നു ഇളകിപ്പോയി. ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപന്മാരും ധനവാന്മാരും ബലവാന്മാരും സകല ദാസനും സ്വതന്ത്രനും ഗുഹകളിലും മലപ്പാറകളിലും ഒളിച്ചുകൊണ്ട് മലകളോടും പാറകളോടും, ഞങ്ങളുടെ മേൽ വീഴുവിൻ, സിംഹാസനത്തിൽ ഇരിക്കുന്നവന്റെ മുഖം കാണാതവണ്ണവും കുഞ്ഞാട്ടിന്റെ കോപം തട്ടാതവണ്ണവും ഞങ്ങളെ മറപ്പിൻ. അവരുടെ മഹാകോപ ദിവസം വന്നു, ആർക്കു നില്പാൻ കഴിയും എന്നു പറഞ്ഞു."
>
> വെളിപാട് 6 : 12 – 17

ആ ഭയങ്കരമായ നാളിൽ ആർക്കു നില്പാൻ കഴിയുമെന്നാണ് തിരുവചനം ചോദിക്കുന്നത്. പ്രിയപ്പെട്ടവരെ, ആ ദിവസം അടുത്തു വരുന്നു. യഹോവയുടെ മഹാദിവസം.

ആറ്റം ബോംബ്, ഹൈഡ്രജൻ ബോംബ്, തീർന്നില്ല

ഇന്നത്തെ കെമിക്കൽ ആൻഡ് ബയോളജിക്കൽ ആയുധ ങ്ങൾ, അതായത് രാസജൈവായുധങ്ങൾ, ന്യൂട്രോൺ ബോംബുകൾ. അത് മനുഷ്യനെ പെട്ടെന്നു കൊല്ലുകയില്ല. പകരം ഇഞ്ചിഞ്ചായി മനുഷ്യനെ കൊല്ലും. അഞ്ചോ ആറോ മാസം കൊണ്ട് മനുഷ്യനെ നരകിപ്പിച്ച് കൊല്ലുന്നു. ഇതെല്ലാം വെളിപ്പാട് പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്.

വെളിപാട് ഒൻപതിൽ ന്യൂട്രോൺ ബോംബുകളെക്കുറിച്ചു പറ ഞ്ഞിരിക്കുന്നു. അവിടെ വെട്ടുക്കിളിയെന്നു അലങ്കാര ഭാഷയിൽ പറഞ്ഞിരിക്കുന്നതു ഏതോ ഒരുതരം അണുക്കളെക്കുറിച്ചാണ്.

> "അഞ്ചാമത്തെ ദൂതൻ ഊതി, അപ്പോൾ ഒരു നക്ഷത്രം ആകാശത്തു നിന്നു ഭൂമിയിൽ വീണു കിടക്കുന്നതു ഞാൻ കണ്ടു, അവന്നു അഗാധകൂ പത്തിന്റെ താക്കോൽ ലഭിച്ചു. അവൻ അഗാധ കൂപം തുറന്നു, ഉടനെ പെരുഞ്ചൂളയിലെ പുക പോലെ കൂപത്തിൽ നിന്നു പുകപൊങ്ങി. കൂപ ത്തിന്റെ പുകയാൽ സൂര്യനും ആകാശവും ഇരുണ്ടു പോയി. പുകയിൽ നിന്നു വെട്ടുക്കിളി ഭൂമിയിൽ പുറപ്പെട്ടു. അതിനു ഭൂമിയിലെ തേളി ന്നുള്ള ശക്തി ലഭിച്ചു. നെറ്റിയിൽ ദൈവത്തിന്റെ മുദ്രയില്ലാത്ത മനുഷ്യർക്കല്ലാതെ ഭൂമിയിലെ പുല്ലിനും പച്ചയായതൊന്നിനും യാതൊരു വൃക്ഷ ത്തിനും കേടു വരുത്തുന്നത് എന്നു അതിനു കല്പനയുണ്ടായി. അവരെ കൊല്ലുവാനല്ല, അഞ്ചു മാസം ദണ്ഡിപ്പിപ്പാനത്രേ അതിന്നു അധികാരം ലഭിച്ചതു, അവരുടെ വേദന, തേൾ മനുഷ്യനെ കുത്തുമ്പോൾ ഉള്ള വേദനപോലെ തന്നേ. ആ കാലത്തു മനുഷ്യൻ മരണം അന്വേഷിക്കും. കാൺകയില്ല താനും. മരിപ്പാൻ കൊതിക്കും.

മരണം അവരെ വിട്ടു ഓടിപ്പോകും."
വെളിപ്പാടു 9 : 1 – 6

കർത്താവിന്റെ മുദ്രയുള്ളവർക്കു കേടില്ല. മുദ്രയുള്ളവരെ തൊടരുത് എന്നാണ് പറയുന്നത്. മരണത്തെ മനുഷ്യൻ അമ്പേഷിക്കും, കാൺകയില്ല താനും.

ആദ്യമായി ആറ്റം ബോംബു വിക്ഷേപിച്ചത് 1945 – ൽ ആണ്. അന്ന് ന്യൂ മെക്സിക്കോയിലെ മരുഭൂമിയിൽ വിമാനത്തിൽ ഇരുന്നുകൊണ്ട് ആറ്റംബോംബിന്റെ ശക്തി കണ്ടുകൊണ്ടിരുന്ന ശാസ്ത്രജ്ഞന്മാർ പുകപടലം പൊങ്ങുന്നതു കണ്ട് അമ്പരന്നു. ആറ്റം ബോംബിന്റെ ശക്തി വീക്ഷിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രജ്ഞന്മാരിൽ, ആറ്റംബോംബ് കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ നെഞ്ചത്തലച്ചു കൊണ്ടു പറഞ്ഞു. "Oh! Alas! We have created a hell." അയ്യോ, നമ്മൾ ഒരു നരകം അല്ലേ സൃഷ്ടിച്ചതെന്ന്. നരകം ഭൂമിയിൽ മെനഞ്ഞു വെച്ചിരിക്കുന്നു. വിവിധ രീതിയിലുള്ള ദുരിതം ഭൂമിയിൽ സൃഷ്ടിച്ചിരിക്കുന്നു.

ടിഎൻടി കണ്ടുപിടിച്ച ശാസ്ത്രജ്ഞനാണ് ആൽബർട്ട് നോബൽ. ഒരു ദിവസം അദ്ദേഹം രാവിലെ പത്രം എടുത്തു വായിക്കുമ്പോൾ ഞെട്ടിപ്പോയി. അദ്ദേഹത്തിന്റെ ഫോട്ടോ "നിര്യാതരായി" എന്ന കോളത്തിൽ കൊടുത്തിരിക്കുന്നു. അദ്ദേഹത്തിന്റെ ഏതോ ബന്ധുവിന്റെ മരണവാർത്തയും ഫോട്ടോയും കൊടുക്കുന്നതിനു പകരം തെറ്റായി അദ്ദേഹത്തിന്റെ ഫോട്ടോ കൊടുത്തതാണ്.

പത്രത്തിൽ ഫോട്ടോയുടെ താഴെ എഴുതിയിരിക്കുന്നു :

വലിയ ശാസ്ത്രജ്ഞനായിരുന്ന അദ്ദേഹം കോടീശ്വരനായിരുന്നു. ധനികൻ ആയിരുന്നു. മനു

> ഷ്യനെ കൊല്ലുവാനുള്ള വിദ്യ കണ്ടുപിടിച്ചതു കൊണ്ടു അദ്ദേഹം ഒട്ടേറെ സമ്പാദിച്ചു കൂട്ടിയി രുന്നു.

അത് വായിച്ച് അദ്ദേഹം ഒരു നിമിഷം ചിന്തിച്ചു. ഞാൻ സമ്പാദിച്ചതെല്ലാം മനുഷ്യന്റെ നാശത്തിനു വേണ്ടി ആയിരുന്നല്ലോ. ഇനി വരുംകാലതലമുറ എന്നെ കാണുന്നത് മനുഷ്യനെ നശിപ്പിക്കുവാനുള്ള വിദ്യ കണ്ടുപിടിച്ച വ്യക്തിയായിട്ടാണല്ലോ.

അദ്ദേഹം ധർമ്മസങ്കടത്തിലായി. അദ്ദേഹം തീരുമാനിച്ചു. എന്റെ സമ്പാദ്യം നല്ല കാര്യത്തിനു ഉപയോഗിക്കാമെന്ന്. അങ്ങനെ അദ്ദേഹത്തിന്റെ സമ്പാദ്യം നോബൽ സമ്മാനത്തിനുള്ള തുകയായി സംഭാവന ചെയ്തു. നോബൽ സമ്മാനം ആരംഭിച്ചത് അങ്ങനെയാണ്.

അണ്വായുധങ്ങൾ, രാസായുധങ്ങൾ, സ്ഫോടക സാമഗ്രികൾ, മനുഷ്യനെ നശിപ്പിക്കുന്ന വസ്തുക്കൾ! എന്തെല്ലാമാണ് ഈ ഭൂമിയിൽ സൃഷ്ടിച്ച് വച്ചിരിക്കുന്നത്.

ഈ അടുത്ത കാലത്ത് ബാംഗ്ലൂർ നഗരത്തെ തന്നെ ഞെട്ടിപ്പിക്കുന്ന വാർത്ത കേട്ടു. വലിയ ഭീകരാക്രമണങ്ങൾ ഒരു വശത്ത്, ഭൂകമ്പങ്ങൾ ഒരുവശത്ത്, സുനാമിത്തിരകൾ ഒരു വശത്ത്, ഭയാനകമായ കൊടുങ്കാറ്റുകൾ വേറൊരു വശത്ത്. ഇതെല്ലാം അന്ത്യകാല ലക്ഷണങ്ങൾ ആണ്.

സുവിശേഷം ധാരാളമായി പരന്നുകൊണ്ടിരിക്കുന്ന ഒരു സമയമാണിത്. നമ്മുടെ ഭാരതഭൂമിയിൽ മാത്രമല്ല, ലോകമെമ്പാടും വിവിധ സഭാവിഭാഗങ്ങളുടെയും സംഘടനകളുടെയും നേതൃത്വത്തിൽ സുവിശേഷപ്രസംഗങ്ങൾ നടക്കുന്നുണ്ട്. തീർച്ചയായും ഇത് ഈ കാലഘട്ടത്തിന്റെ ഒരു ആവശ്യമാ

ണ്. ഇന്നു സഭകൾ തമ്മിൽ കലഹിക്കാതെ സുവിശേഷം വിവിധഭാഗങ്ങളിൽ എത്തിക്കുകയാണ് വേണ്ടത്.

കാലം അതിവേഗം മുന്നോട്ടു പോയ്ക്കൊണ്ടിരിക്കുകയാണ്. അവസാന നാളുകളിലേക്കു നാം അടുത്തുകൊണ്ടിരിക്കുകയാണ്. അവസാനനാളുകൾ എന്നതു നാം പലപ്പോഴും ഒരു പല്ലവിപോലെ കേട്ടുകൊണ്ടിരിക്കുകയാണ്. പക്ഷേ അങ്ങനെയല്ല, വളരെ വേഗം ലോകത്തിന്റെ ഒരു അന്തിമസമയത്തിലേക്കു നാം അടുത്തുകൊണ്ടിരിക്കുകയാണ്. എത്ര പെട്ടെന്നാണ് കാര്യങ്ങൾ മാറിക്കൊണ്ടിരിക്കുന്നത്. ആർക്കും അറിഞ്ഞുകൂടാത്ത രീതിയിൽ കാലങ്ങൾ ദ്രുതഗതിയിൽ മാറിക്കൊണ്ടിരിക്കുകയാണ്.

ലോകം മുഴുവൻ കത്തി നശിക്കുമെന്നു തിരുവചനം പറയുന്നുണ്ട്. ലോകം ചുട്ടു ചാമ്പലാകുവാൻ ഒരു നിമിഷം മതിയെന്നു തിരുവചനം പറയുന്നു. മാത്രമല്ല ഇന്നത്തെ ശാസ്ത്രീയ മുന്നേറ്റങ്ങൾ ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങൾ ഒരു സ്ഫോടനാത്മകമായ അന്തരീക്ഷത്തിലേക്കു നമ്മെ കൊണ്ടെത്തിച്ചിരിക്കുകയാണ്. അണ്വായുധപരീക്ഷണങ്ങളെക്കുറിച്ച് കേൾക്കുമ്പോൾ വേദപുസ്തകം അറിയാവുന്ന വിശ്വാസികൾ അതു അന്തിമകാല ലക്ഷണമായി കരുതാറുണ്ട്.

ഉത്തരകൊറിയ അണ്വായുധം പരീക്ഷിച്ചപ്പോൾ ലോകരാഷ്ട്രങ്ങൾ അതിനെ എതിർക്കുകയും ഉപരോധിക്കുകയും ചെയ്തതായി നാം പത്രങ്ങളിൽ വായിക്കുകയുണ്ടായി. ഇതെല്ലാം അന്ത്യകാലഘട്ടത്തിന്റെ ദൃഷ്ടാന്തമായി കണക്കാക്കപ്പെടുന്നു. ഇറാന്റെ കാര്യത്തിലും ഇറാഖിന്റെ കാര്യത്തിലും ഗാസയിലെ യിസ്രായേൽ പാലസ്തീൻ സംഘട്ടനങ്ങളിലും ബുദ്ധിജീവികൾ ആശങ്കയോടെ നോക്കിക്കൊണ്ടിരിക്കുകയാണ്.

ലോകചരിത്രത്തിലെ ഏറ്റവും വലിയ സംഭവം, ഇനി വരാനിരിക്കുന്നത് കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവാണ്. കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിനു മുന്നോടിയായി നമ്മുടെ ലോകത്ത് അനേകം കാര്യങ്ങൾ സംഭവിക്കുമെന്നു വേദപുസ്തകം വ്യക്തമായി മുന്നറിയിപ്പുതരുന്നുണ്ട്. ഇന്നു സഭകൾ ഒത്തൊരുമിച്ച്, സമുദായങ്ങൾ ഒത്തൊരുമിച്ച്, കൈകോർത്തുപിടിച്ച്, സഭാ പരിഗണന കൂടാതെ, കക്ഷി വ്യത്യാസം കൂടാതെ യേശുവിന്റെ സുവിശേഷം പ്രസംഗിക്കുകയും പരസ്പരം പോരടിക്കാതെ നിർമ്മല സുവിശേഷം ലോകമെമ്പാടും എത്തിക്കേണ്ടത്.

ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പ് ലക്ഷ്യമാക്കുന്നതു, അവരവരുടെ സഭയിൽ നിന്നുകൊണ്ട്, ഒരു സഭയിൽ നിന്നു മറ്റൊരു സഭയിലേക്കു മാറാതെ, യേശുക്രിസ്തു ക്രൂശിൽ നേടിത്തന്ന രക്ഷ അനുഭവിച്ചുകൊണ്ട് സുവിശേഷവേല ചെയ്യുക എന്നതാണ്. ക്രിസ്തുവിന്റെ നിർമ്മല സുവിശേഷവും പരിശുദ്ധാത്മാവിന്റെ കൃപാവരങ്ങളും അനുഭവിച്ചുകൊണ്ട്, ഇതരസഭകളെ മാനിച്ചുകൊണ്ട്, ദൈവവചനം വ്യാപിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ പരിശുദ്ധാത്മ കൃപയാൽ സ്ഥാപിതമായ കൂട്ടായ്മയാണ് ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പ്.

ഈ ഫെല്ലോഷിപ്പിൽ വിവിധ സഭാവിഭാഗത്തിൽ പെട്ടവരുണ്ട്. കർത്താവിന്റെ രണ്ടാമത്തെ വരവ് അടുത്തിരിക്കുന്ന ഈ സമയത്ത് അവരവരുടെ പള്ളി മാറാതെ, സഭ മാറാതെ, സമുദായഭേദമെന്യേ ക്രിസ്തു ക്രൂശിൽ നേടിത്തന്ന രക്ഷ അനുഭവിച്ചുകൊണ്ട്, ഉണർന്നു പ്രവർത്തിക്കുകയാണ്.

വേദപുസ്തകം നാം ധ്യാനിക്കുമ്പോൾ നമുക്കു രണ്ടുകാര്യങ്ങൾ ആണ് ലഭിക്കുന്നത്. ഒന്ന്, ഇഹത്തിൽ സമാധാനം,

രണ്ട്, നിത്യതയിൽ സ്വർഗ്ഗം. നമുക്ക് എല്ലാവർക്കും വേണ്ടതു അതുതന്നെയാണ്. ഈ ലോകജീവിതത്തിൽ നമുക്കു നിത്യ സമാധാനം വേണം. മരണം വഴിയായി നാം മാറ്റപ്പെടുമ്പോൾ നമുക്കു നിത്യജീവൻ അഥവാ നിത്യസ്വർഗ്ഗം കരഗതമാക്കണം. ഇതാണ് നമ്മുടെ ലക്ഷ്യം.

അതിനു വേണ്ടിയാണ് പ്രാർത്ഥനകൾ, യോഗങ്ങൾ, സുവിശേഷപ്രസംഗങ്ങൾ, ധ്യാനയോഗങ്ങൾ, വിവിധ കൂട്ടായ്മകൾ, പള്ളികൾ, സഭകൾ എന്നിവ. എല്ലാം ലാക്കാക്കുന്നതു ഇഹത്തിലെ സമാധാനവും കടന്നു ചെല്ലുമ്പോഴുള്ള നിത്യ സ്വർഗ്ഗവും ആണ്.

ഇവിടെ സമാധാനം ഉണ്ടായിട്ടുവേണ്ടേ കടന്നുചെല്ലുമ്പോൾ സമാധാനം എന്നു നമ്മിൽ പലരും ചിന്തിക്കാറുണ്ട്. ഇവിടെ എന്നും ദുരിതം, രോഗം, കഷ്ടത, ഭിന്നിപ്പ്, വഴക്ക്, യാതന, കടബാധ്യത, പലവിധ പ്രശ്നങ്ങൾ. സമാധാനം അല്പം പോലും ലഭിക്കാത്ത അവസ്ഥ. ജീവിതം കീറാമുട്ടിയായി തോന്നുന്ന അനേകരുണ്ട്. എന്തിനു ഇനി ജീവിക്കണം, മരിച്ചാൽ മതിയെന്ന ചിന്തയുമായി ജീവിക്കുന്നവർ അനേകരുണ്ട്.

ജീവിതത്തിൽ ശാന്തിയും സമാധാനവും ലഭിക്കുകയെന്നതു ഭാഗ്യകരമായ അനുഭവമാണ്. ഹൃദയത്തിൽ സ്വർഗ്ഗം തുടങ്ങുകയെന്നതു ഏറ്റവും ആനന്ദകരമായ ഒരു കാര്യമാണ്.

ഞാൻ പലപ്പോഴും ഊന്നിപ്പറയാറുള്ള ഒരു കാര്യമാണ് ഹൃദയത്തിൽ സ്വർഗ്ഗം വരണമെന്നുള്ളത്. ഹൃദയത്തിൽ സ്വർഗ്ഗം നേടിയാലേ നിത്യസ്വർഗ്ഗത്തിൽ നമുക്കു എത്താൻ പറ്റുകയുള്ളൂ. നിത്യരാജ്യം, നിത്യസ്വർഗ്ഗം! അവിടെ ദൈവമുണ്ട്, വിശുദ്ധൻമാർ ഉണ്ട്, മാലാഖമാർ ഉണ്ട്. നമ്മുടെ ഹൃദ

യത്തിൽ യേശു വന്നാൽ ഹൃദയത്തിൽ സ്വർഗ്ഗം തുടങ്ങുകയാണ്.

ക്രൂശിൽ തലചായ്ച്ച് മരിച്ചവൻ ഹൃദയത്തിൽ വന്നാൽ സ്വർഗ്ഗം തുടങ്ങുകയാണ്, സ്നേഹം വരികയാണ്. അതോടെ പാപത്തോട് അറപ്പും വെറുപ്പും വരുന്നു. തിന്മവിട്ടു നില്ക്കണമെന്ന ആഗ്രഹം വരുന്നു. വിശുദ്ധിക്കു വേണ്ടിയുള്ള ദാഹം വരുന്നു. വിട്ടുവീഴ്ച ചെയ്യാനുള്ള മനസ്സു വരുന്നു. മറ്റുള്ളവരുമായി സഹകരിച്ചും സ്നേഹിച്ചും വിധേയപ്പെട്ടും ജീവിക്കണമെന്ന ആഗ്രഹം വരുന്നു. മറക്കുകയും പൊറുക്കുകയും ചെയ്യുന്ന ആത്മാവിന്റെ ശക്തി (Forgetting and forgiving spirit of God) നമ്മുടെ ഹൃദയത്തിൽ പുലരാൻ തുടങ്ങും. ഹൃദയത്തിൽ വളരാൻ തുടങ്ങും. അതു ഭാഗ്യകരമായ അനുഭവം ആണ്. സന്തോഷകരമായ വസ്തുതയാണ്.

ക്രിസ്തുവിന്റെ ആത്മാവു നമ്മുടെ ഹൃദയത്തിൽ വരുന്നു. ക്രിസ്തുവിന്റെ ആത്മാവു നമ്മെ നയിക്കുന്നു. പാപമില്ലാത്ത അനുഭവം നമുക്കു ലഭിക്കുന്നു. മറക്കുവാനും പൊറുക്കുവാനും നമുക്കു സാധിക്കുന്നു.

ക്രിസ്തു നമുക്ക് ശാന്തി തരുന്നു. സമാധാനം തരുന്നു. ഹൃദയത്തിൽ സ്വസ്ഥത തരുന്നു. ദു:ഖവും ദുരിതവും പ്രയാസങ്ങളും പൊങ്ങി വരുമ്പോഴും നമ്മുടെ ഹൃദയത്തിൽ നിറഞ്ഞു തുളുമ്പുന്നത് സമാധാനമാണ്, ശാന്തിയാണ്, സന്തോഷമാണ്. അങ്ങനെ ജീവിതം പ്രശാന്ത സുന്ദരമായിത്തീരുന്നു.

അങ്ങനെ നാം മുന്നോട്ടു പോകുമ്പോൾ ഒരുനാൾ നാം ഈ ലോകത്തു നിന്നും മാറ്റപ്പെടുന്നു. നാം നിത്യരാജ്യത്തിൽ അഥവാ നിത്യസ്വർഗ്ഗത്തിൽ എത്തിച്ചേരുന്നു. അതാണു വാസ്തവത്തിൽ ക്രിസ്തീയജീവിതമെന്നു പറയുന്നത്.

ക്രിസ്തീയജീവിതം എന്നു പറഞ്ഞാൽ സഭ മാറുകയല്ല, സമുദായം മാറുകയല്ല, ഹൃദയത്തിൽ ക്രിസ്തു വരുക എന്നുള്ളതാണ്. ക്രിസ്തു ഹൃദയത്തിൽ വാഴുന്നു. ക്രിസ്തു നമ്മുടെ ജീവിതത്തെ ഭരിക്കുന്നു.

"യഹോവ ഈ സ്ഥലത്തുണ്ട് സത്യം, ഞാനോ അതറിഞ്ഞില്ല" എന്നു ഉല്പത്തി പുസ്തകത്തിൽ ഒരു വാക്യമുണ്ട് ഉല്പത്തി 28 : 16

യേശുക്രിസ്തു നമ്മുടെ നടുവിലേക്കു വരുന്നവനാണ്. നിങ്ങൾ കർത്താവിനോട് പറയണം. കർത്താവേ എന്റെ ഹൃദയത്തെ രൂപാന്തരപ്പെടുത്തി തരണമേ, ഞാൻ പലപ്പോഴും തീരുമാനം എടുത്തതാണ്. എന്നാൽ അതിൽ നിന്നെല്ലാം വഴുതിപ്പോയി. പാപത്തിനു ഇടം കൊടുത്തുപോയി. യേശുവേ എന്നെ യഥാസ്ഥാനപ്പെടുത്തണമേ, എന്നെ കഴുകണമേ, എന്റെമേൽ അവിടത്തെ കരം വച്ച് അനുഗ്രഹിക്കണമേ, നിങ്ങൾ കർത്താവിനോടു പ്രാർത്ഥിക്കണം.

നൂറ്റിയിരുപത്തിരണ്ടാം സങ്കീർത്തനത്തിൽ ഒരു വാക്യമുണ്ട്. "യഹോവയുടെ ആലയത്തിലേക്കു നമുക്കു പോകാം എന്ന് അവർ എന്നോടു പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു" എന്ന്. ദൈവമുള്ള ഇടമാണ് ദൈവത്തിന്റെ ആലയം. ദൈവമുള്ള സ്ഥലത്തു കടന്നുവരുന്നവരെ കർത്താവു സന്ദർശിക്കും. വളരെ പ്രകടമായ അനുഭവങ്ങൾ അവർക്കു ലഭിക്കും.

നിങ്ങൾ പ്രാർത്ഥിക്കണം. കർത്താവിന്റെ കരം എന്നെ തൊട്ടു തഴുകണമെയെന്ന്. എനിക്കു ഒരു മാനസാന്തരം തരണമെയെന്ന്.

കരുണയുള്ള കർത്താവെ, സമാധാനത്തിനുള്ള ഒരു പാത

ഞങ്ങൾക്കു തുറന്നു തരണമെ, പരിശുദ്ധാത്മാവിന്റെ ശക്തി പകരണമെ, പരിശുദ്ധാത്മാവെ അവിടുന്ന് എഴുന്നുള്ളി വരണമെ, പരിശുദ്ധാത്മാവെ ഞങ്ങളുടെ മേൽ തീപ്പൊരിവാരി വിതറണമെ, തീജ്ജ്വാല വ്യാപരിപ്പിക്കണമെ, സ്വർഗ്ഗത്തിന്റെ അഗ്നി ഞങ്ങളുടെ മേൽ പകരണമെ, യേശുക്രിസ്തുവിന്റെ തിരുരക്തത്തിന്റെ കോട്ട ഞങ്ങളുടെ മേൽ ഉണ്ടാകണമെ, സ്വർഗ്ഗീയ ദൂതന്മാർ ഞങ്ങളെ കാവൽ ചെയ്യണമെ, എല്ലാ മഹത്വവും അരുമരക്ഷകനായ യേശുവിനു മാത്രമായിരിക്കണമെ.

## പന്ത്രണ്ട്

യഹോവയുടെ മഹാദിവസം അടുത്തിരിക്കുന്നു, അതു അടുത്തു അത്യന്തം ബദ്ധപ്പെട്ടുവരുന്നു, കേട്ടോ, യഹോവയുടെ ദിവസം! വീരൻ അവിടെ കഠിനമായി നിലവിളിക്കുന്നു.”

സെഫന്യാവ് 1 : 14

“യെഹെസ്കേൽ പ്രവചനം പതിനാലാം അദ്ധ്യായത്തിൽ പുലികളെക്കുറിച്ച്, ദുഷ്ടമൃഗങ്ങളെക്കുറിച്ച് നാം കേൾക്കുന്നത് വനത്തിലെ പുലികൾ മാത്രം അല്ല, ശ്രീലങ്കയിലെ തമിഴ്പുലികൾ. ഇവരുടെ അക്രമണങ്ങളെക്കുറിച്ച് നാം പത്രത്തിൽ വായിക്കാറുണ്ട്. എന്നാൽ ബൈബിളിൽ അത് നാം കാണുന്നു. ഇത് അന്ത്യകാല ലക്ഷണമത്രേ.

ഇവിടെ നാം ചിന്തിക്കേണ്ടത് യഹോവയുടെ ഈ ഭയങ്കര ദിവസത്തിൽ നിന്നും രക്ഷ നേടാൻ നാം എന്തു ചെയ്യണം? അതേക്കുറിച്ച് നാം വ്യക്തമായി വേദപുസ്തകത്തിൽ വായി

ക്കുന്നുണ്ട്. യഹോവയുടെ ഭയങ്കരമായ ദിവസം വരും മുമ്പേ നാം ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാമെന്ന് നോക്കാം.

ഒന്ന്. സുവിശേഷീകരണം (Evangelisation)

> "നാണമില്ലാത്ത ജാതിയേ, നിർണ്ണയം ഫലിക്കുന്നതിന്നു മുമ്പെ - ദിവസം പതിർപോലെ പാറിപ്പോകുന്നു - യഹോവയുടെ ഉഗ്രകോപം നിങ്ങളുടെ മേൽ വരുന്നതിനു മുമ്പെ, യഹോവയുടെ കോപദിവസം നിങ്ങളുടെ മേൽ വരുന്നതിനു മുമ്പെ, കൂടി വരുവിൻ, അതേ കൂടി വരുവിൻ."
> സെഫന്യാവ് 2 : 1 – 2

പ്രാർത്ഥനാ യോഗങ്ങൾ കൂടി വരുവിൻ. സുവിശേഷ വേലകൾ നടത്തുവിൻ. കൂട്ടായ്മകൾ കൂടുവിൻ. സഭാഭേദം കൂടാതെ സുവിശേഷം അറിയിക്കുവിൻ. കർത്താവിന്റെ വേലയ്ക്കു വേണ്ടി ഇറങ്ങേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇനി കക്ഷി പറയുവാൻ നേരം കളയരുത്. സ്വത്തു സമ്പാദിക്കുവാൻ വേണ്ടി സമയം കളയരുത്. സ്ഥാനമോഹങ്ങൾക്കു വേണ്ടി നേരം പാഴാക്കരുത്. നമുക്ക് സമയം ഒട്ടും കളയുവാനില്ല. പ്രിയരേ, കാലം തീരാറായിരിക്കുന്നു. അപ്പോസ്തലനായ പൗലോസ് കൊരിന്ത്യർക്കു എഴുതിയ ഒന്നാം ലേഖനത്തിൽ ഇത് ഏത് കാലമാണെന്നു പറയുന്നു.

> "എന്നാൽ സഹോദരന്മാരേ, ഇതൊന്നു ഞാൻ പറയുന്നു : കാലം ചുരുങ്ങിയിരിക്കുന്നു, ഇനി ഭാര്യമാരുള്ളവർ ഇല്ലാത്തവരെപ്പോലെയും കരയുന്നവർ കരയാത്തവരെപ്പോലെയും സന്തോഷിക്കുന്നവർ സന്തോഷിക്കാത്തവരെപ്പോലെയും വിലയ്ക്കു വാങ്ങുന്നവർ കൈവശമാക്കാത്തവരെപ്പോലെയും ലോകത്തെ അനുഭവിക്കുന്നവർ

> അതിനെ അനുഭവിക്കാത്തവരെപ്പോലെയും ആയിരിക്കേണം. ഈ ലോകത്തിന്റെ രൂപം ഒഴിഞ്ഞുപോകുന്നുവല്ലോ.” 1. കൊരിന്ത്യർ 7 : 29 - 31

യഹോവയുടെ ദിവസം വരും മുമ്പേ കൂടി വരുവിൻ. എല്ലാം മാറിപ്പോകും. എല്ലാം മായയാണ്. മനുഷ്യജീവിതം ക്ഷണികമാണ്. ഞൊടിനേരം കൊണ്ടു മരണം സംഭവിക്കുന്നു. ഇന്ന് നമുക്ക് സമ്പത്തുണ്ട്. ആരോഗ്യം ഉണ്ട്, വിദ്യാഭ്യാസം ഉണ്ട്, എന്നാൽ ഇതെല്ലാം മാറാൻ എത്ര നേരം വേണം.

ഭക്ത കവിയായ പൂന്താനം നമ്പൂതിരി ഇങ്ങനെ പാടി :

“മാളികമുകൾ ഏറിയ മന്നന്റെ-
തോളിൽ മാറാപ്പു കേറ്റുന്നതും ഭവാൻ
രണ്ടുനാലു ദിനം കൊണ്ടൊരുത്തനെ
തണ്ടിലേറ്റി നടത്തുന്നതും ഭവാൻ.

കണ്ടുകണ്ടങ്ങിരിക്കും ജനത്തിനേ
കണ്ടില്ലെന്നു വരുത്തുന്നതും ഭവാൻ”

ദൈവമാണ് ഇതെല്ലാം ചെയ്യുന്നതെന്നാണ് അദ്ദേഹം പറയുന്നത്. ദൈവം തമ്പുരാനേ അറിയൂ നമുക്ക് അടുത്ത നിമിഷം എന്തു സംഭവിക്കുമെന്ന്.

നമുക്ക് വീണ്ടും വചനത്തിലേക്ക് നോക്കാം.

> “ആ പുരുഷൻ രഥത്തിൽ നിന്നിറങ്ങി നിന്നെ എതിരേറ്റപ്പോൾ എന്റെ ഹൃദയം നിന്നോട് കൂടെ പോന്നിരുന്നില്ലയോ? ദ്രവ്യം സമ്പാദിപ്പാനും വസ്ത്രം, ഒലിവുതോട്ടം, മുന്തിരിത്തോട്ടം, ആടുമാടുകൾ, ദാസീദാസന്മാർ എന്നീ വക മേടി

പ്പാനും ഇതാകുന്നുവോ സമയം?"

2 രാജാക്കന്മാർ 5 : 26

പ്രവാചകൻ പ്രവാചക ശിഷ്യനോട് ചോദിക്കുകയാണ്. എലീശാ ഗേഹസിയോടു ചോദിക്കുകയാണ്. വസ്ത്രം, ഒലിവു തോട്ടം, മുന്തിരിത്തോട്ടം ഇതെല്ലാം മേടിക്കുവാൻ ഇതാണോ സമയം എന്ന്. നീ സമ്പാദിച്ചു കൂട്ടുന്നത് ആർ അനുഭവിക്കും?

സങ്കീർത്തനക്കാരൻ എന്തു പറയുന്നു എന്നു നോക്കാം.

> യഹോവേ, എന്റെ അവസാനത്തേയും എന്റെ ആയുസ്സ് എത്ര എന്നതിനെയും എന്നെ അറിയിക്കേണമേ, ഞാൻ എത്ര ക്ഷണികൻ എന്നു ഞാൻ അറിയുമാറാകട്ടെ. ഇതാ, നീ എന്റെ നാളുകളെ നാലുവിരൽ നീളമാക്കിയിരിക്കുന്നു. എന്റെ ആയുസ്സ് നിന്റെ മുമ്പാകെ ഏതുമില്ലാത്തതുപോലെയിരിക്കുന്നു, ഏതു മനുഷ്യനും ഉറച്ചു നിന്നാലും ഒരു ശ്വാസമത്രേ. മനുഷ്യരൊക്കെയും വെറും നിഴലായി നടക്കുന്നു നിശ്ചയം, അവർ വ്യർത്ഥമായി പരിശ്രമിക്കുന്നു നിശ്ചയം, അവർ ധനം സമ്പാദിക്കുന്നു, ആർ അനുഭവിക്കും എന്നറിയുന്നില്ല." സങ്കീർത്തനങ്ങൾ 39 : 4 – 6

അതെ കാലം തീരാറായിരിക്കുന്നു. അതിനാൽ കൂടി വരുവിൻ. സുവിശേഷം പരത്തുവാൻ കൂടി വരുവിൻ. സുവിശേഷം ഉൽഘോഷിക്കുവാൻ കൂടി വരുവിൻ.

സുവിശേഷത്തിനു വേണ്ടി സഭകൾ ഒത്തൊരുമിച്ച് പ്രവർത്തിക്കണം. സുവിശേഷവത്കരണം, അതാവട്ടെ നമ്മുടെ ലക്ഷ്യം. ഇന്നു സഭകൾ അതിൽ നിന്നും വ്യതിചലിച്ച് പോയിരിക്കുകയാണ്. ഇനി കക്ഷി പറയാതെ പക്ഷം പറ

യാതെ സുവിശേഷം വ്യാപിപ്പിക്കുവാൻ നമ്മൾ കൂടി വരണം.

പൈസയില്ലാത്തതുകൊണ്ട് ദൈവവേല മുടങ്ങുകയില്ല. വിശുദ്ധന്മാർ ഉണ്ടെങ്കിൽ വേല മുടങ്ങുകയില്ല. നാം വിശുദ്ധരായിത്തീരണം.

ആരോടും പൈസ ചോദിക്കണ്ടാ. ആരോടും പൈസ പിരിക്കണ്ട. നാം ഓരോരുത്തരും യേശുവിന്റെ ഭാവമുള്ളവരായി, വിശുദ്ധിയോടെ നിന്നാൽ വേല മുടങ്ങുകയില്ല. നിങ്ങൾ വിശുദ്ധിയോടെ നിൽക്കുക.

ഇതുവരെ നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ലായിരിക്കും. എന്നാൽ ഇന്നു മുതൽ നിങ്ങൾ വിശുദ്ധിയോടെ നിന്നാൽ വേല തുടങ്ങാം. നിങ്ങളുടെ കുടുംബത്തിൽ ആദ്യം വേല തുടങ്ങാം. സുവിശേഷം ആരംഭിക്കാം. ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധത്തിൽ, മാതാപിതാക്കളും മക്കളുമായുള്ള ബന്ധത്തിൽ, നിങ്ങളുടെ സ്വഭാവം മാറിയാൽ സുവിശേഷത്തിന്റെ മാധുര്യം പകർന്നു കൊടുക്കുവാൻ നിങ്ങൾക്കു സാധിക്കും. നിങ്ങളുടെ ജോലി രംഗത്ത്, ക്ലാസ് മുറിയിൽ, ഹോസ്റ്റലിൽ, ഓഫീസിൽ, എല്ലാം നമുക്ക് സുവിശേഷത്തിന്റെ മാധുര്യം പകർന്നു നൽകാം. നമ്മുടെ ജീവിതം കണ്ട് മറ്റുള്ളവർ തിരിഞ്ഞു വരണം. അതെ ഒരുമിച്ച് കൂടി വരുവിൻ.

എബ്രായ ലേഖന കർത്താവ് പറയുന്നു :

> “ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭാ യോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ട് സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം

> സൂക്ഷിച്ചു കൊൾക. നാൾ സമീപിക്കുന്നു എന്നു കാണുംതോറും അതു അധികമധികമായി ചെയ്യേണ്ടതാകുന്നു." എബ്രായർ 10 : 24 - 25

സുവിശേഷ വേല ചെയ്യുക. കൂടി വരിക. യഹോവയുടെ മഹാദിവസം വരും മുമ്പേ സുവിശേഷം പ്രസംഗിക്കുക. ദൈവവചനം അറിയിക്കുക. നാൾ സമീപിക്കുന്നു എന്നു കാണുന്തോറും ദൈവവേല അധികമധികമായി ചെയ്യുക.

രണ്ട് : മനഃപരിവർത്തനം (Conversion)

> "എന്നാൽ ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ്ണ ഹൃദയത്തോടും ഉപവാസത്തോടും കരച്ചിലോടും വിലാപത്തോടുംകൂടെ എങ്കലേക്കു തിരിവിൻ. എന്ന് യഹോവയുടെ അരുളപ്പാട്."
>
> യേവേൽ 2 : 12

വൈകിപ്പോയി. ഇപ്പോഴെങ്കിലും പൂർണ്ണഹൃദയത്തോടെ യഹോവയിലേക്കു തിരിയുവിൻ. മാനസാന്തരപ്പെടുവിൻ, മനം മാറ്റുവിൻ, രൂപാന്തരപ്പെടുവിൻ.

എങ്ങനെ തിരിയണം?

> "വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെ തന്നേ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്കു തിരിവിൻ." യോവേൽ 2 : 13

ഹൃദയം കീറുക. ഹൃദയത്തിനു മാറ്റം വരണം. പുറമെയുള്ള മാറ്റമല്ല അത്. ഹൃദയത്തിലാണ് മാറ്റം വരേണ്ടത്. മനഃപരിവർത്തനം ഇല്ലെങ്കിൽ, സ്വഭാവം മാറിയില്ലെങ്കിൽ നമുക്ക് സമാധാനം കിട്ടുകയില്ല. എന്തെല്ലാം ഉണ്ടെങ്കിലും നമുക്ക് സ്വസ്ഥത കിട്ടുകയില്ല. മാനസാന്തരപ്പെട്ടാൽ നമുക്ക്

ഒന്നും ഇല്ലെങ്കിലും സമാധാനം ഉണ്ടായിരിക്കും. നമുക്ക് രോഗം ആയിരിക്കാം, ദുരിതം ആയിരിക്കാം. ഈ ലോകത്ത് നമുക്ക് വിലയില്ലായിരിക്കാം. പക്ഷേ നമുക്ക് മാനസാന്തരം ഉണ്ടെങ്കിൽ എല്ലാമുണ്ട്.

പ്രവാചകൻ പറയുന്നതുപോലെ കരച്ചലോടും വിലാപ ത്തോടും ഉപവാസത്തോടും കൂടെ തിരിഞ്ഞു വരണം.

മൂന്ന് – ഹൃദയ നുറുക്കം (Contrition)

> "ഹൃദയം നുറുങ്ങിയവർക്കു യഹോവ സമീപ സ്ഥൻ, മനസ്സു തകർന്നവരെ അവൻ രക്ഷിക്കു ന്നു." സങ്കീർത്തനങ്ങൾ 34 : 18

ഏതു ഘോരപാപം ചെയ്തവരെയും, ഏതു ഹീനകാര്യം ചെയ്തവരെയും കർത്താവ് രക്ഷിക്കും. അവൻ ഹൃദയം തകർന്ന്, നുറുങ്ങി വിലപിച്ചാൽ കർത്താവ് വിടുവിക്കും, രക്ഷിക്കും.

റിബേക്കാ ബ്രൗണിന്റെ "അവൻ ബന്ധിതരെ മോചിപ്പി ക്കാൻ വന്നു" എന്ന പുസ്തകത്തിൽ ശിശുഹത്യയെക്കുറിച്ച് (Abortion) പറയുന്നുണ്ട്. ഇങ്ങനെ വളരെ ഹീനമായ കാര്യ ങ്ങൾ ചെയ്തവർക്കും കർത്താവിന്റെ രക്തത്താൽ മോചനം ഉണ്ട്. ഹൃദയം തകർന്നു കരഞ്ഞാൽ കർത്താവ് കേൾക്കും. അവൻ വിടുവിക്കും. അനുതപിക്കുന്ന പാപിയെച്ചൊല്ലി സ്വർഗ്ഗം സന്തോഷിക്കും. നിങ്ങൾ ഹൃദയം നുറുങ്ങി, ചെയ്തു പോയ തെറ്റുകളെക്കുറിച്ച് അനുതപിച്ചു കരയുമെങ്കിൽ കരു ണയുള്ള കർത്താവ് അത് കേൾക്കും.

അനുതാപം നിങ്ങൾക്കു വരുമെങ്കിൽ നിങ്ങൾക്ക് രക്ഷ പ്പെടാം. കാരണം "യേശുവിന്റെ രക്തം സകല പാപവും

പോക്കി നമ്മെ ശുദ്ധീകരിക്കും.”

ഏതു ഹീന പാപിക്കും മോചനം ഉണ്ട്. ഓരോരുത്തരും സ്വന്തം പാപത്തെയോർത്ത് അനുതപിച്ച് കരയണം. ഭാര്യ യുടെ പാപത്തെ ഓർത്ത് ഭർത്താവും, മക്കളുടെ പാപത്തെ യോർത്ത് മാതാപിതാക്കളും അങ്ങനെ അവനവന്റെ പാപവും മറ്റുള്ളവരുടെ പാപവും ഓർത്തു കരഞ്ഞാൽ മാത്രമേ രക്ഷ യുള്ളൂ.

സങ്കീർത്തനക്കാരൻ പറയുന്നു.

> “ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരി ക്കുന്ന മനസ്സ്, തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവമേ നീ നിരസിക്കുകയില്ല.”
> സങ്കീർത്തനങ്ങൾ 51 : 17

> “എങ്കിലും അരിഷ്ടനും മനസ്സു തകർന്നവനും എന്റെ വചനത്തിങ്കൽ വിറയ്ക്കുന്നവനുമായ മനു ഷ്യനെ ഞാൻ കടാക്ഷിക്കും.” യെശയ്യാവ് 66 : 2

തകർന്നും നുറുങ്ങിയുമുള്ള ഹൃദയത്തെ കർത്താവ് മാനി ക്കും. നിങ്ങൾ കരഞ്ഞ്, പാപത്തെ ഏറ്റു പറഞ്ഞ്, അനുത പിച്ച് പ്രാർത്ഥിക്കുവിൻ. യേശുവിന്റെ രക്തം നിങ്ങളെ ശുദ്ധീ കരിപ്പാൻ മതിയായതാണ്. നിങ്ങൾ വിശ്വസിക്കുവിൻ. എന്റെ ശരീരത്തിലെ ഓരോ അവയവത്തിലും അവിടുത്തെ തിരുര ക്തത്തിന്റെ മുദ്രപതിപ്പിക്കണമേ. യേശുവേ എന്റെ ഓരോ അവയവം അവയവം പ്രതിയായി അവിടുത്തെ തിരുരക്തം തളിക്കണമേ. എന്റെ ചിന്തകളെ കഴുകണമേ. എന്റെ മനോ വിചാരങ്ങളെ കഴുകണമെ, എന്റെ ഓരോ കോശത്തെയും കഴുകണമേ, കർത്താവെ, അവിടത്തെ തിരുരക്തത്താൽ എന്റെ കൈകളെ വെടിപ്പാക്കണമെ.

ഹൃദയം നുറുങ്ങി കരയുവിൻ. അനുതപിപ്പിൻ. നിങ്ങളുടെ പാപം കടുംചുവപ്പ് ആണെങ്കിലും ഹിമം പോലെ അത് മാറ്റിത്തരും.

നാല്, വിളിച്ചപേക്ഷിപ്പിൻ (Supplication)

> "എന്നാൽ യഹോവയുടെ നാമം വിളിച്ചപേക്ഷിക്കുന്നവൻ ഏവനും രക്ഷിക്കപ്പെടും."
> യോവേൽ 2 : 32

നിങ്ങൾ കരഞ്ഞു വിളിച്ചാൽ കർത്താവ് നിങ്ങളെ രക്ഷിക്കും. വിളിച്ചപേക്ഷിപ്പിൻ. മുടങ്ങാതെ വിളിപ്പിൻ.

> "ദിവസം പ്രതി എന്റെ പടിവാതിൽക്കൽ ജാഗരിച്ചും എന്റെ വാതിൽക്കട്ടളെക്കൽ കാത്തുകൊണ്ടും എന്റെ വാക്കു കേട്ടനുസരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ." സദൃശവാക്യങ്ങൾ 8 : 34

വിളിച്ചപേക്ഷിപ്പിൻ, എങ്ങനെ വിളിക്കണം? എത്രത്തോളം വിളിക്കണം. ഓരോ ദിവസവും കർത്താവിന്റെ സന്നിധിയിൽ ജാഗരിക്കണം. നിമിഷം പ്രതി കടന്നു ചെല്ലണം. ചോദിച്ചു ഓരോ കാര്യവും വാങ്ങണം.

പ്രിയപ്പെട്ടവരേ, നാം ദൈവത്തോട് ചോദിച്ചു വാങ്ങണം. മക്കളെ ചോദിച്ചു വാങ്ങണം. വിവാഹം ചോദിച്ചു വാങ്ങണം. ജോലി ചോദിച്ചു വാങ്ങണം. ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും അത്യന്തം പരമായി തരുവാൻ കർത്താവ് മതിയായവൻ ആണ്. വിശ്വാസത്തോടെ ചോദിക്കണം. ചോദിക്കാത്തതു കൂടി കർത്താവ് തരും.

അഞ്ച്, നിരപ്പു പ്രാപിക്കുക (Reconciliation)

> "യഹോവയുടെ വലുതം ഭയങ്കരവുമായ നാൾ

> വരുന്നതിന് മുമ്പേ ഞാൻ നിങ്ങൾക്കു ഏലീയാ പ്രവാചകനെ അയയ്ക്കും. ഞാൻ വന്ന് ഭൂമിയെ സംഹാര ശപഥം കൊണ്ടു ദണ്ഡിപ്പിക്കാതിരിക്കേണ്ടതിന്നു അവൻ അപ്പന്മാരുടെ ഹൃദയം മക്കളോടും മക്കളുടെ ഹൃദയം അപ്പന്മാരോടും നിരപ്പിക്കും.” മാലാഖി 4 : 5 – 6

അതിവേഗം നിരന്നു കൊൾവിൻ.

കുറെ നാൾ മുമ്പ് ഒരാൾ എന്നെക്കാണുവാൻ വന്നു. അയാളും ഭാര്യയും തമ്മിൽ പിരിഞ്ഞു കഴിയുകയാണ്. ഡൈവോഴ്സിന്റെ വക്കോളമെത്തി. ഒരു തരത്തിലും യോജിക്കാൻ സാധിക്കാത്ത അവസ്ഥ. എന്നാൽ ഭാഗ്യവശാൽ അവർ ദൈവത്തിന്റെ വചനം കേട്ടു. മനം തിരിഞ്ഞു. പ്രശ്നമെല്ലാം പറഞ്ഞു തീർത്തു. അവർ ഭാര്യയും ഭർത്താവും ഒരുമിച്ച് പിന്നീട് എന്നെ കാണുവാൻ വന്നു. ഞാൻ പറഞ്ഞു, ഇപ്പോൾ ഇവിടെ കലഹിച്ചിരുന്നാൽ ഒരു നാൾ കടന്നു ചെല്ലുമ്പോൾ ദൈവരാജ്യത്ത് എത്തുകയില്ല എന്ന്. ഇന്ന് സന്തോഷത്തോടെ നിരപ്പു പ്രാപിച്ചു കൊണ്ട് ഐക്യത്തോടെ കഴിയുന്നു.

നിങ്ങൾ ചിന്തിക്കുവിൻ. നിങ്ങൾ ആരോടെങ്കിലും പിണങ്ങിയിരിക്കുന്നുണ്ടോ? ഭാര്യയും ഭർത്താവും തമ്മിൽ വേർപിരിഞ്ഞാണോ ഇരിക്കുന്നത്? ബന്ധുക്കൾ തമ്മിൽ അകൽച്ചയിൽ ആണോ? നിങ്ങൾ ആരോടെങ്കിലും വൈരാഗ്യപ്പെട്ടിരിക്കുകയാണോ?

സ്നേഹിതരേ, നിങ്ങൾ ഭിന്നിക്കരുത്. വേഗം നിരന്നു കൊൾവിൻ. ഐകമത്യപ്പെട്ടു കൊൾവിൻ. യഹോവയുടെ വലതും ഭയങ്കരവുമായ ദിവസം വരും മുമ്പേ ഐകമത്യപ്പെട്ടുകൊൾവിൻ. നിരന്നു കൊൾവിൻ. അകന്നിരിക്കുമ്പോൾ

പിശാച് അവിടെ പ്രവർത്തിക്കും. അതുകൊണ്ട് ഐക്യപ്പെടുവിൻ. കർത്താവിന്റെ വരവ് എപ്പോഴാണെന്ന് അറിഞ്ഞുകൂടാ.

നിങ്ങളുടെ ഹൃദയത്തിൽ ചിലരോടു വൈരാഗ്യം ഉണ്ട്. പരിഭവം ഉണ്ട്. അതു മറക്കുക. മറവി ഒരു അനുഗ്രഹമാണ്. നിങ്ങൾ മനഃപൂർവ്വം ക്ഷമിക്കണം. നിങ്ങളുടെ ഹൃദയത്തിൽ ആരോടെങ്കിലും കയ്പ് ഉണ്ടെങ്കിൽ അത് ഇന്നു തന്നെ, ഇപ്പോൾ തന്നെ മാറ്റിക്കളയുക. കോപം വച്ചുകൊണ്ടിരിക്കരുത്. സൂര്യൻ അസ്തമിക്കുവോളം കോപം വച്ചുകൊണ്ടിരിക്കരുത്. മനഃപൂർവ്വം ക്ഷമിച്ചുകൊൾവിൻ. പൊറുത്തുകൊൾവിൻ.

നമ്മുടെ സ്വഭാവം മാറട്ടെ. കോപം മാറട്ടെ. ഹൃദയം മാറട്ടെ. അങ്ങനെ പ്രശാന്തസുന്ദരമായ ഒരു ജീവിതം നമുക്ക് ഉണ്ടാവട്ടെ. നമ്മുടെ ജീവിതത്തിൽ മറ്റുള്ളവരെ കരുതാനും, മറ്റുള്ളവരെ സ്നേഹിക്കാനും, മറ്റുള്ളവരുടെ വേദനയിൽ പങ്കാളിയാകാനും നമുക്ക് കഴിയണം. ഹൃദയത്തിൽ ക്രിസ്തു വന്നാൽ ഇത് സാധിക്കും. നമുക്ക് ഐക്യം വരും. ഒരു മനസ്സ് വരും.

ആറ് : അഭിഷേകം പ്രാപിക്കുക (Annointment)

> “അതിന്റെ ശേഷമോ, ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും. നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും. നിങ്ങളുടെ യൗവ്വനക്കാർ ദർശനങ്ങളെ ദർശിക്കും. ദാസന്മാരുടെ മേലും ദാസിമാരുടെ മേലും കൂടെ ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും.”
>
> യോവേൽ 2 : 28 – 29

യഹോവയുടെ വലതും ഭയങ്കരവുമായ ദിവസം വരും മുമ്പേ അഭിഷേകം പ്രാപിപ്പിൻ. പരിശുദ്ധാത്മാവിനെ പ്രാപിപ്പിൻ. ആത്മാവിന്റെ തീ പ്രാപിപ്പിൻ.

"തീയല്ലോ ഈ മദ്ബഹാ
തീയതിനെ ചുറ്റുന്നു."

എന്നു നാം പാടുന്നു. കഹനകളേ (പട്ടക്കാരേ) നിങ്ങൾ വിറയലോടെ നില്പിൻ. ഇതെല്ലാം നമ്മൾ പാടിയാൽ മാത്രം പോരാ. അത് അനുഭവിക്കണം.

നമ്മുടെ ഹൃദയത്തിലേക്ക് നോക്കാം. എന്റെ ഹൃദയത്തിൽ പരിശുദ്ധാത്മാവ് വസിക്കുവാൻ തക്കവണ്ണം ഞാൻ വിശുദ്ധനായോ? ഓരോരുത്തരും ചിന്തിക്കുവിൻ. പരിശുദ്ധാത്മാവ് ഹൃദയത്തിൽ വന്നാൽ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ബോധം വരും.

ഏഴ് : സ്തുതിയും ആരാധനയും (Praise & Worship)

> "സീയോൻ പുത്രിയേ ഘോഷിച്ചാനന്ദിക്ക, യിസ്രായേലേ, ആർപ്പിടുക, യെരുശലേം പുത്രിയേ, പൂർണ്ണ ഹൃദയത്തോടെ സന്തോഷിച്ചുല്ലസിക്ക."
> സെഫന്യാവ് 3 : 14

യഹോവയുടെ വലുതം ഭയങ്കരവുമായ ദിവസം വരും മുമ്പേ നമ്മൾ സ്തുതിയും ആരാധനയും തുടങ്ങണം. സ്തുതിയുടെ തേര് ഇറങ്ങണം. ഹൃദയത്തിൽ നിന്ന് സ്തുതി ഉയരണം.

നാം വചനം കേട്ട് മാനസാന്തരപ്പെട്ട്, ഹൃദയം തകർന്ന് കർത്താവിനെ വിളിച്ചപേക്ഷിച്ചാൽ അവൻ കേൾക്കും. നമ്മുടെ ഹൃദയം വിശുദ്ധീകരിച്ച് നിരപ്പായാൽ പരിശുദ്ധാത്മാവ് നമ്മുടെ

ഹൃദയത്തിൽ വരും. അങ്ങനെ ആത്മാവിന്റെ അഭിഷേകം ലഭിച്ചാൽ നമുക്ക് സ്തുതി തുടങ്ങാം. ആരാധന തുടങ്ങാം.

സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ച്ചയും മാഞ്ഞുപോകാത്ത നല്ല ഉന്നതിയും സദാ കരേറ്റുവാൻ ഞങ്ങളെ യോഗ്യരാക്കണമേ എന്ന് ധ്യാനിക്കാറുണ്ട്. പക്ഷേ ഇത് ഹൃദയത്തിൽ നിന്നു വരണം. പുറമേ സ്തുതിയും സ്തോത്രവും പറഞ്ഞിട്ട് കാര്യമില്ല. ചടങ്ങുകൾ അല്ല, അനുഭവം ആണ് വേണ്ടത്. പക്ഷേ ജീവിതത്തിൽ സ്തുതി വരണമെങ്കിൽ ഹൃദയം തിരിയണം. മനസ്സ് രൂപാന്തരപ്പെടണം.

യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരും മുമ്പേ നമുക്ക് ഒരുങ്ങണം. നാളത്തെ ദിവസം നമുക്ക് ഉള്ളതല്ല. നാളെ വല്ല ഭൂകമ്പവും വന്നാൽ, ഭൂമി കുലുക്കം വന്നാൽ നാം ഈ ലോകത്ത് ഉണ്ടായിരിക്കുകയില്ല. അതുകൊണ്ട് നമുക്ക് ഇന്നു തന്നെ, ഈ നിമിഷം തന്നെ കർത്താവിനെ ഹൃദയത്തിലേക്ക് കൈക്കൊള്ളണം. നമുക്ക് മനം തിരിയാം.

കർത്താവേ നിന്റെ കരം എന്റെ മേൽ വയ്ക്കണം. നിന്റെ കൃപ എന്റെ മേൽ പകരണം. നമുക്ക് സമർപ്പിക്കാം.

യേശുവേ അവിടുത്തെ തിരുരക്തം എന്റെ മേൽ പകരണമേ. യേശുവേ ഇന്നു മുതൽ ഞാൻ പുതിയ സൃഷ്ടി.

കരുണയുള്ള കർത്താവേ, എന്നോട് മനസ്സലിയണമേ. കരുണയുള്ള ദൈവമേ എന്നോട് കൃപ തോന്നണമേ. നിന്റെ തിരുരക്തം പുരണ്ട കരം എന്റെ മേൽ വയ്ക്കണമേ. യേശുവിന്റെ രക്തം സകല പാപവും പോക്കി ശുദ്ധീകരിക്കുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. യേശുക്രിസ്തുവിന്റെ രക്തം എന്റെ പാപക്കറകളെ കഴുകിത്തരും എന്നു ഞാൻ വിശ്വസി

ക്കുന്നു. നിന്റെ ആത്മാവിനെ എന്നിൽ പകരണമേ. സ്വർഗ്ഗീയ ശക്തി എന്റെ മേൽ ഇറങ്ങണമേ. യേശുവേ ഞാനിതാ എന്നെ സമർപ്പിക്കുന്നു. യേശുവേ ഇന്നുമുതൽ ഞാൻ അവിടുത്തെ വക.

## പതിമൂന്ന്

"ഇത് സാക്ഷീകരിക്കുന്നവൻ : അതേ, ഞാൻ വേഗം വരുന്നു എന്ന് അരുളിച്ചെയ്യുന്നു. ആമേൻ കർത്താവായ യേശുവേ, വരേണമേ. കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ, ആമേൻ."

വെളിപാട് 22 : 20–21

വിശുദ്ധ വേദപുസ്തകത്തിന്റെ അവസാന വാക്യങ്ങളാണിവ. ഈ വാക്യങ്ങളിൽ മൂന്ന് കാര്യങ്ങളുണ്ട്.

ഒന്ന് : അവസാനത്തെ വാഗ്ദത്തം. The last promise, അതേ, ഞാൻ വേഗം വരുന്നു.

രണ്ട് : അവസാനത്തെ പ്രാർത്ഥന. The last Prayer, ആമേൻ, കർത്താവായ യേശുവേ, വരണമേ.

മൂന്ന് : അവസാനത്തെ സജ്ജീകൃതാനുഗ്രഹം. The last

> provision – കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ, ആമേൻ."

യേശുക്രിസ്തു വീണ്ടും വരുമെന്ന കാര്യം ഒരു കെട്ടുകഥയായി കരുതുന്ന ആളുകളുണ്ട്. എന്നാൽ വി. വേദപുസ്തകത്തിൽ കർത്താവിന്റെ പുനരാഗമനത്തെക്കുറിച്ച് 198 പ്രവചനങ്ങളുണ്ട്. ബൈബിളിലെ 18 വാക്യങ്ങളിൽ ഒന്നു വീതം പ്രത്യക്ഷമായോ പരോക്ഷമായോ ക്രിസ്തുവിന്റെ പുനരാഗമനത്തെ പരാമർശിക്കുന്നു. ഉപമകളും സാദൃശ്യങ്ങളും നോക്കുമ്പോൾ മൂവായിരത്തോളം വേദഭാഗങ്ങളിൽ യേശുക്രിസ്തു വീണ്ടും വരും എന്ന് കാണാം.

ക്രിസ്തുതന്നെ തന്റെ പുനരാഗമനത്തെക്കുറിച്ച് പ്രസ്താവിച്ചിട്ടുണ്ട്. ക്രൂശിലേക്കും പീഡാനുഭവത്തിലേക്കും പോകുന്നതിന് മുമ്പ് തന്റെ പതിനൊന്നു ശിഷ്യന്മാരോട് ചെയ്ത പ്രസംഗത്തിൽ (വി. യോഹന്നാൻ 14, 15, 16 അദ്ധ്യായങ്ങൾ) ആദ്യഭാഗത്തു തന്നെ താൻ വീണ്ടും വരുമെന്ന് പറഞ്ഞിട്ടുണ്ട്.

> "...ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തു കൊള്ളും."
>
> യോഹ. 14 : 2 – 3

സ്വർഗ്ഗീയ മാലാഖമാർ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ച് ശിഷ്യന്മാർക്ക് വാഗ്ദാനം നൽകി. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണ സമയത്ത് സ്വർഗ്ഗീയ ദൂതന്മാർ പറഞ്ഞു.

"ഗലീല പുരുഷന്മാരേ, നിങ്ങൾ ആകാശത്തി ലേക്ക് നോക്കി നില്ക്കുന്നതെന്ത്? നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ട തുപോലെ തന്നെ അവൻ വീണ്ടും വരും."
അപ്പോ. പ്രവൃത്തികൾ 1 : 11

അപ്പോസ്തലനായ പൗലോസ് പറയുന്നു.

"കർത്താവ് താൻ ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹള ത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരി കയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെ ഴുന്നേൽക്കയും ചെയ്യും." 1 തെസ്സ 4 : 16

നമ്മുടെ കർത്താവ് വരുന്നു. 1 കൊരി. 16 : 22

"ക്രിസ്തുവും... തനിക്കായി കാത്തു നിൽക്കു ന്നവരുടെ രക്ഷയ്ക്കായി പാപം കൂടാതെ രണ്ടാ മത് പ്രത്യക്ഷനാകും." എബ്രാ. 9 : 28

"നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാകുന്നു, അവിടെ നിന്ന് കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്ന് നാം കാത്തിരിക്കു ന്നു." ഫിലിപ്യർ 3 : 20

"അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ കുടിക്കുകയും ചെയ്യുമ്പോഴൊ ക്കെയും കർത്താവ് വരുവോളം അവന്റെ മര ണത്തെ പ്രസ്താവിക്കുന്നു." 1 കൊരിന്ത്യർ 11 : 26

"നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും മഹാ

ദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായിട്ടും കാത്തുകൊണ്ട്." തീത്തോസ് 2 : 12

അപ്പോസ്തലനായ പത്രോസ് ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

"ഇടയ ശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ നിങ്ങൾ തേജസ്സിന്റെ വാടാത്ത കിരീടം പ്രാപിക്കും." 1 പത്രോസ് 5 : 4

"അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും." 1 പത്രോസ് 4 : 13

"ചിലർ താമസം എന്ന് വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തപ്പെടുവാൻ അവൻ ഇച്ഛിച്ച് നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ. കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും." 2 പത്രോസ് 3 : 9 – 10

യോഹന്നാൻ അപ്പോസ്തലൻ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക.

"അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കും പോലെതന്നേ കാണുന്നതാകകൊണ്ട് അവനോട് സദൃശന്മാർ ആകും എന്നറിയുന്നു." 1 യോഹ 3 : 2

"കർത്താവിന്റെ പ്രത്യക്ഷത സമീപിച്ചിരിക്കു

ന്നു.” യാക്കോബ് 5 : 8

‘‘ഇതാ, ന്യായാധിപതി വാതില്ക്കൽ നിൽക്കുന്നു.” യാക്കോബ് 5 : 9

യൂദായുടെ ലേഖനത്തിൽ ഹാനോക്കിനെ ഉദ്ധരിച്ചുകൊണ്ട് യൂദാ എഴുതിയിരിക്കുന്നു.

“ആദാം മുതൽ ഏഴാമനായ ഹാനോക്കും ഇവരെക്കുറിച്ച് : ഇതാ, കർത്താവ് എല്ലാവരെയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകല പ്രവൃത്തികളും നിമിത്തം ഭക്തികെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകല നിഷ്ഠൂരങ്ങളും നിമിത്തവും ഭക്തികെട്ടവരെ ഒക്കെയും ബോധം വരുത്തുവാനും ആയിരം ആയിരം വിശുദ്ധന്മാരോടു കൂടി വന്നിരിക്കുന്നു.”
യൂദാ 14 : 15

സഭയിലെ 318 പിതാക്കന്മാർ ഒരുമിച്ചു കൂടി ക്രോഡീകരിച്ച നിഖ്യാ വിശ്വാസ പ്രമാണത്തിന്റെ രണ്ടാം ഖണ്ഡികയിലും നാലാം ഖണ്ഡികയിലും ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെ വിശ്വസിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

“ജീവനുള്ളവരേയും മരിച്ചവരേയും ന്യായം വിധിപ്പാൻ തന്റെ വലിയ മഹത്ത്വത്തോടെ ഇനിയും വരുവാനിരിക്കുന്ന.... യേശു മിശിഹായിൽ ഞങ്ങൾ വിശ്വസിക്കുന്നു.”

വി. കുർബ്ബാനയുടെ ഏറ്റവും ഗൗരവമേറിയ സമയത്ത് വിശ്വാസികൾ പ്രാർത്ഥിക്കുന്നു.

“ഞങ്ങളുടെ കർത്താവേ, നിന്റെ മരണത്തെ ഞങ്ങൾ ഓർക്കുകയും നിന്റെ ഉയിർത്തെഴുന്നേല്പിനെ ഏറ്റു പറയു

കയും നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിനായി നോക്കി പ്പാർക്കുകയും ചെയ്യുന്നു."

ക്രിസ്തീയ വിശ്വാസത്തിൽ മഹത്വകരമായ പ്രത്യാശ ക്രിസ്തു വീണ്ടും വരുമെന്നും വിശുദ്ധന്മാരെ ചേർക്കും എന്നുമുള്ളതത്രേ. ക്രിസ്തു വരുമ്പോൾ മരിച്ച വിശുദ്ധന്മാർ ഉയിർത്തെഴുന്നേല്ക്കും, ജീവനോടിരിക്കുന്ന വിശുദ്ധന്മാർ രൂപാന്തരപ്പെടും. അവർ എക്കാലവും ക്രിസ്തുവിനോടു കൂടെ ഇരിക്കും.

യേശുക്രിസ്തുവിന്റെ ഒന്നാമത്തെ വരവിനെക്കുറിച്ച് ബൈബിളിൽ നൽകിയിരിക്കുന്ന പ്രവചനങ്ങളെല്ലാം നിറവേ റി.

അവൻ (സ്ത്രീയുടെ സന്തതി) നിന്റെ (പാമ്പിന്റെ - പിശാ ചിന്റെ) തല തകർക്കും. ഉല്പത്തി. 3 : 15 എന്ന് ആദ്യപുസ്ത കത്തിൽ പറഞ്ഞിരിക്കുന്നത് ക്രിസ്തു സ്ത്രീയുടെ സന്തതി യായി ജനിക്കും എന്നതിന്റെ തെളിവാണ്.

> "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവി ക്കും."
> യെശയ്യാ 7 : 14

എന്ന് യെശയ്യാവ് ക്രിസ്തുവിന്റെ ജനനത്തെ കുറിച്ച് ക്രിസ്തുവിന് 750 കൊല്ലം മുമ്പ് പ്രവചിച്ചു.

ക്രിസ്തു ബേത്‌ലഹേമിൽ ജനിക്കുമെന്ന് തിരുജനനത്തിന് 700 ലേറെ വർഷം മുമ്പ് മീഖാ പ്രവചിച്ചു.

> "നീയോ, ബേത്‌ലഹേം എഫ്രാത്തേ, നീ യെഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന് അധിപതിയായിരിക്കേണ്ടുന്നവൻ എനിക്ക് നിന്നിൽ നിന്ന് ഉൽഭവിച്ചു വരും."
> മീഖാ 5 : 2

ക്രിസ്തുവിന്റെ ജനനത്തിന് 1100 വർഷം മുമ്പ് എഴുതപ്പെട്ട ന്യായാധിപന്മാരുടെ പുസ്തകത്തിൽ കാണുന്നു.

"ഞാൻ യഹൂദയിലെ ബേത്‌ലഹേമിൽ നിന്ന് വരുന്ന ഒരു ലേവ്യനാകുന്നു, തരം കിട്ടുന്നേടത്ത് പാർപ്പാൻ പോകയാകുന്നു." ന്യായാ 17 : 9

ക്രിസ്തുവിന്റെ കഷ്ടാനുഭവവും ക്രൂശുമരണവും യെശയ്യാവ് 53 ലും, 63 ലും വിവരിച്ചിരിക്കുന്നു.

ക്രിസ്തുവിന്റെ ഹോശന്നാ ഘോഷയാത്ര 650 വർഷം മുമ്പ് സെഖര്യാവ് പ്രവചിച്ചു.

"സീയോൻ പുത്രിയേ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക, യരൂശലേം പുത്രിയേ, ആർപ്പിടുക! ഇതാ, നിന്റെ രാജാവ് നിന്റെ അടുക്കൽ വരുന്നു, അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനുമായി കഴുതപ്പുറത്തും പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറിവരുന്നു."

സെഖര്യാവ് 9 : 9

ക്രിസ്തുവിനെ മുപ്പതു വെള്ളിക്കാശിന് ഒറ്റിക്കൊടുക്കുന്ന കാര്യവും സെഖര്യാവ് പ്രവചിച്ചു :

"...അങ്ങനെ അവർ എന്റെ കൂലിയായി മുപ്പതു വെള്ളിക്കാശ് തൂക്കിത്തന്നു. എന്നാൽ യഹോവ എന്നോട് : അത് ഭണ്ഡാരത്തിൽ ഇട്ടുകളക, അവർ എന്നെ മതിച്ചിരിക്കുന്ന മനോഹരമായോരു വില തന്നേ എന്നു കല്പിച്ചു. അങ്ങനെ ഞാൻ ആ മുപ്പതുവെള്ളിക്കാശു വാങ്ങി യഹോവയുടെ ആലയത്തിലെ ഭണ്ഡാരത്തിൽ ഇട്ടു കളഞ്ഞു." സെഖ. 11 : 12 – 13

ക്രിസ്തു ക്രൂശിൽ കിടന്ന് നിലവിളിച്ച നാലാമത്തെ തിരു മൊഴി ആയിരം വർഷം മുമ്പ് ദാവീദ് പ്രവചിച്ചു.

> "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്?" സങ്കീ. 22 : 1

ഒന്നാമത്തെ വരവിനെക്കുറിച്ച് ബൈബിളിൽ പറഞ്ഞ എല്ലാ പ്രവചനങ്ങളും, ഒന്നൊഴിയാതെ നിറവേറിയെങ്കിൽ രണ്ടാമത്തെ വരവിനെക്കുറിച്ചുള്ളതും നിറവേറുക തന്നെ ചെയ്യും.

ആകയാൽ നമുക്ക് വിശുദ്ധിയെ തികയ്ക്കാം, വേലയെ തികയ്ക്കാം. ക്രിസ്തുവിന്റെ പുനരാഗമനത്തിനു വേണ്ടി ഒരുങ്ങാം.

# ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭ ഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ ?
14. നീതിമാൻ ആകുന്നതെങ്ങനെ ?
15. തുറന്ന വാതിൽ
16. വരവും ചെലവും
17. ദൈവരാജ്യം
18. AMRUTHADHARA (ENGLISH)
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്

*(Contd..)*

22. പരിശുദ്ധാത്മ വ്യാപാരം
23. പരിശുദ്ധാത്മ ശക്തി
24. ഉത്തമ ഗീതം
25. സങ്കേത നഗരങ്ങൾ
26. മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടു തോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല, പ്രവാചക ശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. Glittering Future (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERTS (English)
41. WAY TO LIBERATION (English)
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?

## അമൃതധാര ടി.വി. പ്രോഗ്രാം

| | | |
|---|---|---|
| വെള്ളി | ഏഷ്യാനെറ്റ് ന്യൂസ് ടിവി | : 6.30 AM |
| ശനി | സൂര്യ ടിവി | : 6.30 AM |
| ഞായർ | ജീവൻ ടിവി | : 7.30 AM |

## അമൃതധാര റേഡിയോ പ്രോഗ്രാം

| | | |
|---|---|---|
| ചൊവ്വ<br>ശനി | SW 25 മീറ്റർ | : 7.45 PM |

**പ്രൊഫ. എം.വൈ. യോഹന്നാൻ**

മുൻ പ്രിൻസിപ്പാൾ, സെന്റ് പീറ്റേഴ്സ് കോളേജ്
കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

## CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

| | | |
|---|---|---|
| രണ്ടാം ശനിയാഴ്ച | 9.30 AM – 2.00 PM | മേച്ചങ്കര, പ്രൊഫ. എം.വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് – **കടയിരുപ്പ്** |
| രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 1.00PM – 5.00PM | |
| മൂന്നാം ഞായറാഴ്ച | 1.00PM – 5.00PM | |
| എല്ലാ തിങ്കളാഴ്ചയും | 6.00PM – 8.00PM | |
| എല്ലാ വെള്ളിയാഴ്ചയും *(ബൈബിൾ ക്ലാസ്)* | 6.00PM – 8.00PM | പ്രൊഫ. സി.എം. മാത്യു ചാന്ത്യത്തിന്റെ ഭവനം, **കോലഞ്ചേരി** |
| ഒന്നും മൂന്നും ബുധനാഴ്ചകളിൽ *(യുവാക്കളുടെ സമ്മേളനം)* | 6.30PM – 9.00PM | പ്രൊഫ. സി.എം. മാത്യു ചാന്ത്യത്തിന്റെ ഭവനം, **കോലഞ്ചേരി** |
| ഒന്നാം ചൊവ്വാഴ്ച *(വനിതാ സമ്മേളനം)* | 10.00AM – 12.30PM | നെച്ചുപ്പാടം, ഡോ. കെ.ടി. പൗലോസിന്റെ ഭവനം, **കടയിരുപ്പ്** |

Contd...

| | | |
|---|---|---|
| എല്ലാ ചൊവ്വാഴ്ചയും | 6.30 – 8.30 PM | ഹോട്ടൽ പേൾ മൗണ്ട് ഓഡിറ്റോറിയം, **പുൽപ്പള്ളി** |
| ഒന്നാം ഞായറാഴ്ച | ● 2.30PM – 5.30PM | ശാസ്ത്രി റോഡിലുള്ള ട്രേഡ് സെന്ററിന്റെ മുകളിലത്തെ നില, **കോട്ടയം** |
| | ● 1.30PM – 5.00PM | കാർഷിക വികസന ബാങ്ക് ഓഡിറ്റോറിയം, **അടിമാലി** |
| | ● 3.00PM – 5.00PM | ബേബി ജോസഫ്, 70 ഗ്രേസ് വില്ല, 3 മെയിൻ റോഡ്, കെ. ആർ. ഗാർഡൻ, മുർഗേഷ് പാളയ, **ബാംഗ്ലൂർ – 17** |
| | ● 3.30PM – 6.00PM | ഷാലിമാർ അവന്യൂ, ജെ. എസ്. പോൾ കോർണർ, **കണ്ണൂർ** |
| | ● 2.30PM – 5.300PM | സി. ആർ. എഫ്. സെന്റർ, **മീനങ്ങാടി** |
| | ● 6.30 – 08.30 PM | പാലക്കാടൻ സൗപർണ്ണിക ഓഡിറ്റോറിയം, **കോതമംഗലം** |
| | ● 06.30 – 9.30 PM | ചെമ്പോത്ര ശ്രീ. ബിജുവിന്റെ ഭവനം, കുമ്പഴ, **പത്തനംതിട്ട** |
| | ● 2.30 – 5.30 PM | കിംഗ്സ് ഹോട്ടൽ ഓഡിറ്റോറിയം, **മണ്ണാർകാട്** |
| നാലാം ഞായറാഴ്ച | 2.30PM – 5.00PM | കേള ചന്ദ്ര ഓഡിറ്റോറിയം, **ചിങ്ങവനം** |
| | ● 3.30PM – 6.00PM | ഹോട്ടൽ സ്പാൻ, ജയിൽ റോഡ്, പുതിയറ, **കോഴിക്കോട്** |
| | ● 2.30 – 5.30 PM | പെരിങ്ങാശ്ശേരി ശ്രീ. മാത്യുവിന്റെ ഭവനം, **കുറ്റിയാംചാൽ** |
| | ● 2.30 – 5.00 PM | കോ–ഓപ്പറേറ്റീവ് ബാങ്ക് ഓഡിറ്റോറിയം, **പുൽപ്പള്ളി** |

Contd...

| | | |
|---|---|---|
| | ● 2.30 – 5.00 PM | കരിപ്പുറത്ത് ശ്രീ. ജോണിന്റെ ഭവനം / പാപ്പാലിൽ ശ്രീ തങ്കപ്പന്റെ ഭവനം, **മേലാറ്റൂർ / പുളിയക്കോട്** |
| | ● 6.30 – 8.30 PM | ചെമ്പോത്ര ചേംബേഴ്സ്, **പത്തനംതിട്ട** |
| ഒന്നാം ശനിയാഴ്ച | 5.30PM – 8.30PM | പാലുണ്ട ഗുഡ് ഷെപ്പേർഡ് സ്കൂൾ, **നിലമ്പൂർ** |
| | ● 6.00PM – 8.30PM | എസ്.സി.എം. സ്റ്റുഡന്റ്സ് സെന്റർ, പട്ടം, **തിരുവനന്തപുരം** |
| | ● 6.30PM – 8.300PM | കെ.എം. സീസ് ഹാൾ, 29/47, എംസി നിക്കോൾസ് റോഡ്, ചെട്പട്, **ചെന്നൈ** |
| മൂന്നാം ശനിയാഴ്ച | 6.00PM – 8.00PM | വ്യാപാര ഭവൻ, **മാനന്തവാടി** |
| മൂന്നാം ഞായറാഴ്ച | 6.30 PM – 8.30 PM | വൈ.എം.സി.എ. ഹാൾ, **ചെങ്ങന്നൂർ** |
| | ● 6.30 – 9.00 PM | ഇരുമ്പായിൽ ഓഡിറ്റോറിയം, **പോത്താനിക്കാട്** |
| | ● 6.30 PM – 8.30 PM | വൈ.എം.സി.എ. ഹാൾ, **പെരുമ്പാവൂർ** |
| രണ്ടാം ഞായറാഴ്ച | 6.00 PM – 8.0 PM | വൈ.എം.സി.എ. ഹാൾ, ചിറ്റൂർ റോഡ്, **എറണാകുളം** |
| എല്ലാ ബുധനാഴ്ചയും | 7.30PM – 8.30PM | ശ്രീ. എൻ.പി പൈലിയുടെ ഭവനം/ കൈതാരം ശ്രീ. കെ.വി. തോമസിന്റെ ഭവനം, **കൽപ്പറ്റ** |
| ഒന്നാം വ്യാഴാഴ്ച | 6.30 – 8.30 PM | മുൻസിപ്പൽ ടൗൺ ഹാൾ, **മൂവാറ്റുപുഴ** |
| നാലാം വ്യാഴാഴ്ച | 6.30 – 8.30 PM | ടൗൺ ഹാൾ, **കൂത്താട്ടുകുളം** |